


നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്


സമഗ്ര വികസന റിപ്പോർട്ട്


കേരളം
നടുവണ്ണൂർ പഞ്ചായത്ത്
കോഴിക്കോട് ജില്ല

ജനകീയാസൂത്രണം കേരളത്തിൽ

നടവണ്ണൂർ പഞ്ചായത്ത്

സമഗ്രവികസനരേഖ




ഉള്ളടക്കം

- ആമുഖം
- സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം, ഭൂപ്രകൃതി
- കൃഷിയും ജലസേചനവും
- മൃഗസംരക്ഷണവും മത്സ്യബന്ധനവും
- വിദ്യാഭ്യാസം
- സാംസ്കാരം
- ആരോഗ്യം-കുടിവെള്ളം, പരിസരശുചിത്വം
- ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം
- വ്യവസായം
- ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- വനിതാക്ഷേമം
- പട്ടികജാതി, ക്ഷേമം
- സഹകരണം
- വിഭവസമാഹരണം

നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്


ഭരണസമിതി അംഗങ്ങൾ

പ്രസിഡണ്ട്



പി. ബാലൻ

വൈസ് പ്രസിഡണ്ട്



ടി. പക്കർ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാർ



എ. കുഞ്ഞായൻ കുട്ടി മാസ്റ്റർ

അംഗങ്ങൾ:

- കെ. രാജൻ
- എൻ.പി. കമല
- യു.കെ. ഇബ്രാഹിം കുട്ടി മാസ്റ്റർ
- എം.സി. ചന്ദ്രിക
- കെ.സി. കമല
- എൻ.വി. നഫീസ
- പി. ഗംഗാധരക്കുറുപ്പ്

നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

റവന്യൂജില്ല	:	കോഴിക്കോട്
താലൂക്ക്	:	കൊയിലാണ്ടി
ബ്ലോക്ക്	:	ബാലുശ്ശേരി – ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലത്തിൽപ്പെടുന്നു
ജില്ലാ പഞ്ചായത്ത് മണ്ഡലം	:	നടുവണ്ണൂർ
അസംബ്ലി മണ്ഡലം	:	പേരാമ്പ്ര
പാർലമെന്റ് മണ്ഡലം	:	വടകര
ആദ്യപഞ്ചായത്ത് നിലവിൽ വന്നത്	:	1963
ചുറ്റളവ്	:	22.20
ജനസംഖ്യ	:	22258 (1991 സെൻസസ്)
പുരുഷന്മാർ	:	11103
സ്ത്രീകൾ	:	11155
ജനസാന്ദ്രത	:	1000
അക്ഷരാഭ്യാസമുള്ളവർ	:	17428
വാർഡുകൾ	:	10
പ്രസിഡന്റിന്റെ പേര്	:	[redacted]
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	എ കുഞ്ഞാലൻകുട്ടിമാസ്റ്റർ
പഞ്ചായത്ത് സെക്രട്ടറി	:	എം.സി. ചന്ദ്രൻ

എഡിറ്റോറിയർ ബോർഡ്

- ടി.പി. ദാമോദരൻ
- പി. അച്ചുതൻ
- കെ. രാജൻ
- കമല കെ.സി.
- കുഞ്ഞായൻകുട്ടി മാസ്റ്റർ എ.
- കെ.പി. ആലിമാസ്റ്റർ
- ടി.എം. ശശി
- സുധാകരൻ നമ്പീശൻ പി.
- ഒ.എം. കൃഷ്ണകുമാർ
- എം. രാമുണ്ണി മാസ്റ്റർ
- പി.കെ. നാരായണൻ

കവർ


- പ്രവി മൂലാട്
- എ.എസ്.കെ.എസ്. നടുവണ്ണൂർ

ടൈപ്പ്സെറ്റിംഗ് & ലേഔട്ട്

- സമഗ്ര ഡിടിപി ഗ്രൂപ്പ്, കോഴിക്കോട് – 4
- ലേഔട്ട്സ്, കോഴിക്കോട് – 1

പ്രിന്റിംഗ്

- ദേശാഭിമാനി പ്രസ്സ്


നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്
N
തൊട്ടിൽപ്പാലം റോഡ്
കുറുമ്പൊയിൽ റോഡ്
കൂട്ടാലിട റോഡ്
കുറുമ്പൊയിൽ
കൂട്ടാലിട
കാവുന്തറ
നടുവണ്ണൂർ
പേരാമ്പ്ര
കോഴിക്കോട്

ആമുഖം

സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന വേളയിലാണ് നാമിന്ന്. തിരിഞ്ഞു നോക്കുമ്പോൾ നേട്ടങ്ങളുടെ പട്ടികകൾഒരു പാട് നിരത്താനുണ്ട്.എങ്കിലും നമ്മുടെ മുഴുവൻ ജനതക്കും പ്രാഥമികാവശ്യങ്ങൾ ഏർപ്പെടുത്തുന്നതിൽ വിജയം നേടാൻ ആയിട്ടില്ല. മൊത്തം ഉൽപ്പാദനം വർദ്ധിച്ചിട്ടും ഇല്ലാത്തവരുടെയും ഇല്ലായ്മകളുടെയും പട്ടികകൾ നീളുകയാണ്. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന സത്യം അവഗണിക്കപ്പെടുകയാണ്.

ഓരോ പ്രദേശത്തിന്റെയും തനിമകൾ ഉൾക്കൊള്ളാനാവാത്ത കേന്ദ്രീകൃതപദ്ധതികളാണ് നടപ്പിലാക്കപ്പെട്ടത്. പദ്ധതികൾ തെരഞ്ഞെടുക്കാനും, നടപ്പിൽവരുത്താനും,പരിശോധിക്കാനുമുള്ള അവകാശം ജനങ്ങൾക്കില്ലായിരുന്നു. വിവിധ വകുപ്പുകൾ തമ്മിൽ ബന്ധമില്ലായിരുന്നു. അതുകൊണ്ട് ഡിപ്പാർട്ടുമെൻറലിസത്തിന്റെ മുഖമുദ്രയായി ആസൂത്രണം മാറി.

ഭൂപരിഷ്ക്കരണം നടപ്പിലാക്കിയിട്ടും കാർഷിക മേഖല വളർന്നില്ല. ദുർബലമായിരുന്ന വ്യാവസായിക മേഖല വൈദ്യുതിക്ഷാമം മൂലം അവതാളത്തിലായി. പ്രകീർത്തിക്കപ്പെട്ട സേവനതുറകളിൽ പോലും പുഴുക്കുത്തുകൾ വീണിരിക്കുന്നു! തൊഴിലില്ലായ്മ റിക്കാർഡ് വേഗത്തിൽ വർദ്ധിക്കുന്നു! അധികാരം ജനങ്ങളിലേക്കെത്തിച്ചുകൊണ്ട് വികേന്ദ്രീകൃതമായ ഒരു ആസൂത്രണ പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിക്കൊണ്ടുമാത്രമേ നമുക്ക് സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവൂ. ഇതിന് അനുകൂലമായ ഒരു രാഷ്ട്രീയ സാമൂഹ്യ സാഹചര്യമാണ് നമുക്ക് ഇന്ന് കൈവന്നിരിക്കുന്നത്.

ഒമ്പതാം പദ്ധതിയിൽമൊത്തം പദ്ധതി അടങ്കലിന്റെ 35 40 ശതമാനം തുക കേരളത്തിൽ നിലവിൽ വന്നിട്ടുള്ള ത്രിതല പഞ്ചായത്തുകൾ വഴി വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ചുകൊടുക്കുമെന്ന് കേരളാ പ്ലാനിങ്ങ് ബോർഡും കേരളാ സർക്കാറും പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ തീരുമാനം 9-ാം പദ്ധതി ജനപങ്കാളിത്തത്തോടെ ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കണം എന്നതാണ്. വിദ്യാഭ്യാസ നിലവാരത്തിലും, സാമൂഹിക പ്രതിബദ്ധതയിലും ഉയർന്നു നില്ക്കുന്ന കേരളത്തിലെ മുഴുവൻ ജനതയും ചേർന്ന് വിജയിപ്പിച്ച സമ്പൂർണ്ണ സാക്ഷരതാ പരിപാടി നമുക്ക് മാതൃകയായുണ്ട്. അടുക്കള പുകയ്ക്കുള്ളിൽ തളച്ചിടപ്പെട്ട സ്ത്രീകളായിരുന്നു ആ പ്രസ്ഥാനത്തിന്റെ നട്ടെല്ല്. ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകൾ 73, 74 ഭരണഘടനാ ഭേദഗതികൾ വഴി, രാഷ്ട്രീയ സാമൂഹിക പ്രവർത്തന മേഖലകളിൽ വർദ്ധിതമായ തോതിൽ കടന്നു വരികയാണ്. നമ്മുടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നട്ടെല്ലും സ്ത്രീകളായിരിക്കണം. പദ്ധതി ആവിഷ്കരിക്കുന്നതും, നടപ്പിലാക്കുന്നതും, അവയുടെ പുരോഗതിയുടെ എല്ലാ ഘട്ടങ്ങളും പരിശോധിക്കുന്നതും ജനകീയ സമിതികളായിരിക്കണം.

ഇന്ന് പഞ്ചായത്തുകളുടെ അധികാരപരിധിയിൽ വരുന്ന വിവധ വകുപ്പുകളുടെ പ്രവർത്തനത്തെ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് ആസൂത്രണം ചെയ്യണം. ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥന്മാരുടെയും, വികസന തല്പരരായ വുഴുവൻ ആളുകളുടെയും പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും.

നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങളും പരിപാടികളും വിശദീകരിക്കുന്നതിനു വേണ്ടി 8-9-96 ന് നടുവണ്ണൂർ ഗവ. ഹൈസ്കൂളിൽ യോഗം ചേർന്നു. നടുവണ്ണൂരിൽ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകരുടെ സംഗമമായിരുന്നു അത്. വിശേഷാൽ ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതിന്നു വേണ്ടി പത്തു മണ്ഡലങ്ങളിലും സംഘാടക സമിതികൾ രൂപീകരിച്ചു. ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിന്നായി പഞ്ചായത്ത് ബോർഡ് അംഗങ്ങളും പരിശീലകരും പങ്കടുത്തുകൊണ്ടുള്ള വിളംബര ജാഥ 19-9-96 ന് പഞ്ചായത്തിൽ പര്യടനം നടത്തി. ഒന്നാം ഘട്ട പഞ്ചായത്ത് തല പരിശീലനത്തിൽ 63 പേർ പങ്കെടുത്തു. 23-9-96 മുതൽ 2-10-96 വരെയുള്ള ദിവസങ്ങളിലായി 10 ഗ്രാമ സഭകളും വിളിച്ചു ചേർക്കാൻ കഴിഞ്ഞു. ഗ്രാമ സഭകളിലാകെ 368 സ്ത്രീകളും 1449

പുരുഷന്മാരും പങ്കെടുത്തു. ഗ്രാമ സഭകളിലെ വർദ്ധിച്ച പങ്കാളിത്തം നമുക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ പ്രചോദനവും ആത്മ വിശ്വാസംവും നല്കിയിരിക്കുന്നു. ഗ്രാമസഭാ നിർദ്ദേശങ്ങളെ പഞ്ചായത്ത് വികസന റിപ്പോർട്ടാക്കി മാറ്റുന്നതിന്നു വേണ്ടി നടത്തിയ രണ്ടാം വട്ട പഞ്ചായത്ത് തല പരിശീലനവും, പഠന പര്യടനവും 28-10-96, 29-10- 96 തിയ്യതികളിലായി നടന്നു. തുടർന്ന് ദ്വിതീയ വിവര ശേഖരണവും നടത്തി. പരിശീലനത്തിൽ 65 പുരുഷന്മാരും 26 സ്ത്രീകളുമായി ആകെ 91 പേർ പങ്കെടുത്തു.

വികസന സെമിനാറിൽ അവതരിപ്പിക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസന റിപ്പോർട്ടിന് 12 ഭാഗങ്ങളാണുള്ളത്. ഓരോ ഭാഗത്തിലും പ്രശ്നങ്ങളും സാദ്ധ്യതകളും അവക്ക് നമ്മുടെ പരിമിതികൾക്കകത്തു നിന്നുകൊണ്ട് സാധ്യമാവുന്ന പരിഹാര നിർദ്ദേശങ്ങളും കൊടുക്കുവാൻ ശ്രമിച്ചിട്ടുണ്ട്. വളരെ വിശദമായ ചർച്ചയുടെയും പഠനത്തിന്റെയും അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമം നിശ്ചയിച്ച് സ്കീമുകളാക്കി മാറ്റണം. അതിന്നു കഴിവുള്ളരെ ഉൾപ്പെടുത്തി കർമ്മസേന രൂപീകരിക്കണം.

ഇന്നലെയുടെ മഹത്തായ പാരമ്പര്യങ്ങളിൽ അഭിമാനം കൊള്ളുമ്പോൾ തന്നെ ഇന്നിന്റെ യാഥാർത്ഥ്യം ഉൾക്കൊണ്ട് നാളേയുടെ വെല്ലു വിളികളെ അതിജീവിക്കാനുള്ള ശക്തിയും ത്രാണിയും ആത്മ വിശ്വാസവും നേടിയെടുത്ത് നമ്മുടെ കൂട്ടായ്മയിലൂടെ കാർഷിക-വ്യാവസായിക-മേഖലകളിൽ പുരോഗതി കൈവരിക്കാനും തൊഴിലില്ലായ്മയുടെ രൂക്ഷത കുറയ്ക്കുവാനും പുതിയൊരു തൊഴിൽ-വികസന സംസ്കാരം കൈവരിക്കാനും കഴിയുമെന്ന് നമുക്ക് ആശിക്കാം. ഈയൊരു വീക്ഷണ കോണിൽ ഈ റിപ്പോർട്ട് ചർച്ചചെയ്ത് സമ്പുഷ്ടമാക്കാണമെന്നും പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ■

നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെൻസസ് റിപ്പോർട്ട് 1991

നമ്പർ	വാർഡ്	വിസ്തീർണം 22.20	വീടുകൾ	ജനസംഖ്യ	പുരുഷൻ	സ്ത്രീ	സ്കൂൾ പ്രായം 6-16 വരെ	പുരുഷൻ	സ്ത്രീ	പട്ടികജാതി		സാക്ഷരർ	
										പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
1	1	-	413	2448	1222	1226	310	179	131	176	170	996	959
2	2	-	467	2549	1282	1267	294	150	144	159	126	1088	957
3	3	-	420	2188	1104	1084	231	125	106	153	142	947	856
4	4	-	411	2185	1066	1119	294	155	139	132	135	887	865
5	5	-	396	2235	1135	1100	289	164	125	171	153	900	772
6	6	-	437	2366	1202	1164	319	173	146	149	131	971	770
7	7	-	443	2341	1144	1197	309	155	154	172	178	925	788
8	8	-	333	1182	842	840	195	98	97	116	110	712	652
9	9	-	402	2160	1063	1097	248	132	116	97	107	898	822
10	10	-	407	2104	1043	1061	249	127	122	77	82	821	795

നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത്
ഗ്രാമസഭ– പങ്കാളിത്തം

വാർഡ്	പുരുഷൻ	സ്ത്രീകൾ	ആകെ
1	111	31	142
2	150	30	180
3	108	25	133
4	157	48	205
5	172	34	206
6	142	35	177
7	203	64	267
8	170	46	216
9	112	12	124
10	124	43	167
	1449	368	1817

പഞ്ചായത്തിലുള്ള വിവിധവകുപ്പുകൾ - സ്ഥിതിവിവരം

ക്രമനമ്പർ	ഓഫീസിന്റെ പേര്	വകുപ്പ്	എണ്ണം	കെട്ടിട വിവരം		ജീവനക്കാരുടെ എണ്ണം
				വാടക	സ്വന്തം	
1	വില്ലേജ് ഓഫീസ്	റവന്യൂ	1	-	സ്വന്തം	6
2	സബ് റജിസ്ട്രാരുടെ ഓഫീസ്	റജിസ്ട്രേഷൻ	1	-	സ്വന്തം	7
3	പ്രൈമറി ഹെൽത്ത് സെന്റർ	ആരോഗ്യം	1	-	സ്വന്തം	18
4	ഗവ: ആയുർവേദ ആശുപത്രി	ആരോഗ്യം	1	-	സ്വന്തം	3
5	ഗവ: ഹോമിയോ ഡിസ്പെൻസറി	ആരോഗ്യം	1	വാടക	-	3
6	മൃഗാശുപത്രി	മൃഗസംരക്ഷണം	1	-	സ്വന്തം	3
7	ഗവ: ഹൈസ്ക്കൂൾ	വിദ്യഭ്യാസം	1	-	സ്വന്തം	63
8	യു.പി. സ്കൂൾ	വിദ്യാഭ്യാസം	3	-	സ്വന്തം	70
9	എൽ.പി.സ്കൂൾ	വിദ്യഭ്യാസം	5	2-വാടക	3-സ്വന്തം	29
10	കൃഷിഭവൻ	കൃഷി	1	വാടക	-	4
11	വില്ലേജ് എക്സ്ടൻഷൻ ഓഫീസ്	ഗ്രാമവികസനം	1	-	സ്വന്തം	2
12	പഞ്ചായത്ത് ഓഫീസ്	പഞ്ചായത്ത്	1	-	സ്വന്തം	11
13	പോസ്റ്റാഫീസ്	പോസ്റ്റ്സ്& ടെലഗ്രാഫ്	4	വാടക	സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്	17
14	ടെലഫോൺ എക്സ്ചേഞ്ച്	"	1	-	കെട്ടിടം പണി നടക്കുന്നു	7
15	കെ.എസ്.ഇ.ബി.	കെ.എസ്.ഇ.ബി	1	വാടക	-	3

ലൈബ്രറി ഗ്രന്ഥശാല ആവശ്യത്തിലേക്ക് പഞ്ചായത്ത് ചെലവഴിച്ച് തുക (1995-96)

ശമ്പളം	11695.00
പത്രമാസികകൾ	9146.10
ഗസറ്റ്	300
ആകെ ചെലവിന്റെ 1.6%	

സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

നടുവണ്ണൂർ, കക്കഞ്ചേരി, കൊയക്കാട്, മന്ദങ്കാവ്, അയനിക്കാട് എന്നീ ദേശങ്ങൾ ഉൾക്കൊണ്ടതാണ് പഴയ നടുവണ്ണൂർ ദേശം. പിന്നീട് കൊയക്കാടും കക്കഞ്ചേരിയും ഉള്ളേരിയിലേക്ക് ചേരുകയും എലങ്കമൽ, കാവിൽ, കരുവണ്ണൂർ എന്നീ ദേശങ്ങൾ ഉൾപ്പെടുന്ന കാവുന്തറ അംശം കൂടിച്ചേരുകയും ചെയ്തു. നടുവണ്ണൂരിന്റെ ചരിത്രം പഴയകാല പ്രതാപത്തിന്റേതാണ്. ബ്രിട്ടീഷ് ഇന്ത്യയിൽ മലബാർ ജില്ലയിലെ കുറുമ്പ്രനാട് താലൂക്കിന്റെ തലസ്ഥാനമായിരുന്ന ഇവിടെ അന്ന് പോലീസ് സ്റ്റേഷനും, തൂക്കുമരവും, ഹജൂർക്കച്ചേരിയും റജിസ്ട്രാഫീസും ഉണ്ടായിരുന്നതായി ചരിത്ര രേഖകളുണ്ട്.

മൂന്നാം മൈസൂർ യുദ്ധത്തിനു ശേഷം (1792)മലബാറിലെ സ്ഥിതിഗതികളെക്കുറിച്ച് പഠിക്കാനായി ഈസ്റ്റിന്ത്യാ കമ്പനി ഏർപ്പെടുത്തിയ കമ്മീഷനിലെ പ്രധാനിയായിരുന്ന ഫ്രാൻസിസ് ബുക്കാനൻ 1801 ജനുവരി 3 ന്നു താമരശ്ശേരിയിൽ നിന്നും ഇവിടെ എത്തിയതിനെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. നടുവണ്ണൂരിലെ ഹജൂർ കച്ചേരിയിൽ വന്ന അദ്ദേഹം പ്രകൃതി രമണീയതയിൽ അഭിമാനം കൊണ്ടു. എന്നാൽ കുണ്ടനിടവഴികളും, വയൽ വരമ്പും, ഒറ്റപ്പെട്ട സ്ഥലങ്ങളും അദ്ദേഹത്തെ നിരാശനാക്കിയിരുന്നുവോ? വില്യംലോഗൻ തന്റെ പ്രസിദ്ധമായ മലബാർ മാനുവലിൽ നടുവണ്ണൂരിലെ ആഴ്ചചന്തയെപ്പറ്റി വിശദീകരിക്കുന്നുണ്ട്. വെള്ളോട്ട് മുതൽ കാവുന്തറ റോഡുവരെയുള്ള പ്രദേശങ്ങളിൽ തിങ്ങി നിറഞ്ഞിരുന്നു, കച്ചവടക്കാർ. ഫറോക്ക്, വടകര, തലശ്ശേരി എന്നിവിടങ്ങളിൽ നിന്നും കച്ചവടത്തിനായി ആളുകൾ വന്നിരുന്നുവത്രെ.

നടുവണ്ണൂരിലെ മറ്റൊരു അംശമായ കാവിലിനും മഹത്തായ ചരിത്ര പാരമ്പര്യമുണ്ട്. ഗുരുദേവന്മാർക്ക് ഉയർന്ന സ്ഥാനം നല്കി ആരാധിച്ചിരുന്നു. വലിയ ക്ഷേത്രവും ഇതിന്റെ പരിസരത്ത് നാലര സെന്റ് വിസ്തീർണ്ണമുള്ള ഒരു ആൽത്തറയും ഉണ്ടായിരുന്നു. ഈ ആൽത്തറ ജനകീയ സഭകളുടെ രംഗ വേദിയായിരുന്നുവത്രേ. പടക്കൂട്ടവും, നാട്ടുക്കൂട്ടവും ഇവിടെ ചേർന്നിരുന്നു. രാജകീയ സന്ദേശങ്ങൾ വിളംബരം ചെയ്യപ്പെട്ടിരുന്നതും ഇവിടെ വെച്ചായിരു ന്നിരിക്കണം.

നന്താർക്കുടങ്ങളും ചെങ്കല്ലറകളും ഇവിടെ സുലഭമാണ്. കുലശേഖര രാജാവായിരുന്ന കോത കോത കേരള കേസരിയുടെ നാലാം ഭരണ വർഷത്തിലെ ഒരു ചരിത്ര രേഖയായിമാറിയ ഒരു ശിലാഫലകവും ഇവിടെ നിന്നും കിട്ടിയിട്ടുണ്ട്. കേരള കേസരി എന്ന അഭിഷേക നാമത്തിൽ അറിയപ്പെട്ട കോത കോത എന്ന രാജാവ് കൊടുങ്ങല്ലൂരിൽ നിന്നും ഇവടെ വന്നിരുന്നതായി അനുമാനിക്കുന്നു. ഇവിടെ നിന്നും ലഭിച്ച ശിലാലിഖിതങ്ങൾ ഇന്ന് ചിരിത്ര വിദ്യാർത്ഥികൾക്ക് ഗവേഷണ വിഷയമാണ്. 2000 വർഷം മുമ്പത്തെ ക്ഷേത്ര സങ്കേതങ്ങളെക്കുറിച്ച് വിവരം നൽകുന്നവയാണ്.

വിഭിന്നാചാരങ്ങളും വിശ്വാസങ്ങളും വെച്ചു പുലർത്തുന്ന ജന വിഭാഗങ്ങളെ കോർത്തിണക്കുന്ന ഒരു മഹത്തായ സംസ്കാരം നമുക്കുണ്ട്. കർഷക സംസകൃതിയുമായി ബന്ധപ്പെട്ട കലാകായിക പ്രവർത്തനങ്ങളുടെ കേളീ രംഗമായിരുന്നു നടുവണ്ണൂർ. ഇവിടുത്തെ കാളപ്പൂട്ടു മത്സരവും, കോഴിയങ്കവും പ്രസി ദ്ധമായിരുന്നു. അക്കാലത്തെ സാമൂഹ്യ-സാംസ്കാരിക ജീവിതത്തിന്റെ കേന്ദ്ര ബിന്ദു ക്ഷേത്രങ്ങളായിരുന്നുവല്ലോ. നന്താനശ്ശേരി ക്ഷേത്രം നടുവണ്ണൂരിന്റെ ചരിത്രത്തിൽ നിർണ്ണായമായ പങ്ക് വഹിച്ചിട്ടുണ്ട്.

കേരളത്തിന്റെ ഐതിഹ്യ പ്രസിദ്ധമായ 32 ബ്രാഹ്മണ ഗ്രാമങ്ങളിൽ ഒന്ന് ഇതായിരിക്കുമോ? 32 ഗ്രാമങ്ങളും ഉപഗ്രാമങ്ങളും സ്ഥാപിച്ച് അവയിൽ ദേവസ്വവും ബ്രഹ്മസ്വവുമായി ഭാഗിക്കപ്പെട്ട "നില"കളുടെ മേൽനോട്ടമടങ്ങിയ ഊരായ്മ സ്ഥാനം വഹിച്ചു വന്ന ഗ്രാമിണികളായിരുന്നു കേരള ബ്രാഹ്മണർ. ജന്മിസമ്പ്രദായത്തിന്റെ നമ്പൂതിരി ഊരായ്മയും നായർകാരായ്മയും, തിയ്യർ(ഈഴവർ) ,വെള്ളാളർ, തച്ചർ, മണ്ണാർ തുടങ്ങിയ കുടിയായ്മയും, പുലയരുടെ അടിയായ്മയും അടക്കമുള്ള സാമ്പത്തിക ഘടന ഈ ഊരുകളിൽ ഉടലെടുത്തു. "നടുവൻ ഊര്" തർക്കങ്ങൾക്ക് നടുവിൽ നിന്ന് പ്രശ്നങ്ങൾ രമ്യമായിതീർക്കുന്ന കൂട്ടായ്മയടെ പാരമ്പര്യം നടുവണ്ണൂരിന് തന്നെ.

യോഗീ വര്യനായിരുന്ന നിത്യാനന്ദ സ്വാമികൾ, മലബാറിലെ സാമൂഹിക ജീവിതത്തെ മനോഹരമായി ചിത്രീകരിക്കുന്ന മലയാളത്തിലെ ലക്ഷണമൊത്ത

ആദ്യ നോവലായ ഇന്ദു ലേഖയുടെ കർത്താവ് ഒ. ചന്തു മേനോൻ എന്നിവർക്ക് ജന്മം നല്കിയതും നടുവണ്ണൂരാണ്.

ഹിന്ദുക്കളും മുസ്ലീങ്ങളുമേ കുടുംബങ്ങളായി ഇവിടെയുള്ളൂ. യോഗീഗുരുക്കന്മാർ, ആന്ദ്രനായന്മാർ, പത്മശാലിയർ എന്നീ ജനവിഭാഗങ്ങൾ നടുവണ്ണൂരിലുണ്ട്. കണ്ണമ്പാലത്തെരു ദേവീക്ഷേത്ര മഹോത്സവം പതിനായിരങ്ങളെ ആകർഷിക്കാറുണ്ട്. കിഴക്കോട്ട് കടവിലെ പള്ളി അതിപുരാതനമായ മുസ്ലീം പള്ളിയാണ്. ഇവിടെ ശ്മശാനവുമുണ്ട്.

ഐതിഹ്യങ്ങളുമായി കെട്ടു പിണഞ്ഞതാണ് നടുവണ്ണൂരിന്റെ ചരിത്രം. തച്ചോളി ഒതേനൻ കാവുന്തറയിൽ വന്നിരുന്നുവെന്നും, അങ്കക്കളരി ഒരുപാട് തർക്കങ്ങൾക്ക് പരിഹാരം കണ്ടിരുന്ന യുദ്ധക്കളമായിരുന്നുവെന്നും, ഒരു തങ്ങൾ കിഴക്കോട്ട് കടവിൽ വന്ന് ദിവ്യത്വം കാണിച്ചുവെന്നും, പറമ്പിൽ കാട് മൈതാനത്തിൽ ആന, കുതിര മുതലായവയുടെ കാലടിപ്പാടുകൾ ഉണ്ടായിരുന്നുവെന്നും പറയപ്പെടുന്നു.

ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ സാമ്രാജ്യ വിരുദ്ധ സമരം ജനകീയമാക്കപ്പെട്ടപ്പോൾ, 1930കളിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ ഹരിപുരസമ്മേളനം അയിത്തത്തിന്നും അനാചാരങ്ങൾക്കുമെതിരെ കോൺഗ്രസ് മെമ്പർമാർ പടപൊരുതണമെന്ന ആഹ്വാനത്തിന്റെ പ്രതിഫലനമായിരുന്നു വൈക്കം സത്യാഗ്രഹം. അതിന്റെ അലയൊലികൾ നടുവണ്ണൂരിലുമുണ്ടായി. നന്താനശ്ശേരിയിലെ ശ്രീ. പരമേശ്വരൻ മൂസ്സത്, അനുജൻ ശ്രീ. കൊച്ചുണ്ണി മൂസ്സത് എന്നിവർ ഇതിന് നേതൃത്വം കൊടുത്തു. സവർണ്ണർ മാത്രം ഉപയോഗിച്ചു വന്നിരുന്ന അമ്പലക്കുളത്തിൽ ഹരിജൻ ബാലന്മാരെ മുക്കിക്കുളിപ്പിച്ച് കൊണ്ട് സാമൂഹ്യവിപ്ലവത്തിന് തിരികൊളുത്തി. ഇത് നമ്മെ ഇന്നും ആവേശം കൊള്ളിക്കേണ്ടതാണ്. ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്ത നേതാവായിരുന്നു ഇടവനപ്പുറത്ത് ശങ്കരൻ നായർ.

1942ൽ ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി 1871ൽ നിലവിൽ വന്ന റജിസ്ട്രാഫിസ് ചുട്ടുകരിക്കപ്പെട്ടു. ഇ. അനന്തൻ നായർ തുടങ്ങിയവർ ഇതിന്ന് നേതൃത്വം നൽകിയവരിൽ ഒരാളാണ്. ദേശീയ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് കെ. കേളപ്പൻ നടുവണ്ണൂരിലെ നിത്യ സന്ദർശകനായിരുന്നു. ബ്രിട്ടീഷ് ഗവ: മാസങ്ങളോളം മലബാർ സ്പെഷൽ പോലീസിനെ ക്യാമ്പ് ചെയ്യിച്ചു കൊണ്ടാണ് സാമ്രാജ്യവിരുദ്ധ സമരത്തെ നേരിട്ടത്.

തില്ലങ്കേരി, കാവുമ്പായി, കയ്യൂർ, കരിവെള്ളൂർ, കൂത്താളി, ഓഞ്ചിയം എന്നിവിടങ്ങളിൽ നടന്ന ഉശിരൻ സമരങ്ങളിൽ ആവേശം പൂണ്ട നടുവണ്ണൂരിലെ ചെറുപ്പക്കാർ സോഷ്യലിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടരായിക്കൊണ്ടിരിക്കുമ്പോഴാണ് യു. കുഞ്ഞിരാമൻ എന്ന ചുരുട്ടു തൊഴിലാളി ഉശിരൻ പ്രചാരണങ്ങളുമായി കടന്നു വന്നത്. പ്രസിദ്ധമായ നടുവണ്ണൂർ ചന്തയിൽ അഴിഞ്ഞാടിയ സമൂഹ വിരുദ്ധരെ വിരട്ടിയോടിച്ച് യുവ മനസ്സിൽ അദ്ധ്യാനിക്കുന്നവന്റെ മോചന സ്വപ്നം നെയ്തെടുത്തു. അക്കാലത്തെ കമ്യൂണിസ്റ്റ് പാർട്ടിയുടെ കരുത്തുറ്റ സംഘാടകരായിരുന്ന എ.കെ. കൃഷ്ണൻ മാസ്റ്റർ, എ. കേളപ്പൻ, ആർ.ബി. കുറുപ്പ് എന്നിവർ യു. കുഞ്ഞിരാമന്റെ സഖാക്കളായി. കുന്നിന്റെ മീത്തലെ അങ്കക്കളരി കേന്ദ്രീകരിച്ചാണ് കർഷകസംഘം ചെറുത്തു നില്പുകൾ സംഘടിപ്പിച്ചത്. കർഷക പ്രസ്ഥാനം പഞ്ചായത്തിൽ കെട്ടിപ്പടുക്കപ്പെട്ടത് കാവുന്തറയിലും, കരുവണ്ണൂരിലും, മന്ദൻ കാവിലുമാണ്. ദേശീയ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് എ.കെ. ജി. നന്താനശ്ശേരിയിൽ അന്തിയുറങ്ങിയിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം നമ്മുടെ സാമൂഹ്യ സാമ്പത്തിക ജീവിതത്തിൽ വിപ്ലവകരമായ മാറ്റമാണ് വരുത്തിയത്.

അദ്ധ്യാനത്തിന്റെ നല്ലൊരു പങ്ക് ജന്മിമാർക്ക് കാഴ്ചവെക്കേണ്ടിയിരുന്ന അവസ്ഥക്കും, കുടിയൊഴിപ്പീക്കലിനും അറുതിയായി. ജോലിചെയ്തുവന്ന മണ്ണിൽ നിന്നു തന്നെ ഇറക്കിവിടാൻ ആർക്കും കഴിയില്ലെന്ന അവകാശബോധവും, ആത്മ വിശ്വാസവും, പുതിയ ചുമതലാ ബോധവും നമ്മുടെ സാമൂഹ്യ ജീവിതത്തെ വളർത്തി. ജന്മികുടുംബങ്ങളിൽ കന്നുകാലിമേച്ചും അടുക്കളയിൽ പുകയൂതിയും ജീവിതം ഹോമിച്ചു തീർക്കാൻ വിധിക്കപ്പെട്ട തലമുറ വിദ്യാഭ്യാസം നേടുന്നതും സാമൂഹ്യസാംസ്കാരിക ജീവിതത്തിന്റെ കോണിപ്പടികൾ ഓടിക്കയറുന്നതും നാം കണ്ടു.

വിദ്യാഭ്യാസതൽപരമായ ഒരു കൂട്ടം നല്ല മനസ്സുകളുടെ ശ്രമഫലമായി 1950 ൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യം നല്കിക്കൊണ്ട് നടുവണ്ണൂർ ഹൈസ്കൂൾ, വാകയാട് ഉയർന്നു വന്നു. വിദ്യാസമ്പ

ന്നമായ ഒരു സമൂഹം നടുവണ്ണൂരിൽ വളർത്തിയെടുക്കുന്നതിൽ ഈ സ്ഥാപനത്തിന്റെ പങ്ക് വലുതാണ്. പിന്നീട് വിദ്യാഭ്യാസ സാംസ്കാരിക, സാമൂഹിക രംഗത്ത് അഭൂത പൂർവ്വമായ വളർച്ചയാണ് നടുവണ്ണൂരിൽ നമുക്ക് കാണാൻ കഴിഞ്ഞത്.

1963ൽ നിലവിൽ വന്ന പഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ടായിരുന്നു മഠത്തിൽ കുഞ്ഞിപ്പക്കി സാഹിബ്. അദ്ദേഹത്തിന്റെ മരണശേഷം സർവ്വശ്രീ അപ്പു കിടാവ്, ഒ.എം. ഗോവിന്ദൻ കുട്ടി നായർ കെ. കെ. മാധവൻ, എം. രാമുണ്ണി മാസ്റ്റർ എന്നിവർ പ്രസിഡണ്ടുമാരായി പ്രശസ്തമാംവണ്ണം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഇതൊക്കെയാണെങ്കിലും നമ്മുടെ കാർഷിക മേഖല മുരടിച്ചു നില്കുന്നു. ഉല്പാദനവും ഉല്പാദന ക്ഷമതയും കുറയുന്നു, കൃഷി നഷ്ടമാവുന്നു. സങ്കീർണ്ണങ്ങളായ നിരവധി സമസ്യകളാണ് കാർഷിക രംഗത്ത് നാം കാണുന്നത്. വൈദ്യുതി ക്ഷാമവും മുതൽ മുടക്കാനുള്ള ത്രാണിയില്ലായ്മയുമാണ് വ്യവസായികരംഗത്ത്. ഫലമോ? വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ, നിരാശാബോധം.

സാമൂഹിക ജീവിതത്തിൽ സ്ത്രീപുരുഷ സമത്വം ഇനിയും ആകാശകുസുമം തന്നെ. ജീവിതത്തിന്റെ പിന്നാംപുറങ്ങളിൽ നിന്നും എന്നാണ് സാമൂഹിക ജീവിതത്തിന്റെ ഉമ്മറവാതുക്കലേക്ക് അവർക്ക് കടന്നു വരാനാവുക.

ഇതെല്ലാം പരിഹരിക്കാനുള്ള ഊർജ്ജം നമുക്ക് നമ്മുടെ കാരണവന്മാർ പൈതൃകമായി, വരമായി തന്നിട്ടുണ്ട്. അത് നമുക്ക് വരും തലമുറക്ക്, കൂടുതൽ എണ്ണത്തിലും, ഗുണത്തിലും കൈമാറാനായി കൂട്ടായ്മയോടെ മുന്നേറാം.

ഭൂപ്രകൃതി

കോഴിക്കോട് ജില്ലയുടെ ഏതാണ്ട് മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് നടുവണ്ണൂർ. മലമ്പ്ര ദേശത്തു നിന്നും തീര സമതലത്തുനിന്നും ഏതാണ്ട് തുല്യ അകലത്തിൽ സ്ഥിതി ചെയ്യുന്നു. വയലുകളാൽ ചുറ്റപ്പെട്ട കുന്നുകൾ നിറഞ്ഞ പ്രദേശമാണിത്. കിഴക്കു നിന്നും പടിഞ്ഞാറോട്ട് നെരിയ ചരിവു ള്ളതായി കാണാൻ കഴിയും. കിഴക്കു ഭാഗത്തുള്ള വല്ലോറമല, ചോലമല എന്നീ പ്രദേശങ്ങളിൽ നിന്നാ ണ് പഞ്ചായ ത്തിന്റെ തുടക്കം. വല്ലോറ മലയും ഏച്ചിൽ മലയും "പഞ്ചായത്തിലെ ഉയരം കൂടിയ 2 കുന്നുകളാണ്. ഇവ കൂടാതെ ഇടുവാട്ട് കുന്ന്, ചെങ്ങോട്ട് പാറ, അലേമ്പ്ര കുന്ന്, ഉടുമ്പ്ര മല, പുല്ലറ ക്കുന്ന്, മാപ്പറ്റ ക്കുന്ന് എന്നിവ പഞ്ചായത്തിലെ ഉയരം കൂടിയ പ്രദേശങ്ങളാണ്.

ഈ കുന്നുകളെല്ലാം ഇന്ന് മനുഷ്യ വാസത്തി നുപയോഗിച്ചു വരുന്നു. ഈ പ്രദേശങ്ങളിലെ നൈസ ർഗ്ഗിക സസ്യങ്ങൾ നശിപ്പിച്ച് അവിടെയെല്ലാം റബ്ബർ, തെങ്ങ്, കശുമാവ് എന്നിവ കൃഷി ചെയ്തു വരുന്നു. കൃഷി യോഗ്യമായ കരിമണ്ണാണ് ഈ മേഖലകളിൽ കാണപ്പെടുന്നത്. ഏച്ചിൽമലയിൽ സുഭമായി ജലം ലഭിക്കുന്ന പ്രകൃതി ദത്ത ഉറവകൾ വല്ലോറമലയിലും കാണാം. ഇവ ദുർബലമാണ്. മറ്റു കുന്നിൻ പ്രദേശ ങ്ങൾ ജലക്ഷാമം നേരിടുന്നു. നൈസർഗ്ഗിക സസ്യങ്ങ ൾ നശിപ്പിച്ചതിന്റെ ഫലമായുണ്ടാകുന്ന മണ്ണൊലിപ്പ് പല പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.


ഇതിൽ താഴ്വരയിലെ സമതലങ്ങളായിരുന്നു നെൽവയലുകൾ. 50%ത്തിലേറെ വയലുകളും നികത്തി പുരയിടങ്ങളാക്കിക്കഴിഞ്ഞു. ഇവിടങ്ങളിൽ തെങ്ങ്, കവുങ്ങ്, മരക്കിഴങ്ങ്, മറ്റു ഫലവൃക്ഷങ്ങൾ, വാഴ എന്നിവ കൃഷി ചെയ്തു വരുന്നു. വയൽ നിക ത്തിയതിന്റെ ഫലമായി നെൽകൃഷി കുറയുകയും ഭൂഗർഭജലത്തിന്റെ അളവ് കുറഞ്ഞ് കുടിവെള്ള പ്രശ്നം രൂക്ഷമാവുകയും ചെയ്തി രിക്കുന്നു. അതുപോ ലെ ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് നിലയ്ക്കുകയും ശക്തമായ മഴയിൽ പെട്ടെന്ന് വെള്ളപ്പൊക്കമുണ്ടാവു കയും ചെയ്യുന്നു.

പഞ്ചായത്തിന്റെ തെക്കു ഭാഗത്തു കൂടിയാണ് രാമപുഴ ഒഴുകുന്നത്. പുഴയോരം ചതുപ്പ് പ്രദേശമാണ്. പുഴയോരത്ത് നാലാം വാർഡിൽ മക്കാട് വയൽ എന്ന സ്ഥലത്തെ തെങ്ങിൻ തോപ്പ് എടുത്ത് പറയേണ്ട ഒരു കൃഷിയിടമാണ്. 18 ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന ഈ പ്രദേശത്ത് 1200 തെങ്ങുകളുണ്ട്. വർഷം ശരാശരി 1 ലക്ഷം തേങ്ങ ഇവിടെ ലഭിക്കുന്നു.

നെൽകൃഷിക്ക് പേരു കേട്ട വയലായിരുന്നു കൊയമ്പ്രം താഴെ വയൽ. പാരമ്പര്യ വിത്തുകൾ ഉപയോഗിച്ചു വന്നിരുന്നു.

പുഴയോരത്തെ അയനിക്കാട് പ്രദേശം. ശുദ്ധജ ലക്ഷാമം നേരിടുന്നു. പുഴയിൽ ഉപ്പുജലം കയറുന്ന തിന്റെ ഫലമായാണ് ഈ പ്രശ്നം രൂക്ഷമാ കുന്നത്. 4,5,6 വാർഡുകളിലായി വ്യാപിച്ചു കിടക്കുന്ന പറമ്പിൻ കാട് പ്രദേശം അല്പം ഉയർന്ന സമതലമാണ്. അധിക വും ചെങ്കൽ പ്രദേശമാണ്. കശുമാവ് കൃഷി ഇവിടെ പലഭാഗത്തുമുണ്ട്.

ജില്ലയിലെ ശരാശരി മഴയേക്കാൾ അല്പം കൂടുതലാണ് പഞ്ചായത്തിൽ ലഭിക്കുന്ന മഴ. ചെരി ഞ്ഞു കിടക്കുന്ന ഭൂപ്രകൃതി മഴവെള്ളത്തെ വളരെ വേഗം ഒഴുക്കിക്കളയുന്നു. ഇടവപ്പാതിക്കാലത്താണ് മഴ കൂടുതൽ ലഭിക്കുന്നത്. ഗ്രാമപുഴയും അതിന്റെ കൈവഴിയും കൂടാതെ 40ഓളം കുളങ്ങൾ പഞ്ചാ യത്തിലെ പ്രധാന ജല സ്രോതസ്സാണ്.



കൃഷിയും ജലസേചനവും

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. കുന്നിൻപ്രദേശങ്ങളും താഴ്വരകളും നെൽവയലുകളുമടങ്ങിയതാണ് ഈ ഗ്രാമം. മുഖ്യകൃഷികൾ തെങ്ങ്, നെല്ല്, കവുങ്ങ്, റബ്ബർ, വാഴ, കുരുമുളക്, മരച്ചീനി എന്നിവയാണ്. ഇടവിളകളായി കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറി തുടങ്ങിയവയും ഉണ്ട്. പഴയകാലങ്ങളിൽ ജനങ്ങളുടെ മുഖ്യ ഉപജീവനമാർഗം കൃഷിയും അതുമായി ബന്ധപ്പെട്ട തൊഴിലുകളുമായിരുന്നു.

ഭൂപ്രദേശത്തിന്റെ കിടപ്പനുസരിച്ച് കുന്നിൻപ്രദേശം, താഴ്വരകൾ, വയൽ എന്നിങ്ങനെ തരംതിരിക്കാം. ഈ പഞ്ചായത്തിലൂടെ പ്രധാനമായും രണ്ടു തോടുകൾ കടന്നു പോവുന്നുണ്ട്. രണ്ടും പഞ്ചായത്തിന്റെ തെക്കെ അതിർത്തിയിലുള്ള രാമപുഴയിൽ പതിക്കുകയാണ് ചെയ്യുന്നത്. വില്ലേജ് ഓഫീസ് രേഖകളനുസരിച്ച് 5218.66 ഏക്കർ സ്ഥലമാണ് ഉള്ളത്. ഇതിൽ 246.51 ഏക്കർ പുറമ്പോക്ക് ഭൂമിയാണ്. 1950 കാലത്ത് വല്ലോറ മലയിലും ഏച്ചിൽ മലയിലുമായി 150-ൽ പരം ഏക്കർ സ്ഥലത്ത് വനൃജീവികൾ വസിക്കുന്ന കാടുകളുണ്ടായിരുന്നു. ഇപ്പോൾ ആ കാടുകൾ പൂർണ്ണമായി നശിച്ചു പോയിരിക്കുന്നു. അതു മുഴവൻ കൃഷി ഭൂമിയായി മാറി.

ഭൂമി സംബന്ധിച്ച വിവരം

ഇനം	വിസ്തീർണ്ണം (ഏക്കർ)
നിലം (വയൽ)	1503.93
പുരയിടം (തോട്ടം)	3468.22
പുറമ്പോക്ക്	246.51
തരിശ്	ഇല്ല

(വില്ലേജ് ഓഫീസ് രേഖകളിൽ നിന്ന്)

ഭൂരിഭാഗം കർഷകരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈയ്വശമുള്ളവരാണ്. ആദ്യകാലങ്ങളിൽ ഭൂമികൾ മിക്കതും ദേവസ്വങ്ങൾ വകയും തറവാടുകൾ വകയും ആയിരുന്നു. മുമ്പൊക്കെ നെൽകൃഷിയിലായിരുന്നു കർഷകർ കൂടുതൽ ശ്രദ്ധ ചെലുത്തിയത്. പൂർണ്ണമായും മഴയെ ആശ്രയിച്ചായിരുന്നു. കൃഷി നടത്തിയത്. ജനസേചനത്തിന് അപൂർവ്വമായി ചില കുളങ്ങളും തോടുകളും ഉപയോഗിച്ചിരുന്നു. ചിലയിടങ്ങളിൽ ആണ്ടിൽ രണ്ടു തവണ നെൽകൃഷി ചെയ്തിരുന്നുവെങ്കിലും മിക്ക വയലുകളിലും ഒരു തവണ മാത്രമാണ് കൃഷി ചെയ്തിരുന്നത്. വൈവിധ്യമാർന്ന നാടൻ വിത്തിനങ്ങളാണ് അന്നുപയോഗിച്ചിരുന്നത്. തവളക്കണ്ണൻ, ചിറ്റേനി, നകര, ആര്യൻ, മുണ്ടകൻ തുടങ്ങിയവ ഇന്ന് ഓർമ്മയിൽ മാത്രം നിലനിൽക്കുന്നവയിൽ ചിലതു മാത്രം. ജൈവവളങ്ങൾ മാത്രമേ കൃഷിക്കുപയോഗിച്ചിരുന്നുള്ളു. മലകളിലും പറമ്പുകളിലും അന്ന് നെൽകൃഷി ചെയ്തിരുന്നു. മകരമാസത്തെ കൊയ്ത്തിന്ശേഷം നെൽവയലുകളിൽ പശുക്കളെ മേയാൻ വിടുകയാണ് പതിവ്. അങ്ങനെ ജൈവവളം ധാരാളം ഉണ്ടാവുമായിരുന്നു. മലകളിലും മറ്റും ധാരാളം പച്ചിലവളവും കിട്ടാനുണ്ടായിരുന്നു.

പാടങ്ങളിൽ ഇടവിളയായി ധാരാളം പച്ചക്കറികൃഷി ചെയ്തിരുന്നു. ഇളവൻ, കയ്പ, വെള്ളരി, വത്ത തുടങ്ങിയവയായിരുന്നു പ്രധാനയിനങ്ങൾ. നേന്ത്രവാഴകൃഷിയുമുണ്ടായിരുന്നു. പഞ്ഞമാസങ്ങളിൽ വാഴക്കണ്ട, മധുരക്കിഴങ്ങ്, മരച്ചീനി എന്നിവ പാവങ്ങളുടെ പ്രധാന ഭക്ഷണമായിരുന്നു. നെൽവയലുകളിൽ കീടനിയന്ത്രണത്തിന് വെണ്ണീർപാറ്റൽ, മുറംവീശൽ എലിയെ നിയന്ത്രിക്കാൻ മട്ടലുകൾ കുത്തിവെക്കൽ തുടങ്ങിയ രീതികൾ ഉപയോഗിച്ചി

രുന്നു. തെങ്ങു കൃഷിയോട് അക്കാലത്ത് വേണ്ടത്ര താല്പര്യം കാണിച്ചിരുന്നില്ല. പാട്ടവ്യവസ്ഥ ഒരു പക്ഷെ ഇതിനൊരു കാരണമാവാം. കാർഷികോൽപ്പന്നങ്ങളുടെ പ്രധാന വിപണി കോഴിക്കോട് നഗരമായിരുന്നു. കർഷകർ നേരിട്ടും ഇടത്തട്ടുകാർ മുഖേനയും ആയിരുന്നു കൊപ്ര ഉൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങൾ വിപണനം ചെയ്തത്. കീഴ്ക്കോട്ട് കടവ്, തെരുവത്ത് കടവ്, വെങ്ങളത്തു കണ്ടി കടവ്, പാറക്കടവ് തുടങ്ങിയ മാർഗങ്ങളിലൂടെ തോണി ഉപയോഗിച്ചാണ് ഉൽപ്പന്നങ്ങൾ വിപണന കേന്ദ്രത്തിൽ എത്തിച്ചിരുന്നത്. ഗതാഗത സൗകര്യങ്ങൾ കുറവായിരുന്നതിനാൽ കർഷകർ നടന്നായിരുന്നു കൊയിലാണ്ടിയിലും മറ്റും പോയിരുന്നത്.

ഭൂ പരിഷ്കരണം നടപ്പിലായതോടുകൂടി സ്വന്തമായി കൃഷിഭൂമി ലഭിച്ച കർഷകർ അതിനകത്ത് വീടുവെക്കുന്നതിനും, പരിചരണം താരതമ്യേന കുറഞ്ഞ തോതിൽ മാത്രം ആവശ്യമുള്ള തെങ്ങും മറ്റും വെച്ചുപിടിപ്പിക്കാനും തുടങ്ങി. കൃഷിഭൂമിയുടെ തുണ്ടവൽക്കരണം കൃഷിയുടെ പുരോഗതിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. റവന്യൂ രേഖകളനുസരിച്ച് 1503.93 ഏക്കർ നിലമുണ്ടെങ്കിലും ഇപ്പോൾ ഏകദേശം 400 ഓളം ഏക്കറിൽ മാത്രമെ നെൽകൃഷി ചെയ്യുന്നുള്ളൂ. ബാക്കി വയലുകളെല്ലാം തെങ്ങിൻതോപ്പുകളോ, വാസസ്ഥലങ്ങളോ ആയിക്കഴിഞ്ഞു.

നെൽകൃഷി ലാഭകരമല്ലാത്തതും മണ്ണിന്റെ ജൈവഗുണം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതും കൃഷിയിൽ നിന്നും കർഷകരെ പിൻന്തിരിപ്പിക്കുന്നു. വ്യവസായം കച്ചവടം തുടങ്ങിയ മറ്റു മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ കൃഷി നഷ്ടമായി കാണുന്നു. വിദ്യാഭ്യാസം സാർവ്വത്രികമായതോടുകൂടി കർഷക തൊഴിലാളികളുടെ പിൻതലമുറക്കാർ ഇതര തൊഴിൽ മേഖലകളിലേക്ക് ആകർഷിക്കപ്പെട്ടു. അതുകൊണ്ട് വൈദഗ്ദ്ധ്യം ഉള്ള വേണ്ടത്ര തൊഴിലാളികളെ ലഭിക്കാത്തതും കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ട് മിക്ക കർഷകരും കൂടുതൽ ലാഭകരമായ നാണ്യവിളകളിലേക്ക് ശ്രദ്ധതിരിച്ചു. നെൽവയലുകൾ നികത്തുന്നത്, നേരത്തെ ഇടവിളകളായി കൃഷി ചെയ്തിരുന്ന പച്ചക്കറികൾ, കിഴങ്ങു വർഗങ്ങൾ തുടങ്ങിയവയുടെകൃഷിയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കാർഷികവൃത്തിയോടുള്ള ജനങ്ങളുടെ സമീപനത്തിൽ വന്ന മാറ്റം ഉപഭോഗമാത്രപ്രവണത വർദ്ധിപ്പിച്ചിട്ടുണ്ട്. ഇന്ന് പുരയിടങ്ങളിലെ തെങ്ങൊഴികെ ഇടവിള കൃഷികളെല്ലാം അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന അവസ്ഥയാണ്. സാധാരണ നാടൻ വാഴകൾ പോലും നമ്മുടെ കൃഷിഭൂമികളിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ജനസംഖ്യാവർദ്ധനവും ഏകകുടുംബ സമ്പ്രദായവും (Single Family Sysem) കാർഷികമേഖലയിലെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട കുളങ്ങളും തോടുകളും സംരക്ഷിച്ചുപോന്നിരുന്ന സ്ഥിതിയിലും മാറ്റം വന്നിരിക്കുന്നു. പല കുളങ്ങളും നികത്തി തെങ്ങുവെച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ളവ തന്നെ മണ്ണിടിഞ്ഞ് വീണ് തൂർന്ന്കൊണ്ടിരിക്കുകയാണ്.

നമ്പർ	ഭൂപരിധി	കർഷകരുടെ എണ്ണം
1.	1 ഹെക്ടറിൽ താഴെ	3293
2.	1 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ	290
3.	2 ഹെക്ടറിനുമുകളിൽ	95

ആശാസ്ത്രീയമായ രാസവളപ്രയോഗം മണ്ണിന്റെ ഫലപുഷ്ടി നശിപ്പിക്കുന്നു. ഇവിടെ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടക്കുന്നില്ല എന്നുതന്നെ പറയാം. അമിത രാസവളപ്രയോഗം മൂലം മണ്ണിലെ അമ്ലത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജൈവവളങ്ങൾ വളരെ വിരളമായി മാത്രമെ ഉപയോഗിക്കുന്നുള്ളൂ. പച്ചിലവളം കിട്ടാനില്ല.

1993 ന് ശേഷമുള്ള രാസവള വില്പനയുടെ കണക്ക് പട്ടിക 1 ൽ എ കാണുക (കൃഷി ഭവനിലെ രേഖകളിൽ നിന്ന്)

കീടനാശിനികൾ ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതിയോ പരിഗണിക്കാറില്ല. കർഷകരുടെ അജ്ഞത ഇതിനൊരു കാരണമാണ്. ആധുനിക കാർഷികോപകരണങ്ങളുടെ ദൗർലഭ്യം കാർഷിക മേഖലയുടെ വളർച്ചയെ കാര്യമായി ബാധിച്ചിട്ടുണ്ട്. പണ്ടത്തെപ്പോലെ ഉഴവുകാളകളും മറ്റുപാധികളും ഇന്ന് സുലഭമല്ല. ഇക്കാലത്ത് ഉപയോഗിച്ചു വരുന്ന പവർടില്ലർ, ട്രാക്ടർ, സ്പ്രെയർ തുടങ്ങിയവ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. ഈ പഞ്ചായത്തിലൊരു പവർ ട്രില്ലർ മാത്രമാണുള്ളത്. കൃഷിഭവനിൽ നിന്ന് വിതരണം ചെയ്ത കാർഷികോപകരണങ്ങളുടെ കണക്ക് പട്ടിക 1 ബി യിൽ ചേർക്കുന്നു.

ഈ പഞ്ചായത്തിലെ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രണ്ട് പാടശേഖര സമിതികൾ രൂപീകരിച്ച് നിലവിലുണ്ട്. എങ്കിലും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ല. സാധ്യതയുള്ള എല്ലാപാടങ്ങളിലും പാടശേഖര സമിതികൾ രൂപീകരിച്ച് പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണ്.

കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണംകുറഞ്ഞുവരികയാണ്. കർഷകതൊഴിലാളികളുടെ ശരാശരികൂലി നിരക്ക് പുരുഷന്മാർക്ക് 75

രൂപയും സ്ത്രീകൾക്ക് 60 രൂപയുമാണ്.

കാർഷികവായ്പ

ഈ പഞ്ചായത്തിൽ കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നടുവണ്ണൂർ റീജിനൽ കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നീ രണ്ട് സഹകരണ സ്ഥാപനങ്ങളും, സൗത്ത് ഇന്ത്യൻ ബാങ്ക് നടുവണ്ണൂർ, സൗത്ത് മലബാർ ഗ്രാമീണബാങ്ക് ഉള്ള്യേരി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പേരാമ്പ്ര, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ബലുശ്ശേരി, കോഴിക്കോട് ജില്ലാ സഹകരണബാങ്ക്, കൊയിലാണ്ടി താലൂക്ക് കാർഷിക വികസന ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളും ഉണ്ട്. ഇതിൽ നടുവണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് തകർച്ചയിലാണ്. മേൽ സ്ഥാപനങ്ങളിൽ നിന്നും കർഷകർക്ക് യഥാസമയം വേണ്ടത്ര സഹായങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി നിലവിലുണ്ട്. ഈ പഞ്ചായത്തിലെ 1,2,8,9,10 വാർഡുകൾ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പരിധിയിലാണ്. ഇവിടങ്ങളിലെ കർഷകർക്ക് വായ്പ ലഭിക്കാൻ വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ടെന്ന് പരാതിയുണ്ട്. അതുകൊണ്ട് നടുവണ്ണൂരിൽ ഗ്രാമീണ ബാങ്കിന്റെ ഒരു ശാഖയും ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖയും വേണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഉള്ള്യേരി ഗ്രാമീണ ബാങ്കിന്റെ പരിധിയിൽ വരുന്ന 3,4,5,6,7 വാർഡുകളിലെ കർഷകർക്കും വായ്പ ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടത്രെ. എല്ലാ ബാങ്കുകളിൽ നിന്ന് കടമെടുക്കുന്നതും കൃത്യസമയത്ത് തിരിച്ചടക്കാത്തതുമായ പ്രവണത നിലവിലുള്ളതായി മനസ്സിലാക്കുന്നു.

ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. ജൂൺ, ജൂലായ് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ഈ മഴ വെള്ളം സംഭരിച്ച് കൃഷിക്കുപയോഗപ്രദമാക്കാൻ കഴിയുന്നില്ല. പുതിയപുറത്തു താഴെ നിന്നാരംഭിച്ച് പഞ്ചായത്തിന്റെ തെക്കു ഭാഗത്ത് കിഴക്കോട്ടു കടവിലൂടെ രാമപുഴയിൽ ചേരുന്ന ഒരു തോട്ടിലൂടെയും, പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലുള്ള തോട്ടിലൂടെയും, പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലുള്ള തോട്ടിലൂടെയും മൺസൂൺ കാലത്തെ മഴവെള്ളം പാഴായിപോവുകയാണ്. ഇടമഴകളും വല്ലപ്പോഴും കിട്ടുന്ന വേനൽ മഴകളുമാണ് കൃഷിയെ കനിഞ്ഞനുഗ്രഹിക്കുന്നത്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ പഞ്ചായത്തിലെ ജനങ്ങൾക്ക് ഒരനുഗ്രഹം തന്നെയാണ്. പലയിടങ്ങളിലും കുടിവെള്ളം ലഭ്യമാക്കാൻ കൂടി ഈ കനാൽ ഉപയോഗപ്പെടുന്നു. കുറ്റ്യാടി പദ്ധതിയുടെ നടുവണ്ണൂർ ഡിസ്ട്രിബ്യൂട്ടറി ഏകദേശം -1.5 കി.മീ. നീളമുണ്ട്. ഇത് 122 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ ഉപയോഗിക്കാം എന്നാണ് കണക്ക്. പക്ഷെ കർഷകർക്ക് ഈ സൗകര്യം വേണ്ട രൂപത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. അയനിക്കാട് ഡിസ്ട്രിബ്യൂട്ടറി ഈ പഞ്ചായത്തിലൂടെ ഏകദേശം അഞ്ച് കി.മീ. നീളമുണ്ട്. 144.51 ഏക്കർ സ്ഥലത്ത് ജലസേചനം നടത്താമെന്നാണ് കണക്ക്. എങ്കിലും ഇത്രയും സ്ഥലത്ത് ഇപ്പോൾജലസേചനം നടത്താൻ കഴിയുന്നില്ല. 7ാം വാർഡിലും, മൂന്നാം വാർഡിലും, 5ാം വാർഡിൽ അല്പം സ്ഥലങ്ങളിലും മാത്രമെ കൃഷിക്ക് ജലസേചനം നടത്താൻ സാധിക്കുന്നുള്ളൂ.

മിക്ക വാർഡുകളിലും ചെറുതും വലുതുമായ കുളങ്ങളുണ്ട്. തോടുകളും പുഴയുമുണ്ട്. എന്നാൽ ജലസേചനത്തിന് വേണ്ടി ഉപയോഗപ്പെടുത്തുന്നില്ല.

ഈ പഞ്ചായത്തിൽ കായ്ഫലമുള്ള 2,71,671 തെങ്ങുകളും. കായ്ഫലമില്ലാത്ത 47,019 തെങ്ങുകളും ഉണ്ട്. നെൽവയലുകൾ നികത്തി തെങ്ങുകൾ വെച്ചിട്ടുണ്ടെങ്കിലും അവയിൽ പ്രതീക്ഷക്കൊത്ത ആദായം ലഭിക്കുന്നില്ല. വർഷത്തിൽ തെങ്ങൊന്നിന് ശരാശരി 36 തേങ്ങയാണ് ലഭിക്കുന്നത്. തെങ്ങിന്റെയും മറ്റ് വിളകളുടെയും കണക്കുകൾ പട്ടിക 1 സി യിൽ.

കാർഷികമേഖലയിലെ പ്രശ്നങ്ങൾ

മണ്ണിന്റെ ജൈവ സമ്പത്ത് നഷ്ടമായിക്കൊണ്ടിരിക്കുന്നു. വേണ്ടത്ര ജൈവവളങ്ങൾ കൊടുക്കാൻ കർഷകർക്ക് കഴിയുന്നില്ല.

പഞ്ചായത്തിന്റെ പലഭാഗങ്ങളിലും കൃഷിയോഗ്യമായ ഭൂമി പൂർണ്ണമായും കൃഷിക്ക് ഉപയോഗപ്പെടുത്തുന്നില്ല. നെൽവയലുകൾ മിക്കതും ഒരുപുകിൽ കൃഷി മാത്രമെ ചെയ്യപ്പെടുന്നുള്ളൂ.

ജലസേചന സൗകര്യം വേണ്ട സ്ഥലത്തും വേണ്ട സമയത്തും ആവശ്യമായ അളവിൽ ലഭിക്കുന്നില്ല. കനാൽ സൗകര്യം കാര്യക്ഷമമല്ല. അഞ്ചാം വാർഡിലെയും നാലാം വാർഡിലെയും കൃഷിക്ക് അയനിക്കാട് ഡിസ്ട്രിബ്യൂട്ടറിയിലൂടെ വെള്ളം ലഭ്യമാകുന്നില്ല. കിഴുക്കോട്ടു കടവിലെത്തുന്ന തോട്ടിലൂടെ ഒഴുകുന്ന വെള്ളവും നെൽകൃഷിക്ക് ഉപയോഗിക്കപ്പെടുന്നില്ല. പലഭാഗങ്ങളിലും പമ്പുപയോഗിച്ച് ജലസേചനം നടത്തത്തക്ക കുളങ്ങളും മറ്റുമുണ്ടെങ്കിലും ഇവയൊന്നും വേണ്ട രീതിയിൽ ഉപയോഗിക്കപ്പെടുന്നില്ല. മൂന്നാം വാർഡിലൂടെ കടന്നുപോവുന്ന് വെള്ളിയൂർ - കരുവണ്ണൂർ - കാവുന്തറ കനാലിൽ വെള്ളം എത്തുന്നില്ല.

പാടങ്ങൾ അനിയന്ത്രിതമായി നികത്തപ്പെടുമ്പോൾ ചിലസ്ഥലങ്ങളിൽ ജലസേചന സൗകര്യം നഷ്ടപ്പെടുകയും മറ്റു ചിലഭാഗങ്ങളിൽ നീർക്കെട്ടുണ്ടാവുകയും ചെയ്യുന്നു. വാഴയെ ബാധിക്കുന്ന കൂമ്പടപ്പ്, തെങ്ങിനെ ബാധിക്കുന്ന കൂമ്പു ചീയൽ, നെല്ലിനെ ബാധിക്കുന്ന കണ്ടപ്പുഴ തുടങ്ങിയ കീടബാധയെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയുന്നില്ല.

കാർഷികമേഖലയിലെ തൊഴിലാളികളുടെ ലഭ്യതക്കുറവ് ഉള്ള തൊഴിലാളികളുടെ കൂലി കൂടുതൽ വർദ്ധിച്ച ഉൽപ്പാദനച്ചെലവ്, നല്ലയിനം നടീൽ വസ്തുക്കൾ തക്കസമയത്ത് ലഭിക്കാത്തത്. ആവശ്യമായ ആധുനിക യന്ത്രോപകരണങ്ങളുടെ ലഭ്യതക്കുറവ് ഇവയും കാരണങ്ങളാണ്.

കൃഷിഭവന്റെ സേവനം എല്ലാവർക്കും വേണ്ടതോതിൽ ലഭ്യമാവുന്നില്ല. കൃഷിഭവനിലൂടെയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അപ്പോളപ്പോൾ കർഷകരിലെത്തിക്കാനുള്ള സംവിധാനം ഉണ്ടാകണം. ബോധവൽക്കരണം ആവശ്യമാണ്. വിള ഇൻഷൂറൻസ് സംവിധാനം വ്യാപകമാക്കിയിട്ടില്ല. വായ്പാ സൗകര്യങ്ങൾ പരിമിതമാണ്. ഉള്ളതിൽ നിന്നു തന്നെ തക്കസമയത്ത് ആവശ്യത്തിനുള്ള വായ്പ ലഭിക്കുന്നില്ല. കാർഷികോൽപ്പന്നങ്ങളുടെ അനിയന്ത്രിതമായ വിലയിടിവ് കർഷകർക്ക് താങ്ങാൻ കഴിയുന്നില്ല. ഉൽപ്പന്നങ്ങളുടെ വിപണനത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല. ന്യായവില കിട്ടുന്നുമില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. പുതിയപുറത്ത് താഴം മുതൽ കീഴ്ക്കോട്ട് കടവ് വരെയുള്ള തോട്ടിന്റെ ഇരുവശങ്ങളും കെട്ടി സംരക്ഷിക്കുക. ആവശ്യമായ ഇടങ്ങളിലൊക്കെ തടയണകൾ സ്ഥാപിച്ച് ജലസേചന സൗകര്യമുണ്ടാക്കുക.
2. കാവുകുളം കെട്ടി സംരക്ഷിക്കുക. കോനേരി താഴം മുതൽ തിരുമംഗലത്ത് താഴം വരെ തോട് വശങ്ങൾ കെട്ടി ജലസേചന സൗകര്യമുണ്ടാക്കുക.
3. അയനിക്കാട് ബ്രാഞ്ച് കനാലിന്റെ ആൽത്തറ മുക്കിൽ കൂടി വരുന്ന ഫീൽഡ് ബോത്തിയിലൂടെ വെള്ളാംപൊയിൽ താഴം വരെ എത്തിക്കണം.
4. കോഴിക്കോവിൽ താഴം നിന്നും തച്ചിനാനി താഴം വരെ ഉള്ള കനാലിൽ വെള്ളമെത്തിക്കുക.
5. പുഴയോരങ്ങൾ കെട്ടി സംരക്ഷിക്കുകയും പുഴയിൽ നിന്നും വെള്ളം പമ്പുചെയ്ത് 10,1,4 വാർഡുകളിലെ കുന്നിൻമുകളിൽ ജലസേചനം നടത്താൻ വേണ്ട ഏർപ്പാടുണ്ടാക്കുക.
6. കീഴ്ക്കോട്ടു കടവിൽ നിലവിലുള്ള ചീർപ്പ് ഉപയോദഗയോഗ്യമാക്കണം.
7. കമ്മ്യൂണിറ്റി ഇറിഗേഷൻ നടപ്പിലാക്കണം.

നെല്ല്യാട്ടു കണ്ടി കോളനി, പടിയാടത്ത് കോളനി, കീഴ്ക്കോട് കുന്ന്, ചെങ്ങോട്ടു പാറ(1-ാം വാർഡ്), പുൽപ്പറക്കുന്ന്, കൊട്ടപ്പുറത്ത്ഭാഗം, എടവനപ്പുറത്ത് ഭാഗം, എളയിടത്തു താഴം, തോട്ടപ്പുറത്ത് താഴം (രണ്ടാം വാർഡ്), ചുണ്ടമല,ഉടുമ്പമല, കുളമുണ്ടതിൽ മീത്തൽ, ചാന്തോത്ത് മീത്തൽ, കൊയനകുന്നുമ്മൽ (മൂന്നാം വാർഡ്), മാവത്തു തറ, മന്ദൻകാവ് സ്കൂൾ പരിസരം, ഇടുവാട്ടു കുന്നുമ്മൽ (നാലാം വാർഡ്), പുനത്തിൽ മീത്തൽ, ആയങ്കോട്ടുമ്മൽ, പാലാടൻകുഴി മീത്തൽ ഭാഗം, അലേമ്പ മീത്തൽ ഭാഗം, കുറ്റ്യാപ്പുഴത്തു മീത്തൽ ഭാഗം (അഞ്ചാം വാർഡ്), ഏറാടികുന്ന്, വേട്ടുക്കെട്ടുകുന്ന്, കുന്നത്തു തറമ്മൽ കോളനി (ആറാം വാർഡ്), കൊയിലോത്ത് തറ മീത്തൽ, ചരയങ്ങാട്ടു മീത്തൽ, പട്ടയാട്ടു മീത്തൽ, പൊലപ്പള്ളി മീത്തൽ, കുറ്റിയുള്ളതിൽ മീത്തൽ (ഏഴാം വാർഡ്), മുയ്യാറ്റ മല, ആലങ്കോട്ടു മല, പുതശ്ശേരിക്കുന്ന്, ആരീക്കച്ചാലിൽ ഭാഗം, വലിയ പറമ്പ് ഭാഗം (എട്ടാം വാർഡ്), അത്യക്കണ്ടിമുക്ക്, വെല്ലോറ മുക്ക്, പള്ളിച്ചാലിൽ ഭാഗം, പരപ്പിൻകാട്ടിൽ പുറായി (ഒൻപതാം വാർഡ്), വടക്കേക്കര മീത്തൽ, മാതാണ്ടിക്കുന്ന്, പരപ്പിൽതാഴം, പുതിയതെരു, വില്ല്യന്നി മല (പത്താം വാർഡ്) എന്നിവിടങ്ങളിലാണ് ഇത് നടപ്പാക്കേണ്ടത്.


8. നൊരമ്പനക്കുളം ഡ്രൈഞ്ചേജ് കനാൽ വികസിപ്പിക്കണം.
9. അഗ്രോക്ലീനിക്ക് പഞ്ചായത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണം.
10. പുതിയടത്ത് കുനി മുതൽ തണ്ടോറത്താഴം വരെയും, പുതിയടത്ത് കുനി മുതൽ ഇട്ടുമ്മറകണ്ടി താഴം വരെയും കൈത്തോടുകൾ നിർമ്മിക്കുകയും പാലാച്ചിതാഴം ക്രോസ് ബാർ, കല്ലടത്താഴം ക്രോസ് ബാർ നന്നാക്കുകയും ചെയ്യണം.
11. തെക്കെൻ താഴ മുതൽ വെങ്ങളത്ത് കണ്ടി താഴവരെ കൈതോട് നിർമ്മിക്കുകയും തോടിന്റെ ഇരുവശവും കെട്ടി സംരക്ഷിക്കുകയും വേണം.
12. ചേനാത്ത് താഴ മുതൽ പുറക്കൈനട ചീപ്പുമായി ബന്ധിപ്പിക്കുന്ന വിധത്തിൽ 600 മീറ്റർ നീളത്തിൽ തോടുവെട്ടണം.
13. വേട്ടക്കരൻ കണ്ടി താഴം -വെങ്ങിലേറി താഴം ഫീൽഡ് ബോത്തി പൂർത്തീകരിക്കണം.
14. കല്ലിടുക്കിൽ മീത്തൽ സ്ലൂയിസ് മാറ്റി സ്ഥാപിക്കുകയോ, താഴ്ത്തി വെക്കുകയോ ചെയ്യണം.

പുനത്തിൽ മീത്തൽ കനാലിനു കീഴ്ഭാഗത്ത് ഒരു സ്ലൂയിസ് സ്ഥാപിക്കണം. പുനത്തിൽ മീത്തൽ നിന്ന് പള്ളി ഭാഗത്തേക്ക് നിലവിലുള്ള ഫീൽഡ് ബോത്തി നന്നാക്കണം.

15. തെക്കെൽ താഴ മുതൽ വെങ്ങളത്ത് കണ്ടി താഴ വരെ കനാൽ നിർമ്മിച്ച് വേട്ടക്കാരൻ കണ്ടി താഴ ഫീൽഡ് ബോത്തിയോട് യോജിപ്പിക്കണം.
16. മാരാത്ത് താഴം നിന്നും തുടങ്ങി മൂരാശികണ്ടി താഴ വഴി കുറ്റ്യാപ്പുറത്തു താഴ വരെ ഫീൽഡ് ചാനൽ ഉണ്ടാക്കണം. ഇതിൽ വെള്ളം കിട്ടാൻ പുനത്തിൽ ഒരു സ്ലൂയിസ് വെക്കണം.
17. കല്ലട താഴ മുതൽ കണ്ടമ്പത്ത് താഴവരെയും കൊയിലോത്ത് താഴ മുതൽ പാലാഴി താഴ വരെയും ഉള്ള തോടിന്റെ വശങ്ങൾ കെട്ടണം. നാറണത്ത് ഇടവഴിയിൽ ഒരു തടയണ നിർമ്മിക്കണം.
18. മുണ്ടോട്ടറ ഭാഗത്ത് തോടിന്റെ ഇരുവശവും കരിങ്കൽ കെട്ട് കെട്ടി സംരക്ഷിക്കണം.
19. എടോത്ത്താഴ ഭാഗത്ത് തോടിന്റെ ക്രോസ്ബാറിനു പുതിയ ഷട്ടർ ഇടണം. അരുമൻ കണ്ടി താഴ മുതൽ അഴകത്തു താഴ വരെ കൈതോട് നിർമ്മിക്കണം.
20. Group farming:മുഖ്യകൃഷികളായ നെല്ലിനും തെങ്ങിനും ഗ്രൂപ്പ് ഫാമിംങ്ങ് ഏർപ്പെടുത്തണം. നിലവിലുള്ള കർഷകസമിതികൾ കൂടുതൽ കാര്യക്ഷമമാക്കുകയും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യണം.
21. വിത്തിനങ്ങൾ: ഉല്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം കിട്ടാനുള്ള ഏർപ്പാട് വേണം. പ്രാദേശികമായി വിത്തുല്പാദനത്തിന് പാടശേഖര സമിതികളെയും നാട്ടിൻപുറങ്ങൾക്ക് നഴ്സറികളെയും പ്രയോജനപ്പെടുത്താവുന്നതാണ്.
22. പഞ്ചായത്തിൽ വ്യാപകമായി കണ്ടു വരുന്ന ഔഷധ സസ്യങ്ങൾ കണ്ടെത്തി സംരക്ഷിക്കുന്നതിന് ഔഷധ സസ്യങ്ങൾ വിപണനാടിസ്ഥാനത്തിൽ കൃഷിചെയ്യാനും നടപടികൾ ഉണ്ടാവണം.
23. സഹകരണാടിസ്ഥാനത്തിൽ വാർഡുകളിൽ പച്ചക്കറി കൃഷി വ്യാപകമായി നടത്താൻ ഏർപ്പാട് ഉണ്ടാകണം. കനാലിന്റെ വശങ്ങളിലും മറ്റുമുള്ള സർക്കാർ സ്ഥലങ്ങളും മറ്റ് പുറംപോക്ക് ഭൂമികളും ഇതിനായി ഉപയോഗിക്കാം. നടുവണ്ണൂർ ഹൈസ്ക്കൂളും പഞ്ചായത്തിലെ പ്രൈമറിസ്കൂളുകളും കേന്ദ്രമാക്കി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും.
24 തേങ്ങ, പച്ചക്കറി, അടക്ക, റബ്ബർ തുടങ്ങിയ കാർഷിക ഉൽപാദനങ്ങൾ വിൽക്കാനുള്ള വിപണന സൗകര്യം പഞ്ചായത്തടിസ്ഥാനത്തിലുണ്ടാകണം.
25. കർഷകർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് കാവുന്തറയിലും നടുവണ്ണൂരിലും രണ്ട് ഗ്രാമീണ ബാങ്ക് ശാഖകൾ സ്ഥാപിക്കണം.
26. വിള ഇൻഷുറൻസ് വ്യാപകമാക്കണം. കൂടുതൽ കാര്യക്ഷമമാക്കുകയും വേണം. ഇൻഷൂറൻസ് തുക യഥാസമയം കർഷകർക്ക് കിട്ടാൻ ഏർപ്പാട് വേണം.
27. ശരിയായ സുരക്ഷ സംവിധാനങ്ങളോടെയല്ല കീടനാശിനി പ്രയോഗിക്കുന്നത്. കർഷകർക്ക് ബോധവൽക്കരണം ആവശ്യമാണ്. ജൈവികകീടനിയന്ത്രണം പഠിപ്പിക്കണം. BHC, ഫുരഡാൻ, തുടങ്ങിയ കീടനാശിനികൾ കഴിയുന്നതും ഒഴിവാക്കാനാവശ്യമായ പ്രചാരണം നടത്തണം.
28. വളങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ വേണ്ടത്ര വളം ഡിപ്പോ ഇപ്പോൾ പഞ്ചായത്തിലില്ല. വേണ്ട സ്ഥലങ്ങളിൽ വളം ഡിപ്പോ തുടങ്ങാൻ നടപടി സ്വീകരിക്കണം.
29. കനാൽ വെള്ളം ആവശ്യമുള്ളപ്പോൾ ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. കർഷക സമിതികൾ ഉണ്ടാക്കി കനാൽ തുറക്കാനും അടയ്ക്കാനും നടപടികൾ സ്വീകരിക്കുന്നത് നന്ന്.
30. കൃഷിഭവൻ മുഖേനയുള്ള ആനുകൂല്യങ്ങൾ യഥാസമയം കർഷകരെ അറിയിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഈ സഹായങ്ങൾ ജനകീയ സമിതികൾ വഴി വിതരണം നടത്താൻ വേണ്ട ഏർപ്പാടുകൾ വേണം.
31. വിപണന സാധ്യതയുള്ള ആന്തൂറിയം, ഓർക്കിഡ്, കുറ്റിമുല്ല തുടങ്ങിയവയുടെ കൃഷി നഴ്സറികളുടെ സഹായത്തോടെ വ്യാപിപ്പിക്കുവാൻ ഏർപ്പാടുവേണം.
32. ലാഭകരമായി കുറഞ്ഞ സമയപരിധിക്കുള്ളിൽ വിളവെടുക്കാവുന്നതായ കുൺകൃഷി നടപ്പിലാക്കുന്നതിന് ശ്രദ്ധ പതിപ്പിക്കണം.
33. കപ്പകൃഷി, വെറ്റില, മറ്റിടവിളകൾ, നാടൻ വാഴ കൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം.
34. ഏകീകൃത കൂലി നടപ്പാക്കുന്നതിന് പഞ്ചായത്താടിസ്ഥാനത്തിൽ മോണിറ്ററിംങ്ങ് സമിതി ആവശ്യമാണ്.
35. പുഴയോരത്തുള്ള പഞ്ചായത്തു ഭൂമിയിൽ തൊണ്ട് പൂഴ്ത്താൻ ഏർപ്പാടുണ്ടാക്കണം.
36. കൊപ്ര ഡ്രയിംങ്ങ് യാർഡ് സ്ഥാപിക്കണം.
37. മണ്ണു പരിശോധന നടത്താൻ വേണ്ട ഏർപ്പാടുകൾ വേണം.
38. കാർഷികാവശ്യത്തിനുള്ള വൈദ്യുത കണക്ഷ

നിലുള്ള നിബന്ധനകൾ ലഘൂകരിച്ച് പെട്ടെന്ന് കണക്ഷൻ കിട്ടാൻ നടപടി വേണം.

39. നിലവിലുള്ള പദ്ധതികൾ കഴിയുന്നത്ര വേഗം പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.
40. കൃഷിക്കാർക്ക് വിത്ത്, വളം, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്യുക.
41. എലി നശീകരണത്തിന് തീവ്രയത്ന പരിപാടികൾ വേണം.
42. പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ചവർക്ക് നഷ്ട പരിഹാരം പെട്ടെന്ന് കിട്ടാൻ നടപടിയാവശ്യമാണ്.
43. കശുമാവിനെ ബാധിക്കുന്ന രോഗത്തിന് നിവാരണം വേണം. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി വേണം.



നമ്പർ	സ്ഥാപനം	1993-94		1994-95		1995-96	
		രാസവളം	കീടനാശിനി	രാസവളം	കീടനാശിനി	രാസവളം	കീടനാശിനി
1	സഹകരണം	23695 kg	--	--	--	--	--
2	സ്വകാര്യം..	92008kg	22kg	109085kg	18.5kg	110805	12kg

ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ			തെങ്ങുകയറ്റു യന്ത്രം	പോർട്ടബിൾ പമ്പ് സെറ്റ്	മെതിയന്ത്രം
ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക സ്പ്രെയർ	സ്പ്രെയർ	മറ്റുള്ളവ			
—	1	141	11	3	—	1	135	—

ക്രമനമ്പർ	കൃഷി	കായ്ഫലമുള്ളത്	കായ്ഫലമില്ലാത്തത്
1	തെങ്ങ്	271670	47020
2	കവുങ്ങ്	161610	37930
3	മാവ്	23390	–
4	പ്ലാവ്	24165	–
5	കശുമാവ്	4210	–
6	നാടൻ വാഴ	27180	–
7	മുളക്	26110	10460
8	പന	680	–
9	പുളി	1900	–
10	പപ്പായ	6980	–
11	കൈതച്ചക്ക	(സെന്റിൽ) 1160	–
12	നേന്ത്രവാഴ	" 10010	–
13	ഇഞ്ചി	" 2500	–
14	മഞ്ഞൾ	" 2500	–
15	കിഴങ്ങുവർഗം	" 4500	–
16	മരച്ചീനി	" 10000	–

അവലംബം – KEASR - 94-95



മൃഗപരിപാലനം

അടുത്തകാലത്തായി നമ്മുടെ പഞ്ചായത്തിൽ മൃഗപരിപാലന രംഗത്ത് ഗണ്യമായ വളർച്ചയുണ്ടായിട്ടുണ്ട്. പാലുൽപ്പാദനത്തിനും ഉപഭോഗത്തിലും ഈ മാറ്റം കാണാൻ കഴിയും. 1970 കളിൽ പാലുൽപ്പാദനം കുറഞ്ഞ നാടൻ പശുക്കളായിരുന്നു കൂടുതലുണ്ടായിരുന്നത്. എന്നാൽ അടുത്ത കാലത്തായി കൂടുതൽ പാൽനൽകുന്ന സങ്കരയിനം പശുക്കളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി കാണാം. കൂടുതലായി ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കാനും സാധിക്കുന്നു. നടുവണ്ണൂർ പഞ്ചായത്തിലെ പക്ഷിമൃഗ സമ്പത്തിനെ കുറിച്ച് പട്ടികയിൽ കൊടുത്തിരിക്കുന്നു.

നമ്മുടെ പക്ഷിമൃഗസമ്പത്ത്

സങ്കരയിനം പശുക്കൾ	675
നാടൻ പശുക്കൾ	4202
ആട്	817
നായ	650
താറാവ്	9
കോഴി	1692

അവലംബം കന്നുകാലി സെൻസസ്

നടുവണ്ണൂർ പഞ്ചായത്തിൽ രണ്ട് ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. കാവുംതറയിൽ എഴാം വാർഡിലും കരുമ്പാപ്പൊയിലിൽ പത്താംവാർഡിലുമാണ് ഇവപ്രവർത്തിക്കുന്നത്. ഒരു വർഷം ഏകദേശം 21,600 ലി. പാൽ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കപ്പെടുന്നുണ്ട്. 1959ൽ ആണ് നടുവണ്ണൂരിൽ ഒരു മൃഗസംരക്ഷണ കേന്ദ്രം ആരംഭിച്ചത്. ഈ സ്ഥാപനം ഈ വർഷം അപ്പ് ഗ്രേഡ് ചെയ്ത് ഒരു മൃഗാശുപത്രിയാക്കി മാറ്റിയിട്ടുണ്ട്. മൃഗാശുപത്രിയൽ സ്ഥിരമായി ഒരു ഡോക്ടറുണ്ട്. നടുവണ്ണൂരിൽ രണ്ട് ബീജസങ്കലന കേന്ദ്രങ്ങൾ ഉണ്ട്. അതിലൊന്ന് മൃഗാശുപത്രിയോട് ചേർന്നും, രണ്ടാമത്തേത് കാവും തറയിലും പ്രവർത്തിക്കുന്നു. എങ്കിലും ജീവനക്കാരുടെയും മരുന്നിന്റെയു ക്ഷാമം മൂലം കാവും തറയിലുള്ള ബീജ സങ്കലന കേന്ദ്രം ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

പാവപ്പെട്ടവന്റെ പശുവെന്നറിയപ്പെടുന്ന ആട് നടുവണ്ണൂർ പഞ്ചായത്തിലെ കന്നുകാലി സമ്പത്തിൽ എണ്ണത്തിൽ കുറവാണ്. ഇരുപത് വർഷത്തെ കണക്കുകൾ അവലോകനം ചെയ്യുമ്പോൾ ആകെ മൃഗ സമ്പത്തിൽ ആടിനുണ്ടായ പ്രാധാന്യം കുറഞ്ഞുവരുന്നതായി കാണാം. വർദ്ധിച്ചു വരുന്ന സംരക്ഷണ ചെലവും, വേണ്ടത്ര തീറ്റ ലഭ്യമാക്കാൻ കഴിയാത്തതും, രോഗാതുരത കൂടുതലാണ് എന്നുള്ളതും, ഈ രംഗത്ത് കർഷകരെ പിൻതിരിപ്പിക്കുന്ന ഘടകങ്ങളത്രെ.

ആടുവളർത്തലിനായി ധനസഹായം നൽകുന്ന ധാരാളം പദ്ധതികൾ ഉണ്ടെങ്കിലും ഗുണഭോക്താക്കൾ പൊതുവെ ഈ പദ്ധതികളെ കുറിച്ച് അജ്ഞരാണ്.

നടുവണ്ണൂർ പഞ്ചായത്തിലെ പക്ഷി സമ്പത്തിൽ കോഴികളുടെ എണ്ണം ഉയർന്നു നിൽക്കുന്നുവെങ്കിലും, ശാസ്ത്രീയമായ ഒരു സമീപനം ഈ രംഗത്ത് ഇവിടെ പ്രചരിച്ചിട്ടില്ല. മന്ദങ്കാവിലും, എല

ങ്കമലിലും കിഴിക്കോട്ടു ഭാഗത്തും ഓരോ കോഴി വളർത്തു കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെങ്കിലും, തൃപ്തികരമല്ല. കോഴികൾക്ക് വന്നുപെടുന്ന സാംക്രമിരോഗങ്ങളാണ് മുഖ്യമായും കർഷകരെ ഈ രംഗത്തു നിന്നും അകറ്റി നിർത്തുന്നത്.

മൃഗസംരക്ഷണരംഗത്ത പ്രധാന പ്രശ്നങ്ങൾ

1. മിതമായ വിലയ്ക്ക് കാലിത്തീറ്റ ലഭിക്കുന്നില്ല. പോഷകമൂല്യം കുറഞ്ഞതാണ് പലപ്പോഴും ലഭിക്കുന്നത്.
2. കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങൾ കുറവാണ്. ഉള്ളവയിൽ സ്റ്റാഫില്ല.
3. പഞ്ചായത്തിൽ അറവുശാലകൾ ഇല്ല.
4. ശീതീകരണ സൗകര്യങ്ങൾ ഇല്ല.
5. മൃഗാശുപത്രിക്ക് അത്യാവശ്യ സൗകര്യങ്ങൾ കുറവാണ്. ജീവനക്കാർ കുറവാണ്. സ്വന്തം കെട്ടിടമില്ല.
6. അത്യുൽപ്പാദനശേഷിയുള്ള കോഴികളെ ഉൽപ്പാദിപ്പിക്കുന്ന ഫാമുകൾ ഇല്ല.
7. അത്യുൽപ്പാദന ശേഷിയുള്ള മൃഗങ്ങളുടെ ശാസ്ത്രീയമായ പരിവാലനം, സാങ്കേതിക വിദ്യയുടെ പ്രചാരണം എന്നിവ തൃപ്തികരമായ രീതിയിൽ അല്ല.

ഗ്രാമസഭാ നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. ക്ഷീര സഹകരണ സംഘങ്ങൾ കൂടുതൽ സ്ഥലത്ത് ആരംഭിക്കുക. അതുവഴി കന്നുകാലി തീറ്റ, തീറ്റപ്പുൽ വിത്ത്, എന്നിവയുടെ വിതരണം ഉറപ്പു വരുത്തുക.
2. മൃഗസംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരണം നടത്തുക. മൃഗസംരക്ഷണം അന്തസ്സുള്ള ഒരു തൊഴിലായി അംഗീകരിക്കപ്പെടുക.
3. ശാസ്ത്രീയ പരിപാലനരീതികളും, ഈ രംഗത്തെ നവീന രീതികളും ജനങ്ങൾക്ക് സ്വായത്തമാക്കാൻ സഹായിക്കുക.
4. റഗുലേറ്റഡ് മാർക്കറ്റുകൾ ആരംഭിക്കുക.
5. മാംസ സംസ്കരണ വിപണന യൂണിറ്റ് ആരംഭിക്കുക.
6. വെറ്റനറി സബ് സെന്റർ കൂടുതൽ സ്ഥലത്ത് ആരംഭിക്കുക.
7. കൃത്രിമബീജ സങ്കലന കേന്ദ്രങ്ങൾ കൂടുതൽ വാർഡുകളിൽ ആരംഭിക്കുക. പ്രവർത്തനം കാര്യക്ഷമമാക്കുക.
8. മൃഗാശുപത്രിയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക. രോഗനിർണ്ണയം കാര്യക്ഷമമാക്കുക.
9. പോൾട്രിഫാം, ആട്ഫാം എന്നിവ ആരംഭിക്കുക.
10. ഓയിൽ കോംപ്ലക്സ് പ്രവർത്തനമാരംഭിച്ചാൽ അതിനോടനുബന്ധിച്ച് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
11. വൈക്കോൽ സംമ്പുഷ്ടകാലിത്തീറ്റയാക്കുന്ന ഒരു യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
12. ആനന്ദ് മാതൃകയിൽ മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് ആരംഭിക്കുക.
13. വർഷത്തിൽ ഒരു തവണയെങ്കിലും വാർഡുകളിൽ ഗോരക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കണം.
14. ഓരോ വീട്ടിലും പശുവളർത്തൽ ആരംഭിക്കുന്നതിലേക്ക് ആവശ്യമായ സഹായം നൽകേണ്ടതാണ്.
15. ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പശു, ആട്, കോഴി, താറാവ് എന്നിവ വളർത്തുന്നതിന് ഗ്രാമ പഞ്ചായത്തുവഴി ഗ്രാന്റ് നൽകേണ്ടതാണ്.
16. ഏറ്റവും നല്ല പശുവളർത്തൽ, ആടുവളർത്തൽ കർഷകർക്ക് ഗ്രാമപഞ്ചായത്ത് വഴി കാഷ് അവാർഡ് ഏർപ്പെടുത്തേണ്ടതാണ്.

പേവിഷബാധ

- പഞ്ചായത്തിൽ 650 നായ്ക്കൾ ഉള്ളതായാണ് കണക്ക്. നായവളർത്താൻ ലൈസൻസ് നിർബന്ധമാക്കണം. അലഞ്ഞുതിരിയുന്ന നായ്ക്കൾ പേവിഷബാധ പരത്തുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു.
- പേവിഷബാധ ചികിത്സയെപ്പറ്റി ജനങ്ങളിൽ ബോധവൽക്കരണം നടത്തണം.
- അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കാൻ നായപിടുത്തത്തിൽ പരിശീലനം നൽകുകയും പ്രതിഫലം വർദ്ധിപ്പിക്കുകയും ചെയ്യണം.
- പേവിഷബാധക്കെതിരായ പ്രതിരോധ കുത്തിവെയ്പ്പ് മൃഗാശുപത്രികളിൽ ഉറപ്പുവരുത്തുക.

മത്സ്യബന്ധനം

മത്സ്യബന്ധനരംഗത്ത് പഞ്ചായത്തിൽ നിലവിലുള്ള സാധ്യതകൾ കുറവാണെങ്കിലും ബോധപൂർവ്വമുള്ള ശ്രമങ്ങളിലൂടെ സ്ഥിതിമെച്ചപ്പെടുത്താൻ കഴിയും. പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടെ ഒഴുകുന്ന പുഴയിൽനിന്നുള്ള മത്സ്യബന്ധനം ശാസ്ത്രീയമാക്കുന്നതിലൂടെ ഒട്ടേറെപേർക്ക് ഉപജീവനമാർഗ്ഗം ലഭിക്കും. പഞ്ചായത്തിൽ ശാസ്ത്രീയമായി മത്സ്യം

വളർത്താൻ സഹായകമായ കുറെ കുളങ്ങൾ കണ്ടെത്താൻ കഴിയും. കാവുങ്കുളവും മറ്റ് കുളങ്ങളും മെച്ചപ്പെടുത്തിയാൽ മത്സ്യം വളർത്താനുള്ള ഒരു പ്രധാന കേന്ദ്രമാക്കി അവയെ മാറ്റാൻ കഴിയും. സ്വകാര്യ കുളങ്ങളിൽ മത്സ്യം വളർത്താൻ പ്രോത്സാഹനം നൽകണം. കരുവണ്ണൂർ-കിഴക്കോടു കടവ് തോടിന് ചിലഭാഗങ്ങളിൽ തടയണ കെട്ടി മത്സ്യം വളർത്തൽ ആരംഭിക്കാവുന്നതാണ്.

വെങ്ങളത്ത് കണ്ടി പ്രദേശത്ത് പുഴയോട് ചേർന്നു കിടക്കുന്ന സ്ഥലം ചെമ്മീൻ കൃഷിക്ക് പറ്റിയതാണോ എന്ന് വിദഗ്ദാഭിപ്രായം തേടണം. ഏതാനും പേർക്ക് തൊഴിൽ നൽകാൻ ആ പദ്ധതി നടപ്പാക്കുന്നതിലൂടെ സാധിക്കും.

മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ പ്രധാനമായും കാണാൻ കഴിയുന്നത് മത്സ്യ വിതരണ തൊഴിലാളികളെയാണ്. അസംഘടിതരായ ഈവിഭാഗത്തിന് മത്സ്യവിതരണത്തിന് സഹായിക്കുന്ന സൈക്കിളുകളും മറ്റും വാങ്ങാൻ സഹായം നൽകേണ്ടതാണ്. പഞ്ചായത്ത് കേന്ദ്രത്തിൽ മത്സ്യ മാർക്കറ്റ് സ്ഥാപിച്ച് റോഡരുകിലെ മത്സ്യവിൽപ്പന ഒഴിവാക്കേണ്ടതുണ്ട്.

വേണ്ടത്ര ശ്രദ്ധിക്കപ്പെടാത്ത മത്സ്യബന്ധന മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ആവശ്യമായ ശ്രമങ്ങൾക്ക് നാം ഊന്നൽ നൽകണം.





വിദ്യാഭ്യാസം

പഴയ കുറുമ്പ്രനാട് താലൂക്കിന്റെ ആസ്ഥാനമായിരുന്ന നമ്മുടെ പഞ്ചായത്തിൽ 19ാം നൂറ്റാണ്ടിന്റ ഉത്തരാർദ്ധത്തിൽതന്നെ ആറോളം എഴുത്തുപള്ളികൾ പ്രവർത്തിച്ചിരുന്നു. എഴുത്തുപള്ളികൾ ഏകാധ്യാപക വിദ്യാലയങ്ങളായിരുന്നു. ഇന്നത്തെ അംഗൻവാടികൾ പോലെ. എഴുത്തുപള്ളികളിൽ വെച്ച് ആദ്യം അരിയിലും പിന്നീട് മണലിലും മലയാളഭാഷയിലെ 51 അക്ഷരങ്ങൾ പഠിപ്പിക്കുന്ന രീതി നിലവിലുണ്ടായിരുന്നു. ഈ അക്ഷരങ്ങൽ തികച്ചും പഠിച്ചതിനുശേഷമേ ബഞ്ചിന്മേലിരിക്കാനുള്ള യോഗ്യത കുട്ടികൾ നേടിയിരുന്നുള്ളൂ.

1957 ലെ മുണ്ടശ്ശേരിയുടം വിദ്യാഭ്യാസ ബില്ലോടുകൂടിയാണ് നമ്മുടെ പഞ്ചായത്തിൽ ഇന്നത്തെ രീതിയിലുള്ള ലോവർപ്രൈമറി , അപ്പർ പ്രൈമറി എന്നീതലങ്ങളിൽ സ്കൂളുകൾ വിന്യസിക്കപ്പെടുന്നത്.

നടുവണ്ണൂർ പഞ്ചായത്തിലെ ഭൂരാളും പേർ പ്രൈമറിതലത്തിൽ വിദ്യാഭ്യാസം ലഭിക്കുവാൻ മുഖ്യമായും ആശ്രയിച്ചിരുന്നത് തൊട്ടടുത്ത കോട്ടൂർ പഞ്ചായത്തിലെ ഹയർ എലിമെന്ററി സ്കൂളിനെയായിരുന്നു. സെക്കണ്ടറി വിദ്യാഭ്യാസം ലഭിക്കുവാൻ പ്രസ്തുത കാലഘട്ടത്തിൽ കൊയിലാണ്ടി ഗവ: ഹൈസ്കൂൾ, പേരാമ്പ്ര ഹൈസ്കൂൾ എന്നീ സ്കൂളുകളെ മുഖ്യമായും ആശ്രയിച്ചുവരുന്ന കാലത്താണ്, അതായത് 1950 വർഷത്തിൽ നടുവണ്ണൂർ പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിൽ തന്നെ സ്ഥിതി ചെയ്യുന്ന നടുവണ്ണൂർ ഹൈസ്കൂൾ വാകയാട് സ്ഥാപിക്കപ്പെട്ടത്. ഇതോടെ നടുവണ്ണൂർ, കോട്ടൂർ പഞ്ചായത്തിലെ ജനങ്ങൾക്ക് സെക്കന്ററി വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ സാധിച്ചു. പ്രസ്തുത വിദ്യാലയം സ്ഥിതി ചെയ്യുന്നത് തന്നെ ഈ രണ്ട് പഞ്ചായത്തുകളുടെയും കിഴക്കു പടിഞ്ഞാറ് അതിർത്തികൾ നിർണ്ണയിക്കുന്ന രീതിയിലാണെന്നത് ഒരു പ്രത്യേകതയാണ്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ അഞ്ച് ലോവർ പ്രൈമറി സ്കൂളുകളും മൂന്ന് അപ്പർ പ്രൈമറി സ്കൂളുകളും ഒരു സെക്കന്ററി സ്കൂളും പ്രവർത്തിക്കുന്നു. കൂടാതെ മൂന്ന് സമാന്തര കോളേജുകൾ, രണ്ട് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മൂന്ന് ഇംഗ്ലീഷ് മീഡിയം പ്രീ പ്രൈമറികൾ, രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ എന്നിവയും പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായി മാറിയ ഗവ: ഹൈസ്ക്കൂൾ നടുവണ്ണൂർ 1917-ൽ വിക്ടോറിയ രാജ്ഞിയുടെ കിരീടധാരണാഘോഷങ്ങളുടെ ഭാഗമായി തറക്കല്ലിടൽ നടന്ന സ്ഥാപനമാണ്. ഈ വിദ്യാലയം മലബാർ ഡിസ്ട്രക്റ്റ് ബോർഡിന്റെ കീഴിൽ ഒരു ലോവർ എലിമെന്ററി സ്കൂളായാണ് പ്രവർത്തനം ആരംഭിച്ചത്. 1980ലാണ് ഈ സ്ഥാപനം ഹൈസ്ക്കൂളായി ഉയർത്തിയത്.

പഞ്ചായത്തിലെ സ്കൂളുകളിൽ നാലെണ്ണം സർക്കാർ മേഖലയിലും, അഞ്ചെണ്ണം സ്വകാര്യ മേഖലയിലുമാണ് പ്രവർത്തിക്കുന്നത്. സ്വകാര്യ മേഖലയിലുള്ളവയെല്ലാം വ്യക്തി മാനേജ്മെന്റുകളാണ്. സർക്കാർ സ്കൂളുകളിലായി 2278 വിദ്യാർത്ഥികളും 76 അദ്ധ്യാപകരും പ്രവർത്തിക്കുന്നു. ഈ അദ്ധ്യാപകരിൽ 14 പേർ സ്ത്രീകളാണ്. സ്വകാര്യ മേഖലയിലെ വിവിധ വിദ്യാലയങ്ങളിലായി 1856 വിദ്യാർത്ഥികൾ പഠിക്കുന്നു. ഈ മേഖലയിൽ 70 അദ്ധ്യാപകരുണ്ട്. ഇവരിൽ 23 പേർ സ്ത്രീകളാണ്. ആകെ 4734 വിദ്യാർത്ഥികളിൽ 2216 പേർ ആൺകു

ട്ടികളാണ്. സംസ്ഥാന ശരാശരിയിൽ വ്യത്യസ്ഥമായൊരു രീതി നമുക്കിവിടെ കാണാം. അതായത് പെൺകുട്ടികളുടെ എണ്ണത്തിലുള്ള കുറവ്. ഇതൊരു സവിശേഷതയാണ്.

സർക്കാർ വിദ്യാലയങ്ങളിൽ 3 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഗവ: ഹൈസ്ക്കൂളിനാകട്ടെ ആവശ്യത്തിന് കെട്ടിടങ്ങളുമായിട്ടില്ല. ഇപ്പോൾ നിലവിലുള്ള പല കെട്ടിടങ്ങളും PTA യുടെ നേതൃത്വത്തിൽ നാട്ടുകാരുടെ സഹായത്താൽ ഉണ്ടാക്കിയവയാണ്. സർക്കാർ മേഖലയിലെ നാലു വിദ്യാലയങ്ങളിലും ആവശ്യത്തിന് ഫർണ്ണീച്ചറില്ല എന്നതൊരു വസ്തുതയാണ്. വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംബന്ധിക്കുന്ന വിലപ്പെട്ട രേഖകൾ സൂക്ഷിക്കാൻ പോലും ഇന്ന് ഗവ: ഹൈസ്ക്കൂളിൽ വേണ്ടത്ര സംവിധാനങ്ങളില്ല. മൂത്രപ്പുര, കക്കൂസ്, കുടിവെള്ള വിതരണം എന്നിവയ്ക്ക് പരിമിതമായ സൗകര്യങ്ങളേ ഇന്ന് പല സ്കൂളുകളിലും ഉള്ളൂ.

1,9 വാർഡുകളിൽ ഒരെറ്റ വിദ്യല്യവും ഇല്ല. ഇത് പരിഹരിക്കാൻ ഒന്നാം വാർഡിലെ കിഴുക്കോട്ട് ഭാഗം കേന്ദ്രീകരിച്ചുകൊണ്ട് ഒരു എൽ.പി. സ്കൂൾ ഉണ്ടാക്കാൻ കഴിയണം. കിഴക്കോട് ഭാഗത്തു നിന്ന് ഒന്നര കി.മീ. ലധികം നടന്നാൽ മാതമെ കുട്ടികൾക്ക് എൽ.പി. സ്കൂളിലെത്തിച്ചേരാൻ കഴിയുകയുള്ളൂ.

കഴിഞ്ഞ അഞ്ച് വർഷത്തെ S.S.L.C. വിജയ ശതമാനം ക്രമാനുഗതമായി കുറയുന്ന പ്രവണതയാണ് കാണിക്കുന്നത് 1995-96 വർഷത്തിലാണ് നേരിയ വർദ്ധനവുണ്ടായത്. S.S.L.C. വിജയ ശതമാനം ഉയർത്താൻ കാര്യമായ ശ്രദ്ധ പതിയേണ്ടതായിട്ടുണ്ട്. നടുവണ്ണൂർ ഗവ: ഹൈസ്ക്കൂൾ കൂടതെ പഞ്ചായത്തിലെ നൂറിലേറെ വിദ്യാർത്ഥികൾ പഞ്ചായത്തിനു പുറത്തുള്ള നൊച്ചാട് സെക്കന്ററി സ്കൂൾ അരീകുളം ഹൈസ്കൂൾ, നടുവണ്ണൂർ ഹൈസ്ക്കൂൾ വാകയാട് എന്നിവയിൽ ഈ വർഷം S.S.L.C. പരീക്ഷ എഴുതുന്നുണ്ട്. വാകയാട് ഹൈസ്ക്കൂളിലും നെച്ചാട് ഹൈസ്ക്കൂളിലും സമാന്യം ഭേദപ്പെട്ട വിജയ ശതമാനം കാണിക്കുമ്പോൾ അരീക്കുളം ഹൈസ്ക്കൂൾ അത്രത്തോളം ഉയരാറില്ല.

പ്രീ പ്രൈമറിതലം

സ്കൂളിനോടനുബന്ധിച്ച് പ്രീ പ്രൈമറി വിഭാഗം ഒറ്റ സ്കൂളിലും ഇന്നില്ല. എൽ.പി. വിഭാഗം പ്രവർത്തിക്കുന്ന. സ്ക്കൂളിനോടനുബന്ധിച്ച് പ്രീ പ്രൈമറികൾ ഉയർന്നു വരേണ്ടതായിട്ടുണ്ട്. ഇന്ന് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 3 പ്രീ പ്രൈമറി ഇംഗ്ലീഷ് മീഡീയം വിദ്യാലയങ്ങളുണ്ട്. ഇവ നമ്മുടെ സംസ്ക്കാരത്തിന് അനുരൂപമായ രീതിയിലല്ല പ്രവർത്തിക്കുന്നത് എന്നതൊഴിച്ചാൽ പ്രീ പ്രൈമറി തലത്തിലുണ്ടാവേണ്ട മറ്റു ഗുണങ്ങൾ ഇവയ്ക്കില്ല. പഞ്ചായത്തിലെ മൂന്ന് സ്ഥാപനങ്ങളിലായി അറുപത്തേഴു പേർ ഇത്തരം ഈ വിദ്യാലയങ്ങളിലുണ്ട്. കൂടാതെ 28ഓളം വിദ്യാർത്ഥികൾ മറ്റു സ്ഥലങ്ങളിലെ പ്രീ പ്രൈമറികളിലും അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയങ്ങളിലായും പഠിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് ടൈപ്പ് റൈറ്റിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മാത്രമാണ് ഈ വിഭാഗത്തിലുള്ളത്. കമ്പ്യൂട്ടറുകളുടെ കടന്നു കയറ്റം ഈ മേഖലയെ നാശോന്മുഖമാക്കിക്കൊണ്ടിരിക്കുകയാണ്.

പ്രശ്നങ്ങൾ സാധ്യതകൾ സ്കൂൾ തിരിച്ച്

എ.എം.യു.പി.എസ് നടുവണ്ണൂർ സൗത്ത്

പത്ത് വർഷം മുമ്പുവരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമാണ്. എന്നാൽ ഡിവിഷൻ ചോർച്ച അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. പഠന നിലവാരം പാഠ്യേതര പ്രവർത്തനങ്ങൾ പഠനാനുബന്ധ പ്രവർത്തനങ്ങൾ എന്നിവയെല്ലാം പിറകോട്ടാണ്. പി.ടി.എ. ഫലപ്രദമല്ല. അദ്ധ്യാപകർ വിവിധ രംഗങ്ങളിൽ കഴിവുള്ളവരാണെങ്കിലും സ്വന്തം തൊഴിൽ രംഗത്ത് വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല എന്ന വിമർശനം ഗ്രാമസഭയിലുണ്ടായിട്ടുണ്ട്. രക്ഷിതാക്കൾ ഉയർന്നു പ്രവർത്തിക്കുക മാത്രമെ ഇതിനൊരു പരിഹാരമുള്ളൂ. ഉച്ചഭക്ഷണ വിതരണം നടക്കാറുണ്ട്. രക്ഷിതാക്കൾ ഇതിലും ശ്രദ്ധിക്കാറില്ല. സ്കൂളിന് അനുയോജ്യമായ പ്രകൃതിദത്ത സൗകര്യങ്ങൾ ഒത്തിണങ്ങിയ പ്രദേശത്തെ ഈ സ്കൂൾ ആകർഷണമാക്കാൻ കഴിയണം.

എ.യു.പി.എസ് കാവുന്തറ

1921ൽ സ്ഥാപിച്ച വിദ്യാലയം ഇന്ന് ഏതാണ്ട് നല്ല നിലയിൽ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടെ കുറവ് അനുഭവപ്പെടാത്ത ഒരു വിദ്യാലയമാണ് ഇത്. പി.ടി.എ., മാതൃസംഗമം, ഡിവിഷനുകൾ തിരിച്ചുള്ള മാതൃസംഗമങ്ങൾ എന്നിവ ഫലപ്രദമാണ്. മാനേജ്മെന്റ് സ്കൂൾ ആയിട്ടുകൂടി പി.ടി.എ. സഹകരണത്തോടെ കുടിവെള്ള വിതരണത്തിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. മൂത്രപ്പുര, കക്കൂസ് എന്നിവയുണ്ട്. വിദ്യാർത്ഥികളുടെ ആവശ്യവും ഇന്നുള്ള സാധ്യതയും വലിയ അകൽച്ചയിലാണ്. കൂടുതൽ മൂത്രപ്പുരകളും കക്കൂസുകളും ഏറ്റവും വേഗം പണി

യണം. പഞ്ചായത്തിൽ ഭേദപ്പെട്ടു പ്രവർത്തിക്കുന്ന സ്കൂളാണെങ്കിലും നല്ലൊരു ശതമാനം വിദ്യാർത്ഥികളും 40% ത്തിൽ താഴെ മാർക്ക് വാങ്ങിയവരായിട്ടാണ് കാണപ്പെടുന്നത്. 1995 ലെ റവന്യൂ ജില്ലാ കലാപ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ട റഫീക്ക് എം. ഈ സ്ഥാപനത്തിന്റെ സംഭാവനയാണ്. ശാസ്ത്രമേളകൾ, കലാമേളകൾ എന്നിവയിൽ നല്ലനിലയിൽ പങ്കാളിത്തം ഉണ്ടാവാറുള്ള സ്ഥാപനത്തിനും കായികരംഗത്ത് ശോഭിക്കാൻ കഴിയാറില്ല. മൈതാനം, ചുറ്റുമതിൽ എന്നിവ വേണം. ഇത് പരിഹരിക്കപ്പെടേണ്ടതാണ്. പി.ടി.എ. ഒന്നുകൂടി ശ്രദ്ധിച്ച് ഭൗതിക സാഹചര്യങ്ങളും, അദ്ധ്യാപകർ അല്പം കൂടി ജാഗ്രത കാണിച്ച് പഠന നിലവാരവും ഉയർത്തേണ്ടതായിട്ടുണ്ട്.

ജി.യു.പി.എസ്., കരുവണ്ണൂർ

എൽ.പി. സ്കൂളായി പ്രവർത്തനം ആരംഭിച്ചു 1981-ൽ യു.പി. സ്കൂളായി ഉയർത്തി നാട്ടുകാരുടെ സഹകരണത്തോടെ ഒരു കെട്ടിടം പണിതിട്ടുണ്ട്. റോഡിനടുത്തുള്ള രണ്ട് കെട്ടിടങ്ങളും വാടകകെട്ടിടങ്ങളാണ്. യു.പി.വിഭാഗത്തിന് സ്ഥിരാംഗീകാരമില്ല. ഇത് സ്റ്റാഫ് ഫിക്സേഷനിൽ സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കാറുണ്ട്. പഞ്ചായത്തിന് മിനി സ്റ്റേഡിയത്തിനോട് ചേർന്ന സ്കൂളിന് 35 സെന്റ് സ്ഥലമുണ്ട്. നിലവിലുള്ള കെട്ടിടം ഈ സ്ഥലത്തേക്ക് മാറ്റുകയാണെങ്കിൽ കുട്ടികൾക്ക് കളിസ്ഥലമായി മിനിസ്റ്റേഡിയത്തെ ഉപയോഗിക്കാൻ കഴിയും കൂടാതെ ഇന്ന് അനുഭവപ്പെടുന്ന കുടിവെള്ള പ്രശ്നം എളുപ്പം പരിഹരിക്കാനും കഴിയും. കുടിവെള്ള വിതരണത്തിന് ആവശ്യമായ എന്തെങ്കിലും സംവിധാനം നാട്ടുകാരും പഞ്ചായത്തും ചേർന്നുണ്ടാക്കിയേ പറ്റൂ. പി.ടി.എ. ശക്തമാണ്. മാതൃസംഗമങ്ങൾ സാഹിത്യ സാമജങ്ങൾ സാഹിത്യവേദി വിശേഷാൽ ദിനത്തോടനുബന്ധിച്ച് ചിത്ര പ്രദർശനം ക്വിസ് പരിപാടികൾ എന്നിവ സംഘടിപ്പിക്കാറുണ്ട്.

ജി.എം.എൽ.പി.എസ്., നടുവണ്ണൂർ

വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പി.ടി.എ. ഫലപ്രദമാണ്. മാതൃസംഗമങ്ങൾ നടക്കാറുണ്ട്. ഭൗതിക സാഹചര്യങ്ങൾ കുറവാണ്. ഉള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നു. കക്കൂസ്, മൂത്രപ്പുര, കുടിവെള്ള സൗകര്യങ്ങൾ എന്നിവ ഇല്ല. ഗവ: ഹൈസ്ക്കൂളിലെ എൽ.പി. വിഭാഗവും ഈ സ്കൂളും ചേർന്ന് സൗകര്യപ്രദമായ ഒരു സ്ഥലം കണ്ടെത്തി കെട്ടിടം ഉണ്ടാക്കലായിരിക്കും അഭികാമ്യം. ഇതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തും ജനങ്ങളും ചേർന്ന് അടിയന്തിരമായി ചെയ്യേണ്ടതാണ്.

ജി.ഡബ്ല്യു.എൽ.പി.എസ്., കാവുന്തറ

വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പി.ടി.എ. ഫലപ്രദമല്ല. മാതൃസംഗമങ്ങൾ ചേരാറില്ല. പഠന നിലവാരം ശോചനീയമാണ്. പി.ടി.എ.യും പഞ്ചായത്തും അടിയന്തിരമായി ഇടപെട്ട് ഭൗതിക സാഹചര്യങ്ങൾ ഉയർത്താനും പഠന നിലവാരം വർദ്ധിപ്പിക്കാനും ശ്രമിക്കണം.

എ.എം.എൽ.പി.എസ്, കാവിൽ

1913ൽ സ്ഥാപിച്ചു സ്ഥലവും കെട്ടിടവും ഉണ്ട്. പി.ടി.എ. ഫലപ്രദമാണ്. മാതൃസംഗങ്ങൾ ചേരാറുണ്ട്. വിശേഷാൽ ദിനങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. പഞ്ചായത്തിൽ 'കബ്ബ്' പ്രവർത്തിപ്പിക്കുന്ന ഏക വിദ്യാലയമാണിത് കുട്ടികൾ കുറഞ്ഞുവരുന്ന പതിവുണ്ട്. പഠനനിലവാരം ഉയർത്താൻ കഴിഞ്ഞാൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയും. എ.എം.എൽ.പി.എസ്, എങ്കമൽ

പി.ടി.എ. ഫലപ്രദമല്ല. അദ്ധ്യാപകർ കൂടുതൽ ശുഷ്കാന്തി കാണിക്കേണ്ടതായിട്ടുണ്ട്. മാതൃസംഗമങ്ങൾ പാഠ്യേതര പ്രവത്തനങ്ങൾ, പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ എന്നിവ നടത്താൻ കൂടുതൽ ശ്രദ്ധിക്കണം.

എ.എൽ.പി.എസ്, മന്ദങ്കാവ്

പി.ടി.എ. പ്രവർത്തിക്കുന്നുണ്ട്. വേണ്ടത്ര സജീവമല്ല. വിദ്യാർത്ഥികൾ കുറഞ്ഞു വരുന്ന പതിവാണുള്ളത്. കക്കൂസ് കുടിവെള്ള സൗകര്യങ്ങൾ കുറവാണ്. പഠന നിലവാരം ഉയർത്തുന്നതിന് ഒരു കൂട്ടായ ശ്രമം നടക്കേണ്ടതായിട്ടുണ്ട്.

നടുവണ്ണൂർ ഗവ: ഹൈസ്ക്കൂൾ

പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളാണ്. പി.ടി.എ. ഫലപ്രദമായി പ്രവർത്തിക്കുന്നു. മാതൃസംഗമങ്ങൾ നടക്കാറുണ്ട്. കായികരംഗത്ത് സംസ്ഥാന നിലവാരമുള്ള കലാപ്രതിഭകളെ സംഭാവന ചെയ്യാൻ സ്ക്കൂളിന് കഴിഞ്ഞിട്ടുണ്ട്. നടുവണ്ണൂർ ഗവ: ഹൈസ്കൂളിനെ കായിക ഭൂപടത്തിൽ സ്ഥിരപ്രതിഷ്ഠ നേടിക്കൊടുക്കുന്നതിൽ ശ്രീ: ഇ. അച്ചുതൻ മാസ്റ്ററുടെ സേവനം പ്രശംസനീയമാണ്. കഴിഞ്ഞ ഒരു വ്യഴവട്ടത്തിലധികമായി പെൺകുട്ടികളുടെ വോളീബോളിന്റെ കുത്തക മറ്റാർക്കും വിട്ടുകൊടുക്കാതെ കോഴിക്കോട് റവന്യൂ ജില്ലയിൽ നിലനിർത്തി

വരികയാണ്. സ്കൂൾ ഗ്രൗണ്ടിനെ സ്കൂൾ വിദ്യാർഥികൾക്കു മാത്രമല്ല മുഴുവൻ വോളീബോൾ കളിക്കാർക്കും വിട്ടുകൊടുത്തുകൊണ്ട് കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിൽ ഇദ്ദേഹം മുന്നിൽ നിന്നിട്ടുണ്ട്. ഇതിന്റെ കൂടി അംഗീകാരമായിരുന്നു കഴിഞ്ഞവർഷം ഏറ്റവും മികച്ച അധ്യാപകർക്കുള്ള രാഷ്ട്രപതിയുടെ അവാർഡ് അച്ചുതൻ മാസ്റ്ററെ തേടിയെത്തിയതും. നമ്മുടെ പഞ്ചായത്തിൽ ആദ്യമായാണ് ദേശീയ അധ്യാപക അവാർഡ് ഒരു അധ്യാപകന് ലഭിക്കുന്നത്. അതുപോലെ സ്കൗട്ട് ട്രൂപ്പ് ദേശീയ, അന്തർദേശീയ ശ്രദ്ധപിടിച്ചു പറ്റിയ ട്രൂപ്പാണ് ഈ സ്ഥാപനത്തിലുള്ളത്. 1978ൽ ആരംഭിച്ച സ്കൗട്ട് 1985ല ജില്ലയിലേയും 1991ൽ സംസ്ഥാനത്തെയും മോഡൽ ഗ്രൂപ്പായി അംഗീകാരം നേടിയെടുത്തു. 1989ൽ സാമൂഹ്യസേവന പ്രവർത്തനങ്ങൾക്കുള്ള പ്രശംസാ പത്രവും 1992ൽ പ്രധാനമന്ത്രിയുടെ ഷീൽഡും നേടിയെടുക്കാൻ ഈ ട്രൂപ്പിന് കഴിഞ്ഞു. ട്രൂപ്പ് പ്രസിദ്ധീകരിക്കുന്ന 'നാടോടി' എന്ന ഇൻലന്റ് മാസിക വേൾഡ് സ്കൗട്ട് ബ്യൂറോവിന്റെ പ്രത്യേക പ്രശംസ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്കൗട്ടുകളുടെ ഈ നേട്ടത്തിന് പിന്നിൽ ജില്ലാ ട്രെയിനിങ്ങ് കമ്മീഷണർ, സ്റ്റെയിറ്റ് ഹെഡ്ക്വാട്ടേഴ്സ് കമ്മീഷണർ ഫോർ പബ്ലിക്കേഷൻസ് എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ശ്രീ.ബാലചന്ദ്രൻ പാറച്ചോട്ടിൽ എന്ന അദ്ധ്യാപകന്റെ സേവനങ്ങളാണ്. അന്തമാൻ നിക്കോബാർ ദ്വീപ്, മസ്ക്കറ്റ് തുടങ്ങിയ സ്ഥലങ്ങളിൽ സ്കൗട്ടദ്ധ്യാപകർക്ക് പരിശീലനം കൊടുക്കാൻ കേരളത്തിൽ നിന്നും തെരഞ്ഞെടുത്തത് ഈ അധ്യാപകനെയായിരുന്നു.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ S.S.L.C. വിജയശതമാനം പുറകോട്ട് പോരുന്നതായാണ് കാണപ്പെടുന്നത്. ഇത് പരിഹരിക്കപ്പെടേണ്ടതാണ്. എൻ.പി. വിഭാഗത്തെ വേർപ്പെടുത്തി തൊട്ടടുത്ത മാപ്പിള എൻ.വി. സ്ക്കൂളുമായി ചേർത്തു മറ്റൊരു കെട്ടിടം പണിത് അവിടേക്ക് മാറ്റണം എന്ന അഭിപ്രായം ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. അതുപോലെ ഹൈസ്ക്കൂൾ ഒരു വൊക്കേഷണൽ ഹയർ സെക്കന്ററിയായി ഉയർത്താനും കഴിയണം. നിലവിലുള്ള കുട്ടികളെ എക്കമഡേറ്റ് ചെയ്യാൻ അടിയന്തിരമായി പത്തു മുറികളെങ്കിലുമുള്ള ഒരു ബഹുനില കെട്ടിടം ഉയരേണ്ടതായിട്ടുണ്ട്. പി.ടി.എ.യുടെ നേതൃത്വത്തിൽ ഉയർത്തിയതാണ് ഇന്നു നിലവിലുള്ള പല കെട്ടിടങ്ങളും എന്നുള്ളത് ഭാവിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രചോദനമേകുന്നു.

നടുവണ്ണൂർ ഗവ:ഹൈസ്ക്കൂളിന് പി.ടി.എ. പങ്കാളിത്തത്തോടെ നാലു ക്ലാസ് മുറികൾ നിർമ്മിക്കാൻ 1,15,000 രൂപ 1995 ജനുവരി മാസത്തിൽ പി.ടി.എ.യുടെ പേരിൽ ട്രഷറിയിൽ അടച്ചെങ്കിലും ഇതേവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. മൂന്ന് ക്ലാസ് മുറികളുള്ള പ്രീ കെ.ഇ.ആർ കെട്ടിടം അപകടാവസ്ഥയിലായതിനാൽ ക്ലാസുകൾ നടത്തുന്നില്ല. ഈ കെട്ടിടം റിപ്പയർ ചെയ്ത് ഉപയോഗ യോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഓല ഷെഡുകൾ സ്ഥിരം കെട്ടിടങ്ങളാക്കുകയും കൂടുതൽ മൂത്രപ്പുരകൾ നിർമ്മിക്കുകയും വേണം.

ഉച്ചഭക്ഷണപരിപാടി

മുഴുവൻ സ്കൂളുകളിലും ഉച്ചഭക്ഷണവിതരണം നടക്കാറുണ്ട്. പക്ഷെ ഒരു വിദ്യാലയത്തിലും രക്ഷിതാക്കളുടെ ദൈനംദിന ഇടപെടൽ നടക്കാറില്ല. മാതൃസംഗമ കമ്മറ്റികൾക്ക് ഈ രംഗത്തെ സാധ്യത ഉപയോഗപ്പെടുത്താൻ കഴിയണം. മിക്കവാറും സ്കൂളുകളിലും പാചകമുറികൾ ഇല്ല. പാചകച്ചെലവിലേക്കുള്ള പ്രതിഫല തുക അധികാരികളിൽ നിന്നും സ്ഥാപനങ്ങൾക്ക് ലഭിക്കാതെ മാസങ്ങളോളമായി. ഭക്ഷണം കഴിച്ചതിനു ശേഷം പാത്രം കഴുകാനും മറ്റുമാവശ്യമായ ശുദ്ധജലം പലവിദ്യാലയങ്ങളിലും വിരളമാണ്. പി.ടി.എ.യുടെ സജീവ ഇടപെടലിലൂടെ കുടിവെള്ളം പ്രശ്നം പരിഹരിക്കാൻ മുഴുവൻ സ്കൂൾ പി.ടി.എ.യും അടിയന്തിരമായി ഇടപെടേണ്ടതുണ്ട്.

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പദ്ധതി.

പഞ്ചായത്തിലെ മുഴുവൻ അധ്യാപകരെയും ഒരു യൂനിറ്റായി പരിഗണിച്ചു അക്കാദമിക് അക്കാഡമിക് ഇതര മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും മെച്ചപ്പെടുത്താനും ഉദ്ദേശിച്ചു കൊണ്ടുള്ള അധ്യാപകസംഗമങ്ങൾ രണ്ടു തവണ കഴിഞ്ഞിട്ടുണ്ട്. വിഷയ ഗ്രൂപ്പുകൾ രൂപീകിരിക്കുകയും, പ്രൈമറി ക്ലാസുകളിലെ മലയാളം, പരിസ്ഥിതി, ഗണിതം എന്നീ വിഷയങ്ങൾക്കുള്ള അധ്യാപകർക്ക് പരിശീലന പരിപാടി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് തല അക്കാദമിക് സമിതികളും ഒരോ വാർഡിലും വാർഡ് തലത്തിലും സ്കൂൾ കേന്ദ്രീകരിച്ചു വിദ്യാലയ സംരക്ഷണ സമിതികളും രൂപീകരിച്ചിട്ടുണ്ട്. 7ാം വാർഡിൽ 50വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള അയൽകൂട്ടങ്ങൾ രൂപീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഗവ: ഹൈസ്ക്കൂളിലെ പ്രധാനധ്യാപകൻ ബാലൻ മാസ്റ്റർ കൺവീനറും കാവുന്തറ എ.യു.പി. സ്കൂളിലെ കെ. കുഞ്ഞിസൂപ്പി മാസ്റ്റർ കോ-ഓർഡിനേറ്ററുമായ ഒരു കമ്മറ്റി ഇതിനുവേണ്ടി പ്രവർത്തിക്കുന്നുണ്ട്. ഈ രംഗത്ത് വളരെയേറെ മുന്നോട്ട് പോകുവാൻ കഴിഞ്ഞിട്ടില്ല.

പൊതുവായുള്ള നിർദ്ദേശങ്ങൾ

1. പഞ്ചായത്തടിസ്ഥാനത്തിൽ സ്കൂൾ കോപ്ലക്സ് രൂപീകരിക്കുകയും, കോപ്ലക്സ് മീറ്റിംഗുകൾ അധ്യാപകർക്കുള്ള പുനഃപരിശീലന ദിനങ്ങളായി മാറ്റാൻ പഞ്ചായത്ത് അക്കാദമിക് സമിതി ശ്രദ്ധിക്കണം.
2. സ്കൂളുകൾ കേന്ദ്രീകരിച്ചു വിദ്യാലയ സംരക്ഷണസമിതികൾ രൂപീകരിക്കാനും ഫലപ്രദമായി പ്രവർത്തിപ്പിക്കാനും കഴിയണം.
3. വാർഡുതല വിദ്യാലയ സംരക്ഷണസമിതികൾ രൂപീകരിക്കാണം.
4. വാർഡു വിദ്യാഭ്യാസസമിതികൾക്ക് കീഴിലായി 50 വീടുകൾക്ക് ഒന്നു എന്ന തോതിൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയാൻ കഴിയണം.
5. പഞ്ചായത്ത് കേന്ദ്രീകരിച്ച് കായികമേളകളും, കലാമേളകളും സംഘടിപ്പിക്കണം. എല്ലാ വർഷവും നവ: 14 കലാ മേളകൾ നടത്താനുള്ള ഒരു ദിവസമായി നിർദ്ദേശിക്കപ്പെടണം.
6. ആഗസ്റ്റ് 15, ഒക്ടോബർ 2, ജനുവരി 26 എന്നീ ദിവസങ്ങളിൽ മുഴുവൻ സ്കൂളുകളിലും വിശേഷാൽ കിസുകൾ തുടങ്ങിയ പരിപാടികൾ ഇവ സംഘടിപ്പിക്കാൻ കഴിയണം.
7. സ്കൂളുകളിൽ വിഷയഗ്രൂപ്പുകൾ രൂപീകരിച്ച് രണ്ടാഴ്ചയിലൊരിക്കലെങ്കിലും, യോഗം ചേർന്നു ആവശ്യമായ പാഠക്കുറിപ്പുകൾ, പഠനോപകരണങ്ങൾ എന്നിവ നിർമ്മിക്കണം.
8. മുസ്ലീം സ്കൂളുകളലെ അധ്യായന ദിനങ്ങൾ വർദ്ധിപ്പിക്കാൻ അതത് പി.ടി.എ.യുമായി ചേർന്ന് നടപടികൾ ഉണ്ടാക്കണം.
9. സ്കൂൾ അസംബ്ലി, ക്ലാസ്, സാഹിത്യ സമാജം യൂണിഫോം എന്നിവവ നിർബന്ധമാക്കണം.
10. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളവിതരണം എന്നിവയ്ക്കാവശ്യമായ സൗകര്യങ്ങൾ മുഴുവൻ വിദ്യാലയത്തിലും വേഗം നടപ്പിലാക്കണം.
11. ക്ലാസുമുറികൾ, ദേശീയ നേതാക്കന്മാരുടെ ചിത്രങ്ങൾ കൊണ്ടും മഹത്വചനങ്ങൾ എഴുതിയും ആകർഷകമാക്കണം.
12. സാധ്യതക്കനുസരിച്ചുള്ള പഠനയാത്രകൾ മുഴുവൻ സ്കൂളുകളും സംഘടിപ്പിക്കണം. പഠനയാത്രകൾ ചെറിയ ഫീൽഡ് ട്രിപ്പുകളായി മാറിയാൽ മതി.
14. ഒന്നാം വാർഡിലെ കിഴുക്കോട് ഭാഗം കേന്ദ്രീകരിച്ചു ഒരു എൽ.പി. സ്കൂൾ അനുവദിക്കണം.
15. 7-ാം വാർഡിലെ മുന്നോട്ടറ ഭാഗത്ത് ഒരു എൽ.പി. സ്കൂൾ അനുവദിക്കണം.
16. പരീക്ഷ നടത്തിപ്പിനായി പഞ്ചായത്തുതല അക്കാദമിക്സമിതി ശ്രദ്ധിക്കണം. പഞ്ചായത്ത് ഒരു യൂനിറ്റായി പരിഗണിച്ച് ചോദ്യപ്പേപ്പർ നിർമ്മാണം, ജനകീയമോണിറ്ററിംഗ് എന്നിവ സംഘടിപ്പിക്കണം.
17. സ്കൂളുകളിലെ നിരക്ഷരരെ കണ്ടെത്തി അവരെ പഠിപ്പിക്കാൻ നൂതനരീതികൾ നടപ്പിലാക്കണം. ഇതിന് വേണമെങ്കിൽ പഞ്ചായത്തിലെ തൊഴിൽരഹിത അഭ്യസ്തവിദ്യരെ ഉപയോഗപ്പെടുത്തണം.
18. ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കാൻ ഇംഗ്ലീഷ് ഭാഷയിൽ ബിരുദം നേടിയവർ തന്നെ ആയിരിക്കണം.
19. എല്ലാ യു.പി. സ്കൂളുകളിലും മറ്റു സ്പെഷ്യലിസ്റ്റ് തസ്തികകൾ പരിഗണിക്കാതെ കായികാധ്യാപക തസ്തിക നിർബന്ധമായി നിലനിർത്തുകയും കായികാധ്യാപകർ ഇല്ലാത്ത സ്ഥലങ്ങളിൽ നിയമനം നടത്തുകയും വേണം.

അനൗപചാരിക വിദ്യാഭ്യാസം

1955-ൽ തന്നെ പഞ്ചായത്തിൽ വയോജന വിദ്യാഭ്യാസക്ലാസ്സുകൾ നടന്നിരുന്നു. കാവുന്തറ സ്കൂൾ കേന്ദ്രീകരിച്ച് വി. അപ്പുമാസ്റ്റർ നേതൃത്വം കൊടുത്തുകൊണ്ട് നിശാപാഠശാലകൾ നടത്തിയിരുന്നു. 50-ഓളം പഠിതാക്കൾ ക്ലാസ്സുകളിലെത്തിയിരുന്നു. ഇതുപോലുള്ള വയോജന ക്ലാസ്സുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നടന്നിരുന്നു.

സമാന്തരവിദ്യാലയങ്ങൾ

ഔപചാരികവിദ്യാഭ്യാസമേഖലയിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ പാരലൽ കോളേജുകളാണ്. എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയപ്പെട്ടവർക്കും എസ്.എസ്.എൽ.സി. വിജയിച്ചു എന്നാൽ കോളേജുകളിൽ പ്രവേശനം ലഭിക്കാതെ വരികയും ചെയ്യുന്ന വിദ്യാർത്ഥികൾ ആശ്രയിക്കുന്നത് പാരലൽ കോളേജുകളാണ്. പഞ്ചായത്തുപരിധിയിൽ മൂന്ന് പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നു. എസ്.എസ്.എൽ.സി. തോറ്റ വിദ്യാർഥികളാണ് ഭൂരിഭാഗവും. ഇതുകൂടാതെ സ്കൂൾ വിദ്യാർഥികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും ട്യൂഷൻ കൊടുക്കലും നടക്കുന്നുണ്ട്. ഈ കോളേജുകൾ പരീക്ഷകൾക്ക് പ്രാധാന്യം കൊടുക്കുമ്പോൾതന്നെ പാഠ്യേതരപ്രവർത്തനങ്ങൾക്കും മതിയായ പ്രാധാന്യം നൽകിവരുന്നുണ്ട്. പ്രധാനമായും സിമ്പോസിയങ്ങൾ, സെമിനാറുകൾ, കലാമേളകൾ, പഠനവിനോദയാത്ര

കൾ എന്നിവ സംഘടിപ്പിക്കാറുണ്ട്.

മേൽപ്പറഞ്ഞവയിൽ നിന്നും നമ്മുടെ പഞ്ചായത്തിൽ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല എന്നു മനസ്സിലാക്കാം. ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി ഇവിടത്തുകാർ കോഴിക്കോട് നഗരത്തിലെ കോളേജുകളിലും പേരാമ്പ്ര, കൊയിലാണ്ടി കോളേജുകളുമാണ് ഉപയോഗപ്പെടുത്തുന്നത്. അതുപോലെ നഗരങ്ങളിലെ സമാന്തരവിദ്യാലയങ്ങളേയും ഉപയോഗപ്പെടുത്തുന്നു. രക്ഷിതാക്കളുടേയും വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും വിദ്യാഭ്യാസപ്രേമികളുടേയും ഒരു കൂട്ടായ്മ വളർത്തിയെടുക്കാൻ നിലവിലുള്ള വിദ്യാലയങ്ങളിലെ പ്രശ്നങ്ങളിൽ ഭൂരിഭാഗവും പരിഹരിക്കാൻ കഴിയും. കൂടാതെ സർക്കാർ സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങൾ കുറ്റമറ്റതാക്കാൻ ഗ്രാമപ്പഞ്ചായത്തിന്റെയും ജില്ലാപഞ്ചായത്തിന്റെയും ഇടപെടൽ അത്യാവശ്യമാണ്. ഉന്നതവിദ്യാഭ്യാസത്തിനുതകുന്ന തരത്തിൽ ഒരു കോളേജ് നടുവണ്ണൂരിൽ സ്ഥാപിക്കണം.

പട്ടിക 1.1

സ്കൂളുകൾ ഒറ്റ നോട്ടത്തിൽ

നമ്പർ	ക്ലാസ് വിവരം	സ്ക്കൂളിന്റെ പേര്	അനുവദിച്ച വർഷം
1)	I to IV	1. ജി. എം. എൽ.പി.എസ്. നടുവണ്ണൂർ	
		2. ജി.ഡബ്ല്യു. എൽ.പി.എസ്., കാവുന്തറ	
		3. എ.എം. എൽ.പി.എസ്, കാവിൽ	
		4. എ.എം. എൽ.പി.എസ്, എലങ്കമേൽ	
		5. എ.എൽ.പി.എസ്, മാങ്കാവ്	
2)	I to VIII	1. എ.എം. യു.പി.എസ്, നടുവണ്ണൂർ സൗത്ത്	
		2. എ. യു.പി.എസ്, കാവുന്തറ	
		3. ജി. യു.പി.എസ്, കരുവണ്ണൂർ	
3)	I to X	നടുവണ്ണൂർ ഗവ: ഹൈസ്ക്കൂൾ	

"ഏതൊരു പരിഷ്കരണത്തേയും വിലയിരുത്തേണ്ടത് ആ സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ള ജനവിഭാങ്ങൾക്ക് എത്രമാത്രം ഗുണം ചെയ്യുന്നു എന്ന് നോക്കിയാണ്."

ഗാന്ധിജി

വാർഡുകൾ	1	2	3	4	5	6	7	8	9	10	
എൽ.പി.സ്കൂൾ		1	1	1	1	1					5
യു. പി. സ്കൂൾ							1	1		1	3
ഹൈസ്ക്കൂൾ										1	1

പട്ടിക 1 ൽ 4 എൽ. പി. വിഭാഗം

സ്കൂളിന്റെ പേര്	വിദ്യാർത്ഥികൾ			പട്ടി. വിദ്യാർത്ഥികൾ			അധ്യാപകർ		
	ആ	പെ	ആകെ	ആ	പെ	ആകെ	ആ	പെ	ആകെ
ജി. ഡബ്ല്യു. എൽ. പി. എസ്, കാവിൽ	46	34	80	6	6	12	4	1	5
ജി.എം.എൽ.പി.എസ്, നടുവണ്ണൂർ	39	38	77	7	4	11	3	2	5
എ.എം.എൽ.പി.എസ്, എലങ്കമൽ	77	71	148	5	3	8	4	3	7
എ.എൽ.പി.എസ്, മന്ദങ്കാവ്	66	43	109	1	0	1	4	1	5
എ.എം.എൽ.പി.എസ്, കാവിൽ	51	40	91	6	3	9	5	0	5
ആകെ	279	286	585	25	16	41	20	6	26

പട്ടിക 1 ൽ 5 യു. പി. വിഭാഗം

സ്കൂളിന്റെ പേര്	വിദ്യാർത്ഥികൾ			പട്ടി. വിദ്യാർത്ഥികൾ			അധ്യാപകർ		
	ആ	പെ	ആകെ	ആ	പെ	ആകെ	ആ	പെ	ആകെ
എ.യു.പി.എസ്, കാവുന്തറ	625	565	1190	84	65	149	23	15	38
ജി.യു.പി.എസ്, കരുവണ്ണൂർ	168	152	320	27	12	39	8	4	12
എ.എം.യു.പി.എസ്, നടുവണ്ണൂർ	158	145	303	6	3	9	11	4	15
ആകെ	951	862	1813	117	80	197	42	23	65

പട്ടിക 1 ൽ 6 നടുവണ്ണൂർ ഗവ: ഹൈസ്ക്കൂൾ

സ്കൂളിന്റെ പേര്	വിദ്യാർത്ഥികൾ			പട്ടി. വിദ്യാർത്ഥികൾ			അധ്യാപകർ		
	ആ	പെ	ആകെ	ആ	പെ	ആകെ	ആ	പെ	ആകെ
നടുവണ്ണൂർ ഗവ: ഹൈസ്ക്കൂൾ	886	915	1801	111	88	199	49	7	56

പട്ടിക 1-ൽ 7

വിജയശതമാനം കഴിഞ്ഞ 5 വർഷത്തേക്ക്

വർഷം	ശതമാനം
1991-92	41.5%
1992-93	36%
1993-94	27.2%
1994-95	23%
1995-96	27.5%

പട്ടിക 1 ൽ 9

നമ്പർ	സ്ഥാപനത്തിന്റെ പേർ	വിദ്യാർത്ഥികൾ			
		ആൺ	പെൺ	ആകെ	SC വിദ്യാർഥികൾ
	SWS	0	18	18	6
1	ലക്ഷ്മി ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	6	9	15	1
	സരസ്വതി കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്	4	3	7	1
2	വിജയാ കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്	10	10	20	5

സ്കൂൾ ഭൗതിക സാഹചര്യം

നമ്പർ	സ്കൂളിന്റെ പേര്	കെട്ടിടം		മൂത്രപ്പുരകളുടെ എണ്ണം	സ്കൂൾ കക്കൂസുകളുടെ എണ്ണം	കുടിവെള്ളം		വൈദ്യുതി	പാചകപ്പുര	സ്റ്റാഫ് റൂം	സ്പോർട്സും	ഫർണിച്ചർ	ഓഫീസ് ഉപകരണം	പ്രിന്റർ	മൈതാനം
		സ്വന്തം	വാടക			കിണർ	ടാപ്പ്								
1	നടു. ഗവ: ഹൈസ്കൂൾ	✓	—	3	✓	✓	✓	✓	✓	✓	✓	✓	✓	✓	✓
2	എ.എം. യു.പി.എസ്., നടുവണ്ണൂർ	✓	—	2	—	✓	✓	—	✓	—	—	✓	✓	നാമമാത്രം	—
3	ജി.എം. എൽ.പി.എസ്., നടുവണ്ണൂർ	✓	✓	—	—	—	—	—	—	—	—	✓	✓	✓	✓
4	എ.യു.പി. എസ്., കരുവണ്ണൂർ	✓	✓	1	—	—	—	—	✓	—	—	—	✓	✓	✓
5	ജി.ഡബ്ലിയു.സി.പി.എസ്., കാവുന്തറ	✓	✓	2	—	✓	—	—	✓	—	—	✓	✓	—	—
6	എ.എം.എൽ.പി.എസ്., കാവിൻ	✓	—	2	—	✓	—	—	✓	—	—	✓	✓	✓	✓
7	എ.യു.പി.എസ്. കാവുന്തറ	✓	—	3	1	2	✓	✓	✓	✓	—	✓	✓	✓	✓
8	എ.എം.പി.എസ്. എലങ്കമൻ	✓	—	1	—	✓	—	✓	✓	—	—	—	✓	നാമമാത്രം	✓
9	എ.എൽ.പി.എസ്. മന്ദകാവ്	✓	—	1	—	✓	—	—	✓	—	—	✓	✓	✓	—

പാഠ്യാനുബന്ധപ്രവർത്തനങ്ങൾ

നമ്പർ	സ്കൂളിന്റെ പേര്	സ്കൂൾ അസംബ്ലി	സാഹിത്യ/ബാലസമാജം	സ്കൗട്ട്	ഗൈഡ്സ്	ജെ.ആർ.സി.	പഠനയാത്രകൾ	കലാമേള	കായികമേള	സയൻസ്ക്ലബ്	ഗണിതശാസ്ത്രക്ലബ്	ആർട്സ് ക്ലബ്	യുണിഫോം	ദിനാഘോഷങ്ങൾ	പരിസ്ഥിതി ക്ലബ്
1	നടു. ഗവ: ഹൈസ്കൂൾ	✓	—	3	✓	✓	✓	✓	✓	✓	✓	✓	✓	✓	✓
2	എ.എം. യു.പി.എസ്., നടുവണ്ണൂർ									✓	✓				
3	ജി.എം. എൽ.പി.എസ്., നടുവണ്ണൂർ	✓	✓				✓						✓	✓	
4	എ.യു.പി. എസ്., കരുവണ്ണൂർ	✓	✓				✓	✓	✓	✓	✓	✓	✓	✓	
5	ജി.ഡബ്ലിയു.സി.പി.എസ്., കാവുന്തറ														
6	എ.എം.എൽ.പി.എസ്., കാവിൻ	✓	✓	✓				✓	✓				✓	✓	
7	എ.യു.പി.എസ്. കാവുന്തറ	✓	✓	✓			✓	✓	✓	✓	✓	✓	✓	✓	
8	എ.എം.പി.എസ്. എലങ്കമൽ	✓					✓	✓							
9	എ.എൽ.പി.എസ്. മന്ദകാവ്														

അക്കാദമിക് സാഹചര്യങ്ങൾ

നമ്പർ	സ്കൂളിന്റെ പേര്	ലൈബ്രറി	ലബോറട്ടറി	പഠനോപകരണങ്ങൾ	മറ്റുവിയോ	ടെസ്റ്റ് റിക്കാർഡ്	ടിവി	വിസിആർ, വിസിപി	സിനിമാ പ്രൊജക്ടർ	ഓസ്സ്യൂ പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	സ്റ്റാഫ് സെക്രട്ടറി	പ്ലാനർ ഡയറി	പരീക്ഷാട്ടുകൾ	അക്കൗണ്ട്	റഫറൻസ് ഗ്രന്ഥങ്ങൾ
1	നടു. ഗവ: ഹൈസ്കൂൾ	✓	✓	✓	✓	✓			✓	✓	✓		✓	✓	✓	✓	✓
2	A.M.U.P.S., നടുവണ്ണൂർ	പരിമിതം	പരിമിതം	✓									✓				
3	G.M.L.P.S., നടുവണ്ണൂർ	✓	✓				✓						✓		✓	✓	✓
4	എ.യു.പി. എസ്., കരുവണ്ണൂർ	✓	✓	✓	✓	✓				✓			✓	✓	✓	✓	✓
5	G.W.L.P.S., കാവുന്തറ			✓									✓				
6	A.M.L.P.S., കാവിൻ	✓		✓	✓	✓							✓	✓	✓	✓	✓
7	എ.യു.പി.എസ്. കാവുന്തറ	✓	✓	✓									✓	✓	✓	✓	✓
8	എ.എം.പി.എസ്. എലങ്കമൽ	✓	✓	✓	പ്രവർത്തനക്ഷമല്ല								✓		✓	✓	✓
9	എ.എൽ.പി.എസ്. മന്ദകാവ്	✓		✓									✓				

പാരലൽകോളേജുകളെ സംബന്ധിച്ച്

നമ്പർ	സ്ഥാപനത്തിന്റെ പേര്	ആൺ	പെൺ	ആകെ	സഹായധനം ലഭിക്കുന്ന എസ്.സി. വിദ്യാർഥികൾ
1	അക്ഷര കോളേജ്	68	116	184	2
2	ഗായത്രി കോളേജ്	102	168	270	7
3	വരദ കോളേജ്	27	29	56	–
	ആകെ	197	313	510	9



സംസ്ക്കാരം

കലാ-സാംസ്ക്കാരിക രംഗത്ത് പ്രത്യേകതകൾ ഒന്നും അവകാശപ്പെടാനില്ലാത്ത ഈ ഗ്രാമം പലതരം നാടൻ കലകളാൽ സമ്പന്നമാണ്. തെയ്യം, തിറ, കോൽക്കളി തുടങ്ങിയവ ഇക്കൂട്ടത്തിൽ പെടുന്നു. ഉത്സവങ്ങളോടനുബന്ധിച്ച് ഇവ നടത്തപ്പെടുന്നു. പലതരം നാടൻ പാട്ടുകളും ഇവിടെ പ്രചാരത്തിലുണ്ട്. കുതിരക്കോലം, ദഫ്മുട്ട് തുടങ്ങിയവയിൽ പ്രഗത്ഭരായ കലാകാരന്മാർ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. സ്കൂൾ യുവജനോത്സവങ്ങളോടനുബന്ധിച്ച് ഇത്തരം പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. സ്വാതന്ത്ര്യസമരകാലഘട്ടത്തിലും അതിനുശേഷവും സാംസ്ക്കാരിക രംഗത്ത് നമ്മുടെ ഗ്രാമത്തിനുണ്ടായ മുന്നേറ്റം അതേ അളവിൽ ഇന്ന് നിലനിൽക്കുന്നില്ല എന്നു കാണാവുന്നതാണ്. ജന്മിത്തം കൊടികുത്തി വാണിരുന്ന കാലത്ത് ജന്മികുടുംബങ്ങളിൽത്തന്നെയുള്ള ദേശസ്നേഹികളായിരുന്നു സാംസ്ക്കാരിക മുന്നേറ്റത്തിന് നേതൃത്വം കൊടുത്തിരുന്നത്. അയിത്തം തുടങ്ങിയ അനാചാരങ്ങൾക്കും പലതരം അന്ധവിശ്വാസങ്ങൾക്കും എതിരായി അവർ മുന്നോട്ടുവന്നു. അക്ഷരജ്ഞാനമില്ലാത്തവരായിരുന്നിട്ടും ഗ്രാമീണ കൃഷിക്കാരും, കൈത്തൊഴിൽകാരും ഈ മുന്നേറ്റത്തിൽ അവരോടൊപ്പം ചേർന്നു. സംസ്ക്കാരം മനുഷ്യന്റെ സർഗ്ഗ ശക്തിയെ സാമൂഹ്യനന്മയ്ക്കായി പ്രയോജനപ്പെടുന്നതിനുദാഹരണമാണിത്. സാംസ്ക്കാരിക നവോത്ഥാനം സാധിക്കുന്നതിന് ഗ്രന്ഥാലയങ്ങളുടെ പങ്ക് വളരെയധികമാണ്. 1948 ൽ കാവുന്തറയിൽ ഒരു പീടികമുറിയിൽ ആരംഭിച്ച 'ഗാന്ധി സ്മാരക വായനശാല ആണ് ഇവിടുത്തെ ആദ്യത്തെ ഗ്രന്ഥാലയം. ഈ സ്ഥാപനമാണ് കാവിൽ പൊതുജന വായനശാലയായി പ്രവർത്തിക്കുന്നത്. ജവഹർലാൽ നെഹ്റു, കെ.പി. കേശവമേനോൻ എന്നിവരുടെ തടക്കമുള്ള പുസ്തകങ്ങൾ അവിടെ ഉണ്ടായിരുന്നു. ഖാദി പ്രസ്ഥാനത്തിലും സർവ്വോദയ പ്രസ്ഥാനത്തിലും പ്രവർത്തിച്ച ഉൽപതിഷ്ണുക്കളായ മഹത് വ്യക്തികൾ ഈ ഗ്രന്ഥാലയത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയിരുന്നു. പിന്നീട് ശ്രീ: എം. രാമുണ്ണിമാസ്റ്റർ തുടങ്ങിയവരുടെ ശ്രമഫലമായി ഒരു ലൈബ്രറി ആരംഭിച്ചു. ഗ്രന്ഥശാലാ സംഘവുമായി അഫിലിയേറ്റ് ചെയ്തു. പിന്നീട് പ്രവർത്തനം ശുഷ്കമായതോടെ പഞ്ചായത്തിനെ ഏൽപ്പിച്ചു. 1960 മുതൽ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ ഗ്രന്ഥാലയവും വായനാശാലയും ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് മാറ്റിയതോടെ പ്രവർത്തനം നിലച്ചമട്ടാണ്. വായനയും പഠനവും ഗൗരവമായെടുക്കുന്ന ഒരു സമൂഹം മാത്രമേ സംസ്ക്കാര സമ്പന്നമാവുന്നുള്ളൂ. എങ്കിൽ ഇന്ന് നടുവണ്ണൂരിന്റെ അവസ്ഥ ദയനീയമാണ്. ഒരു പാർട്ട് ടൈം ലൈബ്രേറിയനാണുള്ളത്. ജനവിദ്യാകേന്ദ്രവും, വായനശാലയും, റേഡിയോവും, ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ കാറ്റും വെളിച്ചവും കടക്കാത്ത മുറിയിൽ ശ്വാസം മുട്ടുകയാണ്. കാവുന്തറയിലുള്ള ജനവിദ്യാകേന്ദ്രത്തിന്റെയും സ്ഥിതി ആശാവഹമല്ല.

വയോജന വിദ്യാഭ്യാസ രംഗത്തും നിരക്ഷരതാ നിർമ്മാർജ്ജന രംഗത്തും വിപ്ലവം സൃഷ്ടിക്കുന്നതിന് ഏറെ സംഭാവനകൾചെയ്ത നിരവധി കലാ സാംസ്ക്കാരിക സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. ലിബറൽ തിയ്യേറ്റഴ്സ്, നടുവണ്ണൂർ സംസ്ഥാന തലത്തിൽ അംഗീകരിക്കപ്പെട്ട സമിതിയായിരുന്നു. എഴുപതുകളിൽ കലാമൂല്യങ്ങളുള്ള

സിനിമകൾ പ്രദർശിപ്പിക്കുന്നതിനും സഹായകമായ വിധത്തിൽ 'ഉപാസന' ഫിലിം സൊസൈറ്റിയും നടുവണ്ണൂരിലുണ്ടായിരുന്നു. ലിബറിലിന്റെ 'സമുദായം' എന്ന നാടകം സംഗീത നാടക അക്കാദമി അവാർഡിന് അർഹമായിട്ടുണ്ട്. നാടക രംഗത്ത് പുതിയ സങ്കേതങ്ങൾ തേടിയെത്തിയ ശ്രീ. വിശ്വൻ മാന്ദങ്കാവ്, അവതരണത്തിലും സംവിധാനത്തിലും സ്വന്തം പരീക്ഷണങ്ങൾ നടത്തിയ ശ്രീ: എം. ഗോപാലൻ മാസ്റ്റർ പ്രൊഫഷണൽ നാടകരംഗത്ത് പ്രശസ്തനായ ശ്രീ. പ്രദീപ് കുമാർ കാവുന്തറ. ശബ്ദഗാംഭീര്യത്താൽ കേരളീയ മനസ്സിനെ ഉണർത്തുന്ന ഖാൻ കാവിൽ എന്നിവർ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ അഭിമാനമാണ്.

കാവിൽ, എലങ്കമൽ, മന്ദങ്കാവ് എന്നിവടങ്ങളിൽ കോൽക്കളി, ദഫ്മുട്ട്, കുതിരക്കോലം എന്നീ നാടക കലകൾ സജീവമാണ്. ഈയടുത്ത കാലം വരെയും കാവുന്തറ, വെണ്ടിലോട്ട്പാറ എന്നീ സ്ഥലങ്ങളിൽ നൃത്തസംഗീത നാടകങ്ങൾ അരേങ്ങേറിയിരുന്നു. ഈ നാടകങ്ങളിൽ അഭിനയിച്ചവരിൽ കുറച്ചു പേരെങ്കിലും ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ട്.

എ.എസ്.കെ.എസ്. നടുവണ്ണൂർ, N.N. കക്കാട് കലാ സാംസ്ക്കാരിക കേന്ദ്രം എന്നിവ സാംസ്ക്കാരിക രംഗത്തെ ജീവസുറ്റതാക്കി തീർക്കുന്നു. സംവാദങ്ങൾ സംഘടിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധവെയ്ക്കുന്നുണ്ട്. പഞ്ചായത്ത് തലമത്സരങ്ങളിൽ സജീവമായി പങ്കെടുക്കുന്ന കലാസമിതികളാണ്, ആഫെലിസിറ്റി എലങ്കമൽ, രംഗവേദി നടുവണ്ണൂർ സമഭാവന എന്നിവ. ഓണാഘോഷത്തോടനുബന്ധിച്ച് പഞ്ചായത്തിലെ വിവിധ കലാകായിക സംഘടനകളും മറ്റു സന്നദ്ധ സംഘടനകളും കലാ പരിപാടികളും കായിക മത്സരങ്ങളും നടത്തി വരുന്നു. നടുവണ്ണൂരിൽ നടത്താറുള്ള ഘോഷയാത്രയിൽ ജാതിമത കക്ഷിഭേദമന്യേ ആബാല വൃദ്ധ ജനങ്ങളും പങ്കെടുക്കാറുണ്ട്. ഇതിൽ മഹാബലിയായി ജനങ്ങളെ കാണാനെത്തുന്ന ശ്രീ. ചന്തുക്കുറുപ്പിന്റെ അംഗവിക്ഷേപങ്ങളും തലയെടുപ്പും സഹൃദയരുടെ സ്മരണയിൽ നിൽക്കുന്നുണ്ട്. തിരുവോണ നാളിൽ പ്രത്യക്ഷപ്പെടാറുള്ള ഓണേശ്വരൻ ഏറെ ആകർഷകമാണ്.

ഗായത്രി, അക്ഷര, വരദ, ടാഗോർ, എന്നീ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തപ്പെടുന്ന കലാമത്സരങ്ങൾ ഉന്നത നിലവാരം പുലർത്തുന്നവയാണ്. ഇവിടങ്ങളിലെ കഴിവുറ്റ അധ്യാപകരും വിദ്യാർത്ഥികളും ഈ പഞ്ചായത്തിന്റെ സാംസ്ക്കാരിക മണ്ഡലത്തിൽ കനത്ത സംഭാവനകളർപ്പിച്ചുകൊണ്ടിരിക്കുന്നത് ശുഭോദർക്കമാണ്. തരംഗിണി ബാലജനസഖ്യവവും നടുവണ്ണൂരിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള ഒരു സിനിമാശാല ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നത് ഒരു വാർത്തയല്ല. നമ്മുടെ ഗ്രാമപഞ്ചായത്തിലെ മിക്കവീടുകളും ഓരോ സിനിമാശാലകളായി മാറിക്കൊണ്ടിരിക്കുകയാണഅ. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ വിജ്ഞാന വിസ്ഫോടനത്തിന്റേതാണല്ലോ. ഈ പൊട്ടിത്തെറിയുടെ ആഘാതത്തിൽ ആർത്തലയ്ക്കുന്ന വിവിധരംഗങ്ങളിൽ ഏറ്റവും പ്രധാന്യമർഹിക്കുന്നത് സാംസ്ക്കാരിക രംഗമാണ്. ഇലക്ട്രോണിക് മാധ്യമങ്ങളായ റേഡിയോ, ടി.വി., വീഡിയോ മുതലായവ പ്രചാരത്തിലെത്തിയതോടെ സംവേദനത്തിന്റെ സാധ്യതകളും വ്യാപ്തിയും വളരെ വർദ്ധിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനം ഏറ്റവും കടുത്തതാണ്. സ്കൂൾ വിദ്യാർത്ഥികൾ പോലും മയക്കുമരുന്നിനടിമപ്പെടുന്നു. പത്രമാസികകളുടെ പ്രചാരണത്തിൽ നിന്നും വ്യക്തമാകുന്ന ഒരു പ്രവണത സ്ത്രീകളാണ് വായനയിൽ മുന്നിട്ട് നിൽക്കുന്നത് എന്നാതാണ്. അതുകൊണ്ടുതന്നെ അവരെ ഗൗരവമായ വായനിലേക്ക് ആകർഷിക്കാൻ കഴിയണം. ഇളം തലമുറക്കാർ ഏറെയും പാശ്ചാത്യ സംഗീതത്തിന്റെ മാസ്മരലഹരിയിൽ മുഴുകിക്കഴിയുന്നു. ഇത് മാന്യതയുടെ അടയാളമായിപ്പോലും അവർ തെറ്റിദ്ധരിക്കുന്നു. ആംഗലേയ മാധ്യമങ്ങളോടുള്ള നമ്മുടെ പഞ്ചായത്തിലെ ഇടത്തരകുടുംബങ്ങൾക്കുള്ള അഭിനവേശത്തിന് കാരണം പൊതു വിദ്യാഭ്യാസത്തിന്റെ നിലവാര തകർച്ചയും സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടെ അഭാവവുമാണ്. എന്ന് പറയാമെങ്കിലും മാതൃഭാഷയോടുള്ള അവഗണന സാംസ്ക്കാരിക തലത്തിൽ എന്തെന്തു പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുക! വിവാഹാദി ചടങ്ങുകളിലെ അനാവശ്യമായ ആർഭാടങ്ങൾ, സ്ത്രീധന സമ്പ്രദായത്തിന് മാന്യത നൽകുന്ന പുത്തൻ അനാചാരമായിതന്നെ വളർന്നു വരികയാണ്.

സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർക്ക് വിലങ്ങുതടിയായി നിൽക്കുന്ന ഒരു പ്രമുഖ ഘടകം ഈ സംഘങ്ങളൊക്കെയും ഏതെങ്കിലും ഒരു പ്രത്യേക രാഷ്ട്രീയ കക്ഷിയെ മാത്രം പ്രതിനിധീകരിക്കുന്നു എന്നുള്ളതാണ്. അന്താരാഷ്ട്ര ബഹുമതി നേടിയ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിനെ പോലും ഈ രീതിയിൽ ആണ് ജനങ്ങൾ വീക്ഷിക്കുന്നത്.! ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ നല്ല രീതിയിൽ നടക്കുന്നുണ്ട്. സാംസ്ക്കാരിക രംഗത്ത് പ്രതീക്ഷയുളവാക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ആസൂത്രണത്തിന്റെ അപാകതകൾ വ്യക്ത

മായും നിഴലിക്കുന്ന തരത്തിൽ ഗ്രാമപഞ്ചായത്തിലെ സംസ്ക്കാരിക നിലയം മരുങ്കാവിൽ സാങ്കേതിക തടസ്സങ്ങളാൽ ഇനിയും പണിതീരാതെ കിടക്കുന്നു. സാംസ്ക്കാരവും സാഹിത്യാദികലകളും ഗൗരവമേറിയ മറ്റെല്ലാ പണികൾക്കും ശേഷം ശ്രദ്ധിക്കേണ്ടവെറുമൊരു വിശ്രമ വിനോദ പരിപാടിയല്ല. സംസ്ക്കാരത്തിനും സാംസ്ക്കാരിക സ്ഥാപനങ്ങൾക്കും അർഹമായ സ്ഥാനം നൽകിക്കൊണ്ടു മാത്രമേ വികസനത്തിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ കഴിയൂ.

കായികരംഗം

സാഹസികരായ അമ്പെയ്ത്തുകാരുടെയും നായാട്ടുകാരുടെയും കാളയോട്ട മത്സരക്കാരുടെയും കേളീ രംഗമായിരുന്നു. നടുവണ്ണൂർ. അങ്കക്കളരിയും പറമ്പിൻകാടും പോയകാലങ്ങളിലെ കളരി അഭ്യാസങ്ങളുടെ കഥകൾ പറയുന്നുണ്ട്. കാവുന്തറയിലും മന്ദങ്കാവിലും നടുവണ്ണൂരിലും പേരുകേട്ട കളരികൾ മർമ്മ ചികത്സാകേന്ദ്രങ്ങൾ കൂടിയായിരുന്നു. മികച്ച ചതുരംഗകളിക്കാരും ഗ്രാമപഞ്ചായത്തിലുണ്ടായിരുന്നു.

വോളിബോൾ രംഗത്ത് ഏറെ നേട്ടങ്ങൾ കൊയ്തെടുത്ത NRC കായിക രംഗത്ത് നടുവണ്ണൂരിന്റെ പ്രശസ്തി അഖിലേന്ത്യാ തലത്തിൽത്തന്നെ എത്തിച്ചിട്ടുണ്ട്. ഇതിന്റെ മുഖ്യശില്പിയായ ശ്രീ. അച്ചുതൻമാസ്റ്റർ ദേശീയ അവാർഡിന് അർഹനായ അധ്യാപകനാണ്. ശ്രീ. സി. രാഘവൻ നായർ തുടങ്ങി നിരവധി വോളിബോൾ കളിക്കാരും റഫറിമാരും ഗ്രാമപഞ്ചായത്തിലുണ്ട്. വോളിബോൾ പ്രേമികൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഏറെയുണ്ട്. സ്പോർട്സ് ജ്വരത്തിന് പകരം കായിക സംസ്ക്കാരമാണ് വളരേണ്ടത്. ഒരു സമൂഹത്തിൽ നടക്കുന്ന വിവിധ കായിക പ്രവർത്തനത്തിന്റെ ഫലമായി മുഴുവൻ ജനങ്ങളിലും വളർത്തിയെടുക്കാൻ കഴിയുന്ന മനോഭാവമാണ്. കായിക സംസ്ക്കാരം. അഖിലേന്ത്യാ, ആഗോളതാരങ്ങളെ സൃഷ്ടിച്ചെടുക്കുക മാത്രമല്ല ഇതിന്റെ ലക്ഷ്യം ഇതിന് സാർവ്വത്രികമായ കായിക പരിശീലനം വേണം. മികച്ച ക്ലബ്ബായിരുന്ന NRC യുടെ പ്രവർത്തനം ഇടക്കാലത്ത് നിലച്ചിരുന്നു. വീണ്ടും തുടങ്ങിയരിക്കുന്നു എന്നത് പ്രതീക്ഷയുളവാക്കുന്നു. അങ്കക്കളരിക്കും പറമ്പിൻകാടിനും ഫുട്ബോൾ കളിയുടേതായ ഒരു ചരിത്രം കൂടിയുണ്ട്. ഒരു കാലത്തിവിടെ ഉഗ്രൻ ഫുട്ബോൾ മത്സരങ്ങൾ നടന്നിട്ടുണ്ട്. കരുത്തരായ ഒട്ടേറെ ഫുട്ബോൾ കളിക്കാർ ഇവിടെയുണ്ടായിരുന്നു. കലാസാംസ്ക്കാരിക രംഗത്തെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.


1. ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാലയും വായനശാലയും നിർജ്ജീവമാണ്.
2. മന്ദങ്കാവിൽ പണിത സാംസ്ക്കാരിക നിലയം സാങ്കേതിക തടസ്സങ്ങളാൽ ഉപയോഗയോഗ്യമല്ല.
3. സങ്കുചിത കക്ഷി രാഷ്ട്രീയ ചേരി തിരിവുകൾ കലാസാംസ്ക്കാരിക പ്രവർത്തനങ്ങളെ സാധാരണ ജനങ്ങളിൽ നിന്ന് അകറ്റി നിർത്തന്നു.
4. മദ്യം മയക്കുമരുന്ന് ഇവകളുടെ ദുസ്വാധീനം യുവതലമുറയെ ഗ്രസിച്ചിരിക്കുന്നു. ഇത് സാമൂഹ്യവിരുദ്ധ പ്രവണതകൾക്ക് വളമിടുന്നു.
5. തുടർ സാക്ഷരതാ പ്രവർത്തനം നിലച്ചിരിക്കുന്നു.


സാദ്ധ്യതകൾ

1. 'സാംസ്ക്കാരിക നിലയം' പഞ്ചായത്ത് ആസ്ഥാനത്ത് സൗകര്യമായ സ്ഥലത്ത് നിർമ്മിക്കുക. ഒരു മുഴുവൻ സമയ ലൈബ്രേറിയനെ നിയമിക്കുക.
2. വിവിധ രാഷ്ട്രീയ സാംസ്ക്കാരിക വിദ്യാഭ്യാസ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉപദേശക സമിതി രൂപീകരിക്കുക. ഈ സമിതി നിർദ്ദേശിക്കുന്ന നിലവാരമുള്ള പുസ്തകങ്ങളായിരിക്കണം ഗ്രന്ഥശാലയിൽ ഉണ്ടാവേണ്ടത്.
3. വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ കലാസമിതികളേയും ഉൾപ്പെടുത്തി ഒരു കേന്ദ്ര കലാസമിതി രൂപീകരിക്കുക
4. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാസമിതികൾക്കും ഗ്രന്ഥാലയങ്ങൾക്കും ഗ്രാന്റ് അനുവദിക്കുന്നത് പഞ്ചായത്ത് മുഖേന ആയിരിക്കണം. ഇതിന് ഒരു കമ്മറ്റി രൂപീകരിക്കാവുന്നതാണ്.
5. 'നാടൻ കലാ അക്കാദമി' രൂപീകരിക്കുക ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ നാടൻ കലാകാരന്മാരെ ഉൾപ്പടുത്തി നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഇത്തരം കലകൾ താല്പര്യമുള്ളവരെ പരിശീലിപ്പിക്കുന്നതിന് സംവിധാനമുണ്ടാക്കുക.
6. ഇൻഫർമേഷൻ സെന്റർ സാംസ്ക്കാരിക നിലയത്തോടനുബന്ധിച്ച് ഉണ്ടാവണം. വിവിധതരം സർക്കാർ ആനുകൂല്യം കിട്ടുന്നതിനുള്ള ഫോറങ്ങൾ ഈ സെന്ററിൽ നിന്നും വിതരണം ചെയ്യാം. സന്നദ്ധ സംഘടനകളുടെ സഹായം ഇതിന് ഉപയോഗപ്പെടുത്താം.
7. മിനിസ്റ്റേഡിയം ഉപയോഗപ്പെടുത്തി വിവിധതരം

കളികളിൽ പരിശീലനം നൽകുക.

8. സ്പോർട്സ് കൗൺസിൽ രൂപീകരിക്കുക. ഗ്രാമ പഞ്ചായത്തിൽ നടക്കുന്ന എല്ലാ കായിക പ്രവർത്തനങ്ങൾക്കും ഈ കൗൺസിൽ നേതൃത്വം നൽകുക. കായിക വിദഗ്ദ്ധന്മാരുടെ ഉപദേശകസമിതി രൂപീകരിക്കുക.
9. ജനവിദ്യാ കേന്ദ്രങ്ങൾ സാംസ്ക്കാരിക സംഘ ങ്ങളുടെ സഹായത്തോടെ പ്രവർത്തനമാരംഭി ക്കുക. നവസാക്ഷരർക്കുള്ള പുസ്തകങ്ങൾ വിതരണം ചെയ്യുക.
10. കേന്ദ്ര കലാ സമിതിയുടെ ആഭിമുഖ്യത്തിൽ ചർച്ചാ യോഗങ്ങളും ബോധവൽക്കരണ ക്ലാസു കളും മാസത്തിലൊരിക്കലെങ്കിലും സംഘടിപ്പി ക്കുക.
11. നിലവിൽ ഗ്രന്ഥശാലകളും വായനശാലകളും ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക.
12. നിരവധി നൂറ്റാണ്ടിന്റെ ചരിത്രം ഉറങ്ങിക്കിട ക്കുന്ന നടുവണ്ണൂരിനെപ്പറ്റി ശാസ്ത്രീയി പഠി ക്കാനും ചരിത്രവും ഐതിഹ്യവും കൂടികലർന്ന ഇന്നത്തെ അവസ്ഥ മാറ്റിയെടുക്കുന്നതിന് ഉപ കരിക്കത്തക്ക നിലയിൽ പണ്ഡിതന്മാരെ ഉൾപ്പെടുത്തി ചരിത്രസെമിനാർ നടത്തുക.
13. കാവിൽ പൊതു വായനശാലാ കെട്ടിടവും ലൈബ്രറിയും പഞ്ചായത്ത് ഏറ്റെടുത്ത് ടി.വി. സ്ഥാപിക്കുക.
14. അങ്കണവാടികൾ കേന്ദ്രീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായ വായനശാലകൾ സ്ഥാപിക്കുക.
15. ഇപ്പോൾ വിവിധ വാർഡുകളിൽ പ്രവർത്തി ക്കുന്ന ഗ്രന്ഥാലയങ്ങൾക്ക് ടി.വി., റേഡിയോ ഇവ അനുവദിക്കുക.
16. നാടൻ കലാ അക്കാദമിയുടെ നേതൃത്വത്തിൽ കോൽക്കളി, ദഫ്മുട്ട്, നാടൻപാട്ട്, തെയ്യം എന്നിവ ഉൾപ്പെടുത്തി വർഷംതോറും നാടൻ കലാമേള സംഘടിപ്പിക്കുക.
17. കലാസാംസ്ക്കാരിക സംഘങ്ങൾ പണപ്പിരിവ് നടത്തുന്നത് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണ ത്തിലാക്കുക.
18. തൊഴിൽരഹിതരായ യുവാക്കളെ സംഘടിപ്പിച്ച് വീടുവീടാന്തരം പുസ്തകങ്ങൾ എത്തിക്കുന്ന തിന് പരിപാടികൾ തയ്യാറാക്കുക. (മൊബൈൽ ലൈബ്രറി)
19. സ്കൂൾ യുവജനോത്സവ വിജയികൾക്ക് ഗ്രാമ പഞ്ചായത്ത് വക സമ്മാനങ്ങൾ ഏർപ്പെടു ത്തുക.
20. വിപുലീകരിച്ച രൂപത്തിലുള്ള ഒരു സ്റ്റേഡിയം നടുവണ്ണൂർ കേന്ദ്രീകരിച്ച് നിർമ്മിക്കുക.





ആരോഗ്യം

ഒരു പ്രദേശത്തെ ആരോഗ്യനിലവാരം കണക്കാക്കുന്നത് പൊതുമരണനിരക്ക്, ശിശു മരണനിരക്ക്, മാതൃമരണനിരക്ക് ഇവ അടിസ്ഥാനമാക്കിയാണ്. കേരളത്തിൽ ഇത് യഥാക്രമം 5:9,16,1ൽ താഴെ എന്നിങ്ങനെയാണ്. നമ്മുടേത് ഇവ യഥാക്രമം 2,7.5,0 എന്നിങ്ങനെയാണ്. നമ്മുടെ പഞ്ചായത്തിലെ പൊതുആരോഗ്യ നിലവാരം സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നതാണ്.

പ്രായഘടന

പഞ്ചായത്തിൽ ഒരുവയസ്സിൽ താഴെയുള്ള കുട്ടികൾ 384 ഉം ഒരു വയസ്സിനും 6 വയസ്സിനും ഇടയിലുള്ളവർ 2103 ഉം 6 മുതൽ 12 വയസ്സുവരെ 2310 കുട്ടികളും ഉണ്ട് 60 വയസ്സിനുമേൽ പ്രായമുള്ളവർ 2.5 ശതമാനം വരും. പഞ്ചായത്തിലെ ആകെ ജനസംഖ്യ 91 ലെ സെൻസസ് അനുസരിച്ച് 22258 ആണ്. സ്ത്രീകൾ 11155 ഉം പുരുഷന്മാർ 11103 ആണ്. വൃദ്ധജനങ്ങളുടെ അനുപാതം പഞ്ചായത്തിൽ വർദ്ധിച്ചു വരികയാണ്. അത്തരക്കാർക്കുവേണ്ടി പ്രത്യേക ആരോഗ്യപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്രാക്കേണ്ടതുണ്ട്. വൃദ്ധന്മാരുടെ ആരോഗ്യപ്രശ്നങ്ങളായ തിമിരം രക്തസമ്മർദ്ദം, ആസ്മ, പ്രമേഹം ഇവ പഞ്ചായത്തിൽ കൂടിവരുന്നതായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. മന്ദബുദ്ധികളായി നാല്പതോളം പേർ പഞ്ചായത്തിലുണ്ട്. വികലാംഗപെൻഷൻ വാങ്ങുന്നവരായി പഞ്ചായത്തിൽ 100 പേർ വേറെയുമുണ്ട്. അംഗവൈകല്യം ബാധിച്ചവർക്ക് അനുയോജ്യമായ തൊഴിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ ആരോഗ്യ നിലവാരം മെച്ചപ്പെട്ടതാണെങ്കിലും രോഗാതുരത സംസ്ഥാന അവസ്ഥ പോലെ തന്നെ ഉയർന്നതാണെന്ന് ആശുപത്രികളിൽ നിന്ന് ലഭിച്ച കണക്കുകൾ കാണിക്കുന്നു. (പട്ടിക 7 എ കാണുക)

പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ എത്തിച്ചേരുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി മേൽക്കാണിച്ച പട്ടിക സൂചിപ്പിക്കുന്നു. ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ഭാഗികമായി മാത്രമെ വിതരണം ചെയ്യാൻ കഴിയുന്നുള്ളൂ. എന്നാൽ അത്യാവശ്യമില്ലാത്ത മരുന്നുകൾ ധാരാളം ലഭിക്കുകയും ചെയ്യുന്നുണ്ട്. ജീവൻരക്ഷാ ഔഷധങ്ങളുടെ ദൗർലഭ്യം ഒരു പ്രശ്നമായി നിലനിൽക്കുന്നു. രാത്രി കാലങ്ങളിൽ അടിയന്തിര ചികിത്സ ലഭിക്കേണ്ട രോഗികൾക്ക് അത് ലഭ്യമാക്കാൻ പഞ്ചായത്തിൽ ഡോക്ടർമാർ ഇല്ലാത്തത് ഒരു പ്രശ്നമാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവിടെയുള്ള കയർ വാർഡ് പ്രവർത്തനക്ഷമമാക്കി അവിടെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഉണ്ടാവണം. ആശുപത്രി ജീവനക്കാരുടെ താമസസൗകര്യം മുതലായ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്.

ആയുർവേദ ഡിസ്പെൻസറി 31-03-94 മുതൽക്കാണ് പ്രവർത്തനം ആരംഭിച്ചത്. 26-01-96 മുതൽ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ രണ്ടു വർഷത്തെ കണക്കുകൾ അനുസരിച്ച് ആയുർവേദ ഡിസ്പെൻസറിയിൽ എത്തുന്ന രോഗികളുടേയും എണ്ണം വർദ്ധിച്ചു വരുന്നു. ലക്ഷം വീടു കോളനിയുടം സമീപപ്രദേശത്തുള്ള ഈ ആശുപത്രി

കോളനി നിവാസികൾക്ക് വളരേയേറെ പ്രയോജനം ചെയ്യുന്നു. ശരാശരി 60 രോഗികൾ ആശുപത്രിയിൽ വരുന്നുണ്ട്. കഷായം, കുഴമ്പ് മുതലായവയാണ് രോഗികൾക്ക് നല്കുന്നത്. സൗകര്യപ്രദമായ റോഡും ഡിസ്പെൻസറി പരിസരത്ത് ഒരു ഔഷധത്തോട്ടവും നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിലുള്ള ഹോമിയോ ഡിസ്പെൻസറി ടൗണിൽ 2ാം വാർഡിൽ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടേയും രോഗികളുടെ എണ്ണം വർഷം പ്രതി വർദ്ധിച്ചു വരുന്നു. ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കേണ്ടതുണ്ട്.

പഞ്ചായത്ത് ഐ. സി. ഡി. എസ്സ്. പ്രോജക്ടിൽ ഉൽപ്പെടുത്തുന്നത് കൊണ്ട് 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് അംഗൻവാടിയിൽ നിന്ന് ലഭിക്കുന്ന ഭക്ഷണം അവരുടെ പോഷണ നിലവാരം മെച്ചപ്പെടുത്താൻ ഉപകരിക്കുന്നുണ്ട്. പഞ്ചായത്തിലെ 21 അംഗൻവാടികളിലായി 853 കുട്ടികൾ ഉണ്ട് കൂടാതെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അംഗൻവാടികളിൽ നിന്നും പോഷകാഹാരങ്ങൾ ലഭിക്കുന്നുണ്ട്.

പഞ്ചായത്തിൽ ഒരു വയസ്സിൽ താഴെയുള്ള 384 കുട്ടികളിൽ കുട്ടികളിൽ 380 പേരും സാർവ്വത്രിക രോഗ പ്രതിരോധ ചികിത്സാ പരിപാടി പ്രകാരം പ്രതിരോധ ചികിത്സയെടുത്തവരാണ്. എങ്കിലും മതപരമായും മറ്റുകാരണങ്ങളാലും നാലുകുട്ടികളുടെ രക്ഷിതാക്കൾ ഈ പരിപാടിയോട് വിമുഖത കാണിക്കുന്നു. പോഷണക്കുറവുകൊണ്ടുള്ള വിളർച്ച ദന്ത ശുചിത്വത്തിന്റെ കുറവുകൊണ്ടുള്ള ദന്തരോഗങ്ങൾ പലതരം ചൊറികൾ തുക്ക് രോഗങ്ങൾ ഇവയെല്ലാം കുട്ടികളിൽ കണ്ടു വരുന്ന രോഗങ്ങളാണ്. പരിസര ശുചിത്വത്തിന്റെ കുറവുകൊണ്ടുണ്ടാകുന്ന വിരരോഗങ്ങൾ, കൊക്കപ്പുഴു ഇവ കുട്ടികളിൽ സാധാരണമാണ്. വ്യക്തിശുചിത്വം, പരിസരശുചിത്വം ഇവയുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ അത്യാവശ്യമാണ്.

പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും നാല് ഉപകേന്ദ്രങ്ങളും കൂടാതെ രോഗികകളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരു സ്വകാര്യ ആശുപത്രിയും ഒരു സ്വകാര്യ ക്ലിനിക്കും നാല് അലോപ്പതി മരുന്നുകടകളും ഒരു ദന്തൽ ക്ലിനിക്കും ഉണ്ട്. ആറാം വാർഡിൽ ഒരു സർക്കാർ ആയുർവേദ ഡിസിപെൻസറിയും പലപ്രദേശങ്ങളിലായി നാല് നാടൻ മർമ്മ ചികിത്സാ വിദഗ്ദ്ധരും 8 ആയുർവേദ മരുന്നു കടകളും രണ്ടാം വാർഡിൽ ഗവ: ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രം മൂന്നാം വാർഡിലാണ്. മൂന്ന്, നാല് വാർഡുകളിൽ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. 1,8 വാർഡുകളിൽ അനുവദിച്ച ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം പണി തുടങ്ങിയിട്ടില്ല.

ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിലെ സ്ഥാപനങ്ങൾക്കായി സർക്കാർ ഒരു വർഷത്തിൽ 12,99,000 രൂപ ചിലവഴിക്കുന്നുണ്ട്. പഞ്ചായത്തിലെ ഒരാൾക്ക് ശരാശരി ഒരു വർഷം 55 രൂപയോളം ഈ കണക്കനുസരിച്ച് ചിലവഴിക്കുന്നുണ്ട്. എങ്കിലും മരുന്നിന്റെ ലഭ്യതയും മറ്റു സൗകര്യങ്ങളും ഇനിയും വർദ്ധിക്കേണ്ടിയിരിക്കുന്നു.

ആരോഗ്യപ്രവർത്തനങ്ങളുമായി സഹകരിക്കുന്ന സന്നദ്ധ സംഘടനകളായി പഞ്ചായത്തിൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, സാക്ഷരതാ സമിതി, മഹിളാ സ്വാസ്ത്യ സംഘം എന്നിവ പ്രവർത്തിക്കുന്നു.

ജലലഭ്യത

നടുവണ്ണൂർ പഞ്ചായത്തിലെ അയനിക്കാട് പ്രദേശം ചില ഉയർന്ന പ്രദേശങ്ങൾ എന്നിവ ഒഴികെ കുടിവെള്ളം വേനൽ കാലങ്ങളിലൊഴികെ ഒരു പ്രശ്നമാകാറില്ല. പ്രകൃതിദത്തമായ രണ്ട് കുടിവെള്ള സ്രോതസ്സുകൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ തെക്കേ അതിരിൽ കൂടി രാമ പുഴ ഒഴുകുന്നുണ്ട്. പഞ്ചായത്തിന്റെ മധ്യഭാഗത്തും പടിഞ്ഞാറേ അതിരിലുമായി രണ്ട് തോടുകൾ ഒഴുകുന്നുണ്ട്. കൂടാതെ പഞ്ചായത്തിൽകൂടി ഒഴുകുന്ന കുറ്റ്യാടി ഇറിഗേഷൻ കനാലും അയനിക്കാട് ബ്രാഞ്ച് കനാലും വേനൽക്കാലത്തെ കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നു. പഞ്ചായത്തിൽ പകുതിയിലധികം വീടുകളും വിവിധ വാർഡുകളിലായി നാല്പതോളം കുളങ്ങളും ഉണ്ട്.

വിസർജ്യ നിർമ്മാർജ്ജന സൗകര്യങ്ങൾ

പഞ്ചായത്തിലേതാണ്ട് 60% ജനങ്ങൾ മാത്രമെ കക്കൂസുകൾ ഉപയോഗിക്കുന്നുള്ളൂ. സാമ്പത്തികമായി ശേഷിയുള്ളവർ പോലും ബോധവൽക്കരണത്തിന്റെ അഭാവത്തിൽ കക്കൂസുകൾ നിർമ്മിക്കുന്നില്ല. വൃത്തിയുള്ള കക്കൂസുകൾ നിർമ്മിക്കുന്നതിനും അവ ശരിയായ വിധത്തിൽ ഉപയോഗിക്കുന്നതിനും പ്രേരിപ്പിക്കേണ്ടതാണ്.

കോളനികളിൽ പൊതു കക്കൂസുകൾ പല സാമൂഹ്യ പ്രശ്നങ്ങൾക്കും കാരണമാകുമെന്നതിനാൽ പ്രയോഗികമല്ല. ഓരോ കുടുംബത്തിനും പ്രത്യേകം മുറികളും പൊതു ടാങ്കും നിർമ്മിക്കുന്നതാവും അഭികാമ്യം. ലക്ഷംവീട് കോളനികളിലും ഹരിജൻ കോളനികളിലും കക്കൂസുകൾ നിർമ്മിക്കാ

ത്തത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. താഴ്ന്ന വരുമാനക്കാർക്ക് കക്കൂസുകൾ നിർമ്മിച്ചു കൊടുക്കാനുള്ള സംയോജിത പരിപാടികൾ ജനപങ്കാളിത്വത്തോടെ നടപ്പാക്കാവുന്നതാണ്.

പൊതു മാലിന്യങ്ങൾ ശേഖരിക്കുന്നതിന് 4 ഡസ്റ്റ് ബിന്നുകൾ പഞ്ചായത്തിലെ വിവിധ അങ്ങാടികളിലായി സ്ഥാപിച്ചിട്ടുണ്ട് ഹോട്ടലുകൾ തയ്യൽകട പച്ചക്കറികട തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് പാഴ് വസ്തുക്കൾ നിക്ഷേപിക്കുന്നതുകൊണ്ട് അഴുക്കു ചാലുകൾ ഉപയോഗ ശൂന്യമാകുന്നു. ചപ്പു ചവറുകൾ ശരിയായി സംസ്കരിക്കുന്നതിന് പഞ്ചായത്തിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല. ഡസ്റ്റ് ബിന്നുകളിലിട്ട് കത്തിക്കുകയാണിപ്പോൾ ചെയ്യുന്നത്. മാത്രമല്ല പഞ്ചായത്തിലെ സ്വീപ്പർ ശരിയായി തന്റെ ജോലി ചെയ്യുന്നില്ലെന്ന് ഗ്രാമസഭയിൽ പരാതി വന്നിരുന്നു.

നടുവണ്ണൂർ, കരുവണ്ണൂർ അങ്ങാടകളിൽ മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുക. മത്സ്യത്തിന്റെ അവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും മാർക്കറ്റ് ശുചിയായി സൂക്ഷിക്കുന്നതിനുമുള്ള സൗകര്യം ഉണ്ടാകേണ്ടതാണ്. കേടുവന്ന മത്സ്യം വിൽപ്പന നടത്തുന്നതായി പരാതിയുണ്ടാവാറുണ്ട്. അതിനുള്ള പരിശോധന നടത്തേണ്ടതാണ്. നടുവണ്ണൂർ അങ്ങാടിയിൽ ഒരു കശാപ്പുശാല സ്ഥാപ്പിക്കേണ്ടതാണ്. ഇപ്പോൾ പഞ്ചായത്തിൽ പല വീടുകളിലും വെച്ചാണ് ഇറച്ചി വെട്ടി വിതരണം നടത്തുന്നത്. ഇത് പല ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാവാറുണ്ട്.

ഈച്ച, കൊതുക്, എലി എന്നീ ക്ഷുദ്രജീവികളുടെ നിവാരണത്തിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ജനകീയ സമിതിയുടെ നേതൃത്വത്തിൽ സംയോജിത പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്. പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിലെ കുഴികക്കൂസുകൾ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കണം. പഞ്ചായത്തിലൊരു പൊതു ശ്മശാനം വേണം. ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശ പരിപാടി കാര്യക്ഷമമാക്കുക. ഹോട്ടൽ ഇൻസ്പെക്ഷൻ മാസത്തിൽ ഒരു തവണയെങ്കിലും നടത്തുക. നടുവണ്ണൂർ ടൗണിലെ സ്റ്റേഷനറി കടകളിൽ നടക്കുന്ന മദ്യവിൽപ്പന, വാജ്യവാറ്റ് വില്പന, കഞ്ചാവ് വില്പന എന്നിവ തടയാൻ നടപടിയെടുക്കുക. പ്ലാസ്റ്റിക് വസ്തുക്കൾ പ്രത്യേകിച്ച് കവറുകൾ ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെ പറ്റി ബോധവൽക്കരണം നടത്തുക.

പഞ്ചായത്തു പരിധികളിലെ ഹോട്ടലുകളിൽ ശുചിത്വം വളരെ കുറവാണ്. ഹോട്ടൽ മാലിന്യങ്ങൾ ഹോട്ടൽ പരിസരത്ത് തുറസ്സായ സ്ഥലത്ത് നിക്ഷേപിക്കുകയാണ് പതിവ്. ഇത് പരിഹരിക്കാൻ ഹോട്ടൽ ലൈസൻസ് കൊടുക്കുന്നതിനു മുൻപായി മാലിന്യങ്ങൾ നശിപ്പിക്കാനോ സംസ്കരിക്കാനോ ആവശ്യമായ പദ്ധതികൾ ഉണ്ടോ എന്ന് പരിശോധിക്കണം. ഹോട്ടലിനോട് ചേർന്ന് മൂത്രപ്പുര കക്കൂസ് എന്നിവ നിർമ്മിക്കണം. മാംസ വിൽപ്പന ശാലകൾ മത്സ്യ മാർക്കറ്റുകൾ എന്നിവ വൃത്തിയുള്ള ചുറ്റുപാടിലാക്കുക. ഈച്ച മറ്റു ക്ഷുദ്രജീവികൾ എന്നിവയെ അകറ്റി നിർത്താൻ ആവശ്യമായ ഗ്ലാസ് മറകൾ മാർക്കറ്റുകൾക്കത്യാവശ്യമാണ്.

അടുത്ത അഞ്ച് വർഷം കൊണ്ട് പഞ്ചായത്തിലെ കക്കൂസില്ലാത്ത വീട്ടുകാർക്കു മുഴുവൻ കക്കൂസുകൾ നിർമ്മിച്ചുകൊടുക്കാൻ കഴിയണം.

ഗുണഭോക്താവിന്റെ പങ്കാളിത്വം ഉറപ്പാക്കിക്കൊണ്ടുള്ള ഒരു സമയബന്ധിത പരിപാടി ഇതിനായി ആവിഷ്കരിക്കണം.

ജനതയുടെ ആരോഗ്യമാണ്, നാടിന്റെ സമ്പത്ത് ആരോഗ്യരംഗത്ത് നാം ഏറെ മുന്നോട്ടു പോയിട്ടുണ്ട്. ഈ ഉയരത്തിൽ നിന്നും നമുക്ക് ഉയരങ്ങളിലേക്ക് പറക്കാൻ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആരോഗ്യം - കുടിവെള്ളം - പരിസരശുചിത്വം

നമ്മുടെ പഞ്ചായത്തിന്റെ തെക്കു ഭാഗത്ത് രാമപ്പുഴയും പടിഞ്ഞാറ് മഠത്തിൽ താഴത്തോടും മധ്യ ഭാഗത്ത് വാഴോത്തുതാഴകൂടെ ഒഴുകുന്ന തോടും കക്കോടി ബ്രാഞ്ചു കനാൽ ഒഴുകുന്നതും. ഏച്ചിൽ മലയിൽ 18 പ്രകൃതിദത്ത ഉറവുചാലുകളും 44 കുളങ്ങളും നൂറ് കണക്കിന് കിണറുകളും സജീവ ജല സ്രോതസ്സുകളായി നമുക്കുണ്ട്. എന്നിട്ടും ആവശ്യമായ സമയത്ത് ജലം ആവശ്യമുള്ള സ്ഥലത്ത് ആവശ്യമായ സ്ഥലത്ത് ലഭിക്കുന്നില്ല. ധനുമാസ പകുതി തൊട്ട് മേടമാസം വരെ ടാങ്കുകളിലും മറ്റുമായി ജല വിതരണം നടത്തുന്നതും നൂറുകണക്കിന് മീറ്റർ അകലങ്ങളിൽ നിന്ന് കാൽനടയായി വെള്ളം വീട്ടാവശ്യങ്ങൾക്കു വേണ്ടി എത്തിക്കുന്നതും പഞ്ചായത്തിൽ സാധാരണ കാഴ്ചയാണ്. കാലഭേദമില്ലാതെ കുടിവെള്ള ക്ഷാമമനുഭവിക്കുന്ന പ്രദേശമായി അയനിക്കാട് ഇന്ന് നിലനിൽക്കുന്നു. ബഹുഭൂരിപക്ഷം വീടുകളിലും സ്വന്തമായി കിണറുകൾ ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നുണ്ടുവെങ്കിലും ആറ് മാസവും ജലലഭ്യത കുറഞ്ഞതാണ് അധിക പങ്കും. വിവിധ വാർഡുകളിലായി 24 കിണർ പഞ്ചായത്തിന്റേതായുണ്ട്. ഏച്ചിൽ മലയിലെ പ്രകൃതിദത്ത നീരുറവയിൽ നിന്നും വെള്ളം ശേഖരിച്ച് സമീപ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഗുണം കുറഞ്ഞ പൈപ്പുകൾ ഉപ


യോഗിക്കുക വഴി ഭാവന പൂർണ്ണമായ ഈ പദ്ധതി ഉദ്ദേശിച്ച ഗുണം ലഭിച്ചില്ല. രൂക്ഷമായ ജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്തിലെ മിക്കഭാഗങ്ങളും. മുമ്പു ജലസംഭരണികളായി നിലകൊണ്ടിരുന്ന നെൽവയലുകൾ തെങ്ങിൻതോപ്പുകളോ പുരയിടങ്ങളോ ആയി മാറിക്കൊണ്ടിരിക്കുന്നു. അതുവഴി ലഭിക്കുന്ന മഴവെള്ളം നേരെ പുഴയിലെത്തുന്നു. ഇത് വരൾച്ച വർദ്ധിപ്പിക്കാൻ ഇടവരുത്തി.

സാധ്യതകൾ

1. കൊടോളി പുനത്തിൽ കിഴുക്കോട് കോളനി, വെങ്ങിലോട്ട് ഭാഗം എന്നിവിടങ്ങളിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം പമ്പു ചെയ്യുന്ന പദ്ധതി രൂപപ്പെടുത്തണം.
2. നൊരമ്പനക്കുളം കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിച്ച് രണ്ടാം വാർഡിലെ പുൽപ്രക്കുന്ന് ഹരിജൻ കോളനിയിൽ വെള്ളം എത്തിക്കണം. നടുവണ്ണൂർ ടൗണിലെ ജലക്ഷാമം പരിഹരിക്കാനുതകുന്ന പദ്ധതി നടപ്പിലാക്കണം.
3. മൂന്നാം വാർഡിൽ പുതുക്കിടി താഴെ വെങ്ങളം ചാലിൽ ഉടുമ്പ്രമലഎന്നിവിടങ്ങളിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയണം. വാട്ടർ അതോറിറ്റിയുടെ ഒരു പദ്ധതി മൂന്നാം വാർഡിൽ നടപ്പിലാക്കണം.
4. പുല്ലരിക്കുന്ന് ഭാഗത്ത് കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് ജലവിതരണ പദ്ധതിയുടെ സാധ്യത കണ്ടെത്തണം.
5. പറമ്പിൻകാട് ഭാഗത്ത് ഒരു കുഴൽ കിണർകൂടി സ്ഥപിക്കണം.
6. ഇടുവാടുകുന്ന് ഭാഗത്ത് ഇന്ന് നിലവിലുള്ള പൊതു കിണറുകൾ ആഴം കൂട്ടുക.
7. ലക്ഷം വീടുകളിലെ മുഴുവൻ കിണറുകളും ആവശ്യമായ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം നടത്തുക.
8. 5ാം വാർഡിലെ അലേമ്പ്രത്താഴെ വയലിൽ ഒരു കുളം നിർമ്മിച്ച് വാർഡിലെ ഉയരം കൂടിയ അലേമ്പ്രകുന്ന് താത്തോത്ത്മീത്തൽ പലയാട്ടു മീത്തൽ കോളോത്ത് മീത്തൽ എന്നീ സ്ഥലങ്ങളിൽ ടാങ്ക് കെട്ടി ജലം സംഭരിച്ച് വിതരണത്തിനുള്ള സാധ്യത പരിശോധിക്കണം.
9. കീഴനപ്പറമ്പത്ത് കുളം ശുദ്ധീകരിച്ച് സംരക്ഷിച്ചാൽ അഞ്ച് ആറ് ഏഴ് വാർഡുകളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും.
10. മുണ്ടോട്ടറ ഭാഗത്ത് 7 കുളങ്ങളുണ്ട്. ഇതിൽ ഒന്ന് കുടിവെള്ളപ്രശ്നം പരിഹരിക്കാൻ തിരഞ്ഞെടുത്ത് മാപ്പറ്റ മല ഹരിജൻ കോളനിയിലെ ശുദ്ധജല വിതരണത്തിനായി ഉപയോഗിച്ച് ജലവിതരണപദ്ധതി നടപ്പിലാക്കാൻ കഴിയണം.
11. ഏച്ചിൽ മലയിലെ പ്രകൃതിജലസ്രോതസ്സ് പൂർണ്ണമായു ചൂഷണം ചെയ്ത് 3, 7, 8 വാർഡിലെ കുടിവെള്ള പ്രശ്ന പരിഹാര സാധ്യത കണ്ടെത്തണം.
12. കൃഷി വകുപ്പു നടപ്പാക്കിക്കൊണ്ടിരിക്കുന്ന മംഗലശ്ശേരി മീത്തൽ കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി കുടിവെള്ള വിതരണത്തിന് കൂടി ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിക്കണം.
13. 7ാം വാർഡിലെ കൊയിലോത്തരക്കുന്ന് കേന്ദ്രീകരിച്ച് കൃഷിവകുപ്പു പരിഗണനയിലുള്ള ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതി കുടിവെള്ള വിതരണത്തിന് സഹായകരമാകും വിധം നടപ്പാക്കാൻ കഴിയണം.
14. ആയങ്കോട് ഭാഗം കുഴൽക്കിണർ കുഴിക്കലായിരിക്കും അഭികാമ്യം.
15. ഏരുൽ ഭാഗത്ത് കിണർ കുഴിച്ച് പ്രശ്നം പരിഹരിക്കാൻ കഴിയണം.
16. 8ാം വാർഡിലെ പുതുശ്ശേരി കുന്നുമ്മൽ കോഴിക്കാവിൽ ഭാഗം എന്നിവ കേന്ദ്രീകരിച്ച് കിണർ കുഴിക്കാൻ കഴിയണം.
17. വലിയ പറമ്പിൻ ഭാഗം നിലവിലുള്ള പഞ്ചായത്തു കിണർ നശിച്ചുകൊണ്ടിരിക്കുന്നു. പുനർ നിർമ്മാണം യഥാസമയം നടത്തി കിണർ സംരക്ഷിക്കണം.
18. കരു. ഗവ: സ്കൂൾ പരിസരത്തുള്ള കിണർ സ്വകാര്യവ്യക്തിയുടേതാണ്. കിണർ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് സ്ക്കൂളിന് കൈമാറി കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കണം.
19. വല്ലോറമലയിലെ നരിമടയോടു ചേർന്നു വരുന്ന പ്രകൃതി ജലസ്രോതസ്സ് പൂർണ്ണമായി ചൂഷണം ചെയ്ത് 9ാം വാർഡിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനുള്ള പദ്ധതി നടപ്പിലാക്കണം.
20. പത്താം വാർഡിലെ പീറ്റക്കണ്ടി താഴെക്കുളം പുതിയ തെരുവിനടുത്ത കുളം മറ്റു കുളങ്ങൾ പൊതു കിണറുകൾ എന്നിവ റിപ്പയർ ചെയ്ത് അനുയോജ്യമായ സ്ഥലങ്ങളിൽ ടാങ്ക് കെട്ടി ജലവിതരണ പദ്ധതി നടപ്പിലാക്കണം.
21. വില്ലുന്നിമലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കനാൽ അക്വഡറ്റിനു സമീപം കുളം ഉണ്ടാക്കി മലയിൽ ടാങ്ക് പണിത് ജലവിതരണ പദ്ധതി നടപ്പിലാക്കാൻ കഴിയണം.
22. അങ്കക്കളരി ഭാഗത്തുള്ള കിണറിലെ പാറ പൊട്ടിച്ച് കിണറിന് ആഴം കൂട്ടി ജലലഭ്യത

വർദ്ധിപ്പിക്കണം.

23. നൊച്ചാട്, നടുവണ്ണൂർ പഞ്ചായത്ത് അതിർത്തിയായ പുതിയപ്പുറം ഭാഗം കേന്ദ്രീകരിച്ച് ഒരു ബൃഹത്തായ ജലവിതരണപദ്ധതി. അതുപോലെ അങ്കക്കളരി ഭാഗത്ത് ടാങ്ക് കെട്ടി രാമപ്പുഴയിലെ വെള്ളം ഉപയോഗപ്പെടുത്തി കുടിവെള്ള വിതരണപദ്ധതി നടപ്പിലാക്കിയാൽ നടുവണ്ണൂരിലെ വില്ലൂന്നിമല, അങ്കക്കളരി പ്രദേശം, കോട്ടൂർ പഞ്ചായത്തിലെ ചില പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും. ോ



പി.എച്ച്.സി. നടുവണ്ണൂർ

വർഷം	ഒ.പി.	തൃക്രോഗം	വാതരോഗം	പകർച്ചവ്യാധി	മറ്റുരോഗം	ആകെ
1992-93	9720	1726	492	393	7109	9720
1993-94	10547	1902	245	854	7546	10547
1994-95	14350	3290	15	80	10965	14350
1995-96	16979	3494	23	66	13396	16979

ആയുർവേദ ആശുപത്രി

വർഷം	ദിവസശരാശരി	പുരുഷൻ	സ്ത്രീ	കുട്ടികൾ	പുതിയവർ	പഴയവർ	ആകെ
1994-95	60	5762	11032	2783	4561	15016	19577
1995-96	71	5701	13825	2517	15613	6430	22043

ഹോമിയോ ആശുപത്രി

വർഷം	ദിവസശരാശരി
1993-94	25520
1994-95	18852
1995-96	28830

ആരോഗ്യരക്ഷാ ചെലവുകൾ

നമ്പർ	സ്ഥാപനത്തിന്റെ പേര്	ശമ്പളയിനത്തിൽ വാർഷികചെലവ്	മരുന്നിനത്തിൽ വാർഷികചെലവ്
1	പി.എച്ച്.സി	8,34,200 രൂപ	1.5 ലക്ഷം രൂപ
2	ഹോമിയോ ഡിസ്പെൻസറി	1,25,000 രൂപ	20,000 രൂപ
3	ആയുർവേദഡിസ്പെൻസറി	1.5 ലക്ഷം രൂപ	20,000 രൂപ
	ആകെ	11,09,200 രൂപ	1,90,000 രൂപ

നിലവിലുള്ള വിവിധ പദ്ധതികളിലൂടെ വിവിധവാർഡുകളിൽ കുഴിച്ച കിണറുകളുടെ പട്ടിക

വാർഡ്	കിണറുകളുടെഎണ്ണം	കിണറുകൾ ഉൾക്കൊള്ളുന്ന പ്രദേശം
1	3	നിടുളിത്താഴെ
		കിഴുക്കോട്ട് മീത്തൽ പട്ടികജാതി കോളനി
		വെള്ളോട്ട് അങ്ങാടിയിൽ
2	2	കാരാടി പറമ്പിൽ
		പുൽപ്രക്കുന്ന് ലക്ഷംവീട് കോളനി
3	1	വടക്കെടത്ത് പറമ്പ്
4	4	മന്ദംകാവ് ലക്ഷംവീട് കോളനി
		ഇടുവാട്ട് കുന്നുമ്മൽ
		ഇടുവാട്ട് കുന്നുമ്മൽ
		ചേരിക്കുമ്മൽത്താഴ
6	3	കുന്നത്ത് തറമ്മൽ പൊറായി ലക്ഷംവീട് കോളനി.
		തലപ്പൊയിൽ താഴെ
7	2	വലിയപറമ്പിൽ മീത്തൽ
		ആയംകോട് മീത്തൽ
8	4	അരുപ്പക്കുളങ്ങര മീത്തൽ
		അമ്മോക്കൻചാൽ ലക്ഷംവീട് കോളനി
		വലിയപറമ്പിൽ
		പൊത്തോട്ടുകണ്ടി മീത്തൽ
9	1	പഞ്ചായത്താഫീസിനടുത്ത്
10	3	പുതിയതെരുവ്
		വില്ല്യന്നിമല ലക്ഷംവീട് കോളനി
		രജിസ്ട്രാഫീസിന്താഴെ നിരത്തുവക്കിൽ

കുടിവെള്ളപ്രശ്നപരിഹാരത്തിന് ഉപയോഗിക്കാവുന്ന കുളങ്ങൾ, വാർഡുതിരിച്ച്

വാർഡ്	1	2	3	4	5	6	7	8	9	10	ആകെ
കുളം	4	1	8	2	6	3	12	3	1	4	44

കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ

വാർഡ്	കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ
1	കൊടോളിപുനത്തിൽ മീത്തൽ
	കിഴുക്കോട്ടു കടവ് കോളനി
	വെങ്ങിലോട്ടു ഭാഗം
	മേക്കോത്ത് കുന്ന്
2	പുൽപ്പ്രകുന്ന് കോളനി
	തയുള്ളതിൽ മീത്തൽ ഭാഗം
	കൊട്ടപ്പുറത്ത് ഭാഗം
	പനോളികണ്ടി മീത്തൽ ഭാഗം
3	ഉടുമ്പ്രമല
	കുളമുള്ളതിൽ മീത്തൽ ഭാഗം
	തെങ്ങിടച്ചാലിൽ
	മണ്ടമുള്ളതിൽ കുന്നു
	കുന്നത്ത് മീത്തൽ
	അമ്മോക്കിൻ ചാലിൽ
	കിഴക്കയിൽ മീത്തൽ
	വാളുക്കണ്ടി മീത്തൽ
	കാണിരോട്ടു മീത്തൽ
	പെരുവീട്ടിൽ മീത്തൽ
4	പുല്ലിരിക്കുന്ന ഹരിജൻ കോളനി
	ഇടവാട്ടു കുന്ന് ഭാഗം
	അയനിക്കാട്
	പറമ്പിൻ കാട് ഭാഗം
	ചെറേക്കുഴി മീത്തൽ
5	പാലായാട്ടു മീത്തൽ
	കേളോത്ത് മീത്തൽ
	തറത്താത്ത് മീത്തൽ
	അമ്പലമ്പ്രക്കുന്നു
6.	ഏറാടികുന്നു ഭാഗം
	വേട്ടു കേട്ടുമ്മൽ ഭാഗം
	കുന്നത്ത് ഭാഗം
	കുന്നത്തറമ്മൽ ബാറായി ലക്ഷം വീട് കോളനി
	പറമ്പികാട് ഭാഗം
7	കൊയിലോത്തറമൽ ഭാഗം
	തായാട്ടു കുന്ന്
	മാപ്പറ്റ മല ഹരിജൻ കോളനി.
	കെടഞ്ഞോത്ത് മീത്തൽ പട്ടികജാതി കോളനി
	എച്ചിൽ മലയിൽ ഭാഗം
	ആയങ്കോട് മീത്തൽ
	കുറ്റിയുള്ളതിൽ മീത്തൽ
	ഏകരുൽ മീത്തൽ ഭാഗം
	ഹരിജൻ കോളനി
8	കുന്നിച്ചാൽ മീത്തൽ
	കാരാമ്പ ഭാഗം
	കോഴിക്കാവിൽ മീത്തൽ
	പുതിയപ്പുറത്ത് മീത്തൽ
	വലിയ പറമ്പിൽ ഭാഗം
	മുക്കട്ടൻ കണ്ടി ഭാഗം
	കരുവണ്ണൂർ ഗവ:സ്കൂൾ
9	വല്ലോറ മല
	താനിപ്പറ്റ ഭാഗം
	പറയരുകണ്ടി ഭാഗം
10	പുതിയതെരു
	ലക്ഷംവിടു കോളനി
	അങ്കക്കളരി ഭാഗം
	വടക്കേക്കര ഭാഗം
	മാതാണ്ടിക്കുന്ന്
	ചോലമല ഭാഗം
	മണാട്ടേരി ഭാഗം

പാർപ്പിടം

ഏതൊരു പ്രദേശത്തേയും പൊതുജനാരോഗ്യ മേഖലയെ സാരമായ രീതിയിൽ സ്വാധീനിക്കുന്ന ഒരു ഘടകമാണ് പാർപ്പിടം. മനുഷ്യന്റെ ആരോഗ്യ പ്രദമായ വളർച്ചയ്ക്ക് ഒഴിച്ച് കൂടാൻ കഴിയാത്തതാണ് അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ പാർപ്പിടങ്ങൾ.

പാർപ്പിട രംഗത്ത് നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് ഇനിയും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. 23956 ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ 4556 വീടുകളാണ് ഉള്ളത്. ഇവയിൽ തന്നെ 251-ഓളം കുടിലുകളാണ്. ഭവന രഹിതരുടെ എണ്ണവും വളരെ കൂടുതലാണ്. അതുകൊണ്ടു തന്നെ അത്യാവശ്യ സൗകര്യങ്ങളോടുകൂടിയ മിതവ്യയ വീടുകൾ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള സത്വര നടപടികൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

സാമ്പത്തിക രംഗത്ത് ഗൾഫ് മേഖലയുടെ സ്വാധിനം വളരെയേറെയുള്ള ഈ പഞ്ചായത്തിലെ ഭവന നിർമ്മാണ രംഗത്തും പ്രസ്തുത മേഖലയുടെ സ്വാധീനം നന്നായി പ്രതിഫലിക്കുന്നുണ്ട്. വൻ നഗരങ്ങളിലെ മണിമാളികകളോട് മത്സരിക്കുവാനുതകുന്ന തരത്തിലുള്ള മണിസൗധങ്ങൾ ഇവിടെ കാണാവുന്നതാണ്. അതോടൊപ്പം ഭവന രഹിതരും കുടിലിൽ താമസിക്കുന്നവരും ഇവിടെ നീലനിൽക്കുന്നു.

സമീപകാലത്ത് ഈ പഞ്ചായത്തിലെ ഇടത്തരക്കാരുടെയിടയിലും സധാരണക്കാരിലും കോൺക്രീറ്റ് വീടുകളോടുള്ള താല്പര്യം വർദ്ധിച്ച് വരുന്നതായി കാണാൻ കഴിയും. അടുത്ത കാലത്ത് പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള മൊത്തം വീടുകളിൽ എൺപതു ശതമാനവും കോൺക്രീറ്റു കെട്ടിടങ്ങളാണ്. ഇതിലേറെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് മരത്തടികളുടെ വിലവർദ്ധനവും മരപ്പണിക്കാരുടെ വർദ്ധിച്ച കൂലിയും അവരുടെ ദൗർലഭ്യവുമാണ്.

ഏതാനും വർഷങ്ങൾക്ക് മുമ്പ് പുരാതന വാസ്തുശില്പ മാതൃകയിലുള്ള ധാരാളം വീടുകൾ ഈ പഞ്ചായത്തിൽ വിവധ വാർഡുകളിലായി നിലവിലുണ്ടായിരുന്നു.

എന്നാൽ ഇന്ന് ആധുനിക സൗകര്യങ്ങൾ കുടുംബ ജീവിതത്തിലേക്ക് കടന്ന് വന്നതോടുകൂടി അത്തരം വീടുകൾ പൊളിച്ച് മാറ്റി കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ട് കൊണ്ടിരിക്കയാണ്. പഴയകാലത്തെ കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നും ഏക കുടുംബം എന്ന ആശയത്തിന്റെ പ്രചാരണവും ഇത്തരം വീടുകളുടെ തകർച്ചയ്ക്ക് കാരണമായി കാണാവുന്നതാണ്. പഴയ അതേ മാതൃകയിൽ നിലനില്കുന്ന വീടുകൾ പഞ്ചായത്തിൽ വളരെ ദുർലഭമാണ്.

ദുർബല-പിന്നോക്കങ്ങൾക്ക് വേണ്ടിയുള്ള ലക്ഷം വീടുകൾ, ഹരിജൻ കോളനികൾ എന്നിവ പഞ്ചായത്തിൽ നിലവിലുണ്ട്. എന്നാൽ ലക്ഷം വീടു കോളനിക്ക് വേണ്ടി സർക്കാർ നിർമ്മിച്ച പല വീടുകളും ഇന്ന് നിലം പതിച്ച് കൊണ്ടിരിക്കുകയാണ്. കൂടാതെ ഇവയിൽ പലതിനും ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല.

ഹരിജൻ കോളനികൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഐ.എച്ച്.ഡി.പി. കോളനിയായി ഒരു കോളനിയാണ് അംഗീകരിക്കപ്പെത്. 5-ാം നിയോജക മണ്ഡലത്തിലുള്ള പുളിയാൽ മീത്തൽ കോളനി ഐ.എച്ച്.ഡി.പി. കോളനിയായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇതിന്റെയും പാശ്ചാത്തല സൗകര്യങ്ങൾ മറ്റ് കോളനികളെ പോലെ തന്നെ വളരെ പരിതാപകരമാണ്. അധികാരികളുടെ സത്വര ശ്രദ്ധ പതിയേണ്ടുന്ന ഒരു പ്രധാന മേഖലായാണിത്.

ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ രംഗത്ത് സാമ്പത്തിക സഹായം നല്കുന്ന പ്രധാന സ്ഥാപനം മേപ്പയ്യൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹൗസിംങ് സൊസൈറ്റിയാണ്. പ്രസ്തുത ഹൗസിംങ് സൊസൈറ്റിയുടെ സഹായം ഈ പഞ്ചായത്തിലെ ഭവന നിർമ്മാണ രംഗത്ത് അനുപാതികമായി ലഭിക്കുന്നില്ല. സൊസൈറ്റിയെ കൂടാതെ സർക്കാറിന്റെ വിവധ പദ്ധതികാളായ ജെ.ആർ.വൈ, ഐ.എ.വൈ. എം.എസ്.ഡബ്ല്യു.എസ്, കേരളാ ഹൗസിംങ് ബോർഡ്, കെ.ഡി.സി. ബാങ്ക്, എസ്.സി-എസ്.ടി കോർപ്പറേഷൻ എന്നിവയുടെയും വീടുകൾ നിർമ്മിച്ച് കൊണ്ടിരിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ ഇതുവരെ ജെ.ആർ. വൈ പദ്ധതി അനുബന്ധിച്ച് 49 വീടുകൾ ഇതിനകം നിർമ്മിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ അൺടൈഡ് ഫണ്ട് മുഖേന 5 വീടുകളും അനുവദിക്കപ്പെട്ടുണ്ട്.

പ്രശ്നങ്ങൾ

1. വലിയൊരു വിഭാഗത്തിന് വീടു നിർമ്മിക്കാനാവശ്യമായ ഭൂമിയില്ല.

2. കെട്ടിടനിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും അമിതമായ വിലക്കയറ്റവും

3. ഈ രംഗത്ത് നിലനില്കുന്ന വർധിച്ച കൂലി നിരക്ക്.

4. നിർമ്മാണത്തൊഴിലാളികളെ സമയത്തിന് ലഭിക്കാത്ത പ്രശ്നം.

5. മിതവ്യയ വീടുകൾ നിർമ്മിക്കാനുള്ള സാങ്കേതിക വൈദഗ്ദ്യം വേണ്ടത്ര ലഭ്യമല്ലാത്ത പ്രശ്നം.

8. വായ്പകൾ ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ.

9. കെട്ടിമേയാൻ വേണ്ട ഓലയുടെ വില വർദ്ധനവ്

20 ഗൾഫ് സ്വാധീനം മൂലം വീടുകൾ ആഢംബരത്തിനു വേണ്ടിയാകുന്ന പ്രശ്നം.

സാധ്യതകൾ

1. പഞ്ചായത്തിൽ ഒരു ഹൗസിംങ് സൊസൈറ്റി പ്രവർത്തനമാരംഭിക്കുക.

2. മിതവ്യയ വീടുകൾ നിർമ്മാണത്തിനുള്ള വിദഗ്ദരെ പരിശീലിപ്പിച്ചെടുക്കുക.

3. കെട്ടിട നിർമ്മാണത്തിൽ മരത്തിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക. സിമൻറുപകരണങ്ങൾ കൂടുതൽ ഉപയോഗിക്കുക. അവ നിർമ്മിക്കൻ പഞ്ചായത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുക.

4. കൂടുതൽ തൊഴിൽ രഹിതർക്ക് ആവശ്യമായ പരിശീലനം നല്കി ഈ രംഗത്തേക്കാകർഷിക്കുക.

5. ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ പഞ്ചായത്തിലെ ലഭ്യതയനുസരിച്ച് സൗജന്യമായി ഭൂമി നല്കുക.

6. വായ്പാ മാനദണ്ഡങ്ങൾ ഉദാരമാക്കുക. വായ്പകൾ കൃത്യസമയത്ത് തിരിച്ചടക്കേണ്ടതിനെ പറ്റി ബോധ്യപ്പെടുത്തുക.

7. കോളനികളിലെ വീടുകൾ മെച്ചപ്പെടുത്താൻ പഞ്ചായത്തിന്റെ സഹായവും സന്നദ്ധ പ്രവർത്തനവും ഉപയോഗിക്കുക.

8. ഗൾഫ് പണം മറ്റു ഉല്പാദന രംഗങ്ങളിലേക്ക് തിരിച്ചു വിട്ട് വീടിന്റെ ആഢംബര സ്വഭാവം കുറക്കാൻ പ്രേരിപ്പിക്കുക.

9. ഗ്രാമ പഞ്ചായത്ത് വഴി സാമ്പത്തിക പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വീടു നിർമ്മിക്കാൻ ഗ്രാൻറ് നല്കുക. ഒരു വർഷം ചുരുങ്ങിയത് 100 വീടെങ്കിലും നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുക.

10. നിലവിലുള്ള ഭവന നിർമ്മാണ വായ്പാ വ്യവസ്ഥകൾ ഉദാരമാക്കുക.

11. ഭവനിർമ്മാണ വായ്പ നൽകുന്ന സ്ഥാപനത്തെ പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക. ■

വീടുകൾ- വിശദാംശങ്ങൾ- വാർഡ് തലത്തിൽ

വാർഡുകൾ	1	2	3	4	5	6	7	8	9	10	ആകെ
മൊത്തം വീടുകൾ	402	324	473	421	424	373	546	725	379	457	4524
ടെറസ്സ്	74	60	42	43	30	53	80	76	73	78	637
ഓട്	190	167	195	232	201	175	289	331	199	283	2262
ഓല കുടിൽ	138	97	236	180	161	145	177	318	107	96	1625
വൈദ്യുതീകരിച്ചവർ	174	177	70	115	11	50	99	137	189	219	1241
കക്കൂസുള്ളവർ	356	221	160	291	250	375	297	465	312	359	3086

അവലംബം- വാർഡുകളിൽ നിന്നുള്ള വിവരണ ശേഖരണം

1989-90 മുതൽ 1996-97 വരെ ജെ.ആർ.വൈ പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ എണ്ണം വാർഡടിസ്ഥാനത്തിൽ

വാർഡുകൾ	1	2	3	4	5	6	7	8	9	10	ആകെ	ഓരോന്നിനും അനുവദിച്ച തുക
1989-90		2	1	1	2			1	1		9	6000
1990-91	1	1			1	1			1	1	6	8000
1991-92	1	1	1	1	1	1	1	1	1	1	10	8000
1992-93												
1993-94	2	3	2	2	2	1	1	2	4		19	14500
1994-95												
1995-96												
1996-97	2			1			1			1	5	15800

അവലംബം- ബ്ലോക്കോഫീസ് രേഖ

സാമൂഹ്യ ക്ഷേമം

ഒരു രാഷ്ട്രത്തിന്റെ പുരോഗതിയുടെ മാന ദണ്ഡമായി കണക്കിലെടുക്കുന്നത് സമൂഹത്തിന്റെ ജനതയുടെ ജീവിത നിലവാരത്തെ നോക്കിയാണ്. മറ്റ് ലോകരാഷ്ട്രങ്ങളിൽ നിന്നും വ്യത്യസ്തമായി നാം സ്വാതന്ത്ര്യം നേടിയതു തന്നെ ദാരിദ്ര്യത്തിന്റെ ഏറ്റവും ഉയർന്ന അവസ്ഥയിലാണ്. അതുകൊണ്ടു തന്നെ സ്വാതന്ത്ര്യാനന്തരം ഭാരതത്തിന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം ദാരിദ്ര്യ നിർമ്മാർജ്ജനത്തിന പരിപാടികളും-സാമൂഹ്യക്ഷേമ പരിപാടികളും നടപ്പിലാക്കുകയായിരുന്നു. ഇതിന്റെ ഭാഗമായി ധാരാളം ക്ഷേമ പരിപാടികൾ ഇവിടെ പരീക്ഷിക്ക പ്പെട്ടിട്ടുണ്ട്. എങ്കിലും ഒട്ടുമിക്ക പരിപാടികളും ലക്ഷ്യ പ്രാപ്തി കൈവരിക്കാതെ പോയി എന്നത് സത്യം.! എന്തു കൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? കാരണങ്ങൾ പലതുണ്ടാകാം.-യഥാർത്ഥ ഗുണഭോ ക്താവിനെ തെരെഞ്ഞെടുക്കാനും, കാലദേശങ്ങൾ ക്കും സംസ്കാരത്തിന്നും, കഴിവിന്നും അനുസൃതമാ യും പരിപാടികൾ ആവിഷ്കരിക്കാനും കഴിയാതെ പൊകുന്നത് പരാജയ കാരണങ്ങളിൽ പെട്ടേക്കാം.

നമ്മുടെ പഞ്ചായത്തിലും കഴിഞ്ഞകാല സാമൂഹ്യ ക്ഷേമ പരിപാടികൾ ഉദ്ദ്യേശിച്ച ഫലം കൈ വരിച്ചില്ല എന്നത് യാഥാർത്ഥ്യം. ഇവിടെ പ്രധാനമാ യും എൻ.ആർ.ഇ ബ്ലോക്ക് മുഖേനയാണ് വിവിധ വിഭാഗങ്ങൾക്ക് വേണ്ടിയു സാമൂഹ്യ ക്ഷേമ പരിപാടി കൾ നടത്തി വന്നിട്ടുള്ളത്. പെൻശൻ പദ്ധതികൾ, വിവധ തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ തൊഴിൽ പരിശീലന പരിപാടികൾ എന്നിവ ഇതിലുൾപ്പെടുന്നു. 1991ലെ ഐ.ആർ.ഡി.പി. സർവ്വേയനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 2366 കുടുംബങ്ങളിൽ 140 പേർ എസ്.സി വിഭാഗത്തിലാണ്. ഇതുവരെയായി 888 പേർക്ക് വിവധ ആനുകൂല്യം ലഭിച്ചു. അതിൽ 351 പേർ എസ്.സി. വിഭാഗമാണ്. മൊത്തം 360 പേ ർ ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തി എന്നാണ് കണ ക്ക്.

സർക്കാർ പ്രഖ്യാപിക്കുന്ന ദാരിദ്ര്യ നിർമ്മാ ർജ്ജന പരിപാടികളിൽ പലതും സാധാരണ ക്കാർക്ക് പ്രചാരണം ലഭിക്കാതെ പോകുന്നത് മൂലം അർഹരായ പലർക്കും ഇതിന്റെ ഗുണഭോക്താ ക്കളാവാൻ സാധിക്കുന്നില്ല.

സാമൂഹ്യക്ഷേമ വികസന രംഗത്ത് വികസന ബ്ലോക്കുകൾ വഴി ട്രൈസം തൊഴിൽ പരിശീലന പദ്ധതി നമ്മുടെ പഞ്ചായത്തിലും നടന്നു വരുന്നുണ്ട്. ഇതു വഴി 54 പേരും സ്വയം തൊഴിലിൽ ഏർപ്പെട്ടിരി ക്കുന്നു എന്നത് കൂടിതൽ പ്രതീക്ഷയ്ക്ക് വകി നല്കുന്നു.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലാണ് അംഗൻ വാടികൾ പ്രവർത്തിക്കുന്നത്. നാട്ടിൻ പുറങ്ങ ളിൽ പ്രത്യേകിച്ചും കുട്ടികളുടെയും അമ്മമാരുടെയും ഇടയിൽ സർക്കാറിന്റെ വിവിധ ക്ഷേമ പരിപാടികൾ നടപ്പിലാക്കുവാനുള്ള ഏറ്റവും അനുയോജ്യമായ കേന്ദ്രമാണ് അംഗൻവാടികൾ. അതുകൊണ്ട് തന്നെ അംഗൻവാടികൾ നമ്മുടെ നാടിന്റെ, ഗ്രാമത്തിന്റെ കണ്ണാടിയായി, നമ്മുടെ വികസനത്തിന്റെ മുഖം അംഗനവാടികളിൽ പ്രതിഫലിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ 23 അംഗനവാടികൾ ഉണ്ട്, എങ്കിലും 21 എണ്ണത്തിന് മാത്രമാണ് പരിമി തമായ പ്രവർത്തന സൗകര്യമുള്ളൂ. അംഗന വാടികളോടനുബന്ധിച്ച് മഹിളാ സംഘങ്ങൾ വേണ മെന്ന് നിർബന്ധമുണ്ട്. എന്നാൽ ഇവിടെ ആ ലക്ഷ്യം പൂർണ്ണമായും നേടാനായിട്ടില്ല. അംഗനവാടികൾ മുഖേന വിതരണം ചെയ്തു വരന്ന പോഷകാ ഹാരവും മറ്റു കൃത്യസമയത്ത് വിതരണ് ചെയ്യാറില്ല. നമ്മുടെ അംഗനവാടികളിൽ 3 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 9 എണ്ണത്തിന് സ്വന്തമായി സ്ഥലം വാങ്ങിച്ചു നിർ മ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നമ്മുടെ അംഗൻവാടികളുടെ പൊതു അവസ്ഥ ശോചനീയമാണ്. പ്രാഥമിക സൗകര്യ ങ്ങളില്ല, കളിക്കോപ്പില്ല, ഫർണിച്ചറുകളില്ല. ഇല്ലായ്മക ളുടെ നീണ്ട പട്ടിക തന്നെ നിരത്താനുണ്ട്

DWCRA പദ്ധതി പ്രകാരം 3 തൊഴിൽ സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മെറ്റലുടച്ച് ജില്ലായാക്കുന്ന രണ്ട് യൂണിറ്റും ഒരു ചിപ്സ് നിർമ്മാണ

യൂണിറ്റും. ഇവ മൂന്നും ഏറെ കുഴപ്പമില്ലാതെ നീങ്ങുന്നുണ്ട്. ഈ യൂണിറ്റുകളിലെ കൂലി നിരക്ക് താരതമ്യേനെ കുറവാണ്. എങ്കിലും സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം വീടുകളിൽ ഒതുങ്ങി കഴിയേണ്ടി വരുന്ന സഹോദരിമാരെ സാമ്പത്തിക മായും സാമൂഹ്യമായും ഉയർത്തിക്കൊണ്ടു വരാൻ ഈ പദ്ധതി ഉപകരിക്കും.

IRDP സർവ്വേ പ്രകാരം ആവശ്യക്കാരെന്ന് കണ്ടെത്തിയ മുഴുവൻ ആളുകൾക്കും വീടിനുള്ള ആനുകൂല്യം ലഭ്യമാക്കൻ ഇതുവരെയും സാധിച്ചിട്ടില്ല. എന്നാൽ ആനുകൂല്യം ലഭിച്ചവരിൽ നല്ലൊരു ഭാഗത്തിനും നിർമ്മാണച്ചെലവിൽ വന്ന ഭീമൻ വർദ്ധന മൂലം വീടുപണി പൂർത്തീകരിക്കാനാകാതെ പ്രയാസപ്പെടുകയാണ്. സ്വന്തമായി വീടില്ലാതെ ജീവിത സുരക്ഷിതത്വം നഷ്ടപ്പെടുന്നവരെ സഹായിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. അടിയന്തിര പ്രാധാന്യത്തോടെ ഇത് പരിഹരിക്കേണ്ടതുണ്ട്.

സാനിറ്ററി കക്കൂസുകളില്ലാത്ത നൂറുകണക്കിന് വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വളരെ കുറച്ച് പേർക്ക് മാത്രമാണ് കക്കൂസ് നിർമ്മിക്കാനാവശ്യമായ സഹായം ഇതുവരെ ലഭ്യമാക്കാനായിട്ടുള്ളൂ. ദാരിദ്ര്യ രോഗങ്ങൾ പടർന്നു കയറുന്നത് പലപ്പോഴും കക്കൂസുകളുടെ അഭാവം മൂലമാകാം. അതുകൊണ്ട് അടുത്ത അഞ്ച് വർഷങ്ങളിൽ ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടതും ഓരോ വീട്ടിലും നല്ലൊരു കക്കൂസുണ്ടാക്കാനായിരുക്കണം.

ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ വളരെ കുറച്ചു പേർക്ക് മാത്രമാണ് ഉപയോഗപ്പെടുന്നത്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മയും ചുവപ്പ് നാടയും ഇതിന് കാരണമാണ്. രോഗം, അംഗവൈകല്യം, അവശത, അനാഥത്വം എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനുള്ള പദ്ധതികൾ ഉണ്ടെങ്കിലും ഗുണഭോക്താക്കളുടെ എണ്ണം പരിമിതമാണ്.

കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയ ആനുകൂല്യം വാങ്ങുന്നവരായി പഞ്ചായത്തിൽ വളരെ പേരുണ്ട്.

പ്രശ്നങ്ങൾ

1. സാമൂഹ്യക്ഷേമത്തിനുള്ള വിവിധ ആനുകൂല്യങ്ങളെ സംബന്ധിച്ച അറിവില്ലായ്മ.

2. IRDP ഗുണഭോക്താക്കളുടെ സംഖ്യ വളരെ കുറവാണ്.

3. സാമ്പത്തിക സഹായവും വായ്പയും ലഭിക്കാൻ കാലവിളംബം അനുഭവപ്പെടുന്നു.

4. അർഹരായ മുഴുവനാളുകൾക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

5. ദരിദ്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ശുഷ്കം.

6. ദരിദ്ര കുടുംബങ്ങൾക്ക് ദക്ഷതകൂടിയ അടുപ്പ്. പ്രഷർകുക്കർ എന്നിവ സ്വന്തമായി വാങ്ങി ഉപയോഗിക്കാൻ സാധിക്കുന്നില്ല.

7. ദരിദ്ര പെൺകുട്ടികളുടെ വിവാഹ നടത്തിപ്പ് പ്രയാസകരമാണ്.

8. പെൻഷനുകൾ പലപ്പോഴും വളരെ വൈകിയാണ് ലഭിക്കുന്നത്.

9. പെൻഷൻ ലഭിക്കാനുള്ള വാർഷിക വരുമാന പരിധി വളരെ താഴ്ന്നതാണ്. അതുകൊണ്ട് അർഹരായ പലർക്കും ലഭിക്കുന്നില്ല. പെൻഷൻ തുക തുച്ഛമാണ്.

10. വിധവകൾ, വികലാംഗർ, തുടങ്ങിയവരെ സംബന്ധിച്ച ശരിയായ കണക്ക് ലഭ്യമല്ല.

11. ഇന്നുള്ള വായ്പാ സംഖ്യയും സബ്സഡിയും കാലോചിതമല്ല.

12. വിവിധ സാമൂഹ്യക്ഷേമ പരിപാടിയെ സംബന്ധിച്ച് പഞ്ചായത്തിന് അറിവില്ല.

13. അംഗനവാടികളുടെ നില ശോചനീയമാണ്. ഇതു വഴി വിതരണം ചെയ്തു വരുന്ന പോഷകാഹാരത്തിന്ന് വേണ്ടത്ര ഗുണമില്ല. പലപ്പോഴും സമയത്തിന് ലഭിക്കുന്നില്ല.

14. അംഗനവാടി കെട്ടിടഗ്രാൻറ് തുച്ഛമാണ്. പഞ്ചായത്തിലുള്ള സർക്കാർ വക സ്ഥലം അംഗനവാടി ഉണ്ടാക്കാൻ ലഭിക്കുന്നില്ല.

15. അംഗനവാടിയിലെ ജീവനക്കാരുടെ വേതനം കാലോചിതമല്ല.

16. സാമൂഹ്യ പ്രവർത്തകർക്ക് വേണ്ടത്ര അംഗീകാരം ലഭിക്കുന്നില്ല.

17. റേഷൻ ഷാപ്പിലൂടെ വിതരണം ചെയ്തു വരുന്ന ഭക്ഷ്യ വസ്തുക്കൾക്ക് ഗുണമേന്മക്കുറവ് ഉണ്ട്. പലപ്പോഴും പഴകിയതാണ് ലഭിക്കുന്നത്.

18. ഒരു റേഷൻ ഷാപ്പിൽ ശരാശരി 500 നുമേൽ കാർഡുണ്ട്.

19. റേഷൻ ഷാപ്പിലൂടെ കൂടുതൽ നിത്യോപയോഗ വസ്തുക്കൾ ലഭ്യമല്ല.

20. പാചകാവശ്യത്തിനുള്ള മണ്ണെണ്ണ വിതരണം കാര്യക്ഷമമല്ല.

സാധ്യതകൾ

1. സർക്കാറിന്റെ വിവിധ ക്ഷേമ പരിപാടികളെ സംബന്ധിച്ച ബോധവല്ക്കരണം അത്യാവശ്യം. ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർ മുൻകൈ എടുക്കണം

2. ഗുണഭോക്താക്കളുടെ സംഖ്യയും ആനുകൂല്യവും ഇരട്ടിയാക്കി വർദ്ധിപ്പിക്കണം.

3. ഗുണഭോക്താക്കളെ നിശ്ചയിക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിനായിരിക്കണം.

4. ബാങ്കുകളും സർക്കാർ ഏജൻസികളും വായ്പ അനുവദിക്കുന്നതിൽ ഉദാരനയം സ്വീകരിക്കണം.

5. സാമമൂഹ്യക്ഷേമ പരിപാടികളെ സംബന്ധിച്ച കൈപുസ്തകം തയ്യാറാക്കണം.

6. അംഗനവാടി കേന്ദ്രീകരിച്ച് കുറഞ്ഞത് 5 DWCRA മാതൃകയിൽ സ്വയംതൊഴിൽ യുണിറ്റ് ആരംഭിക്കണം.

7. ദരിദ്ര വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും യൂണിഫോമും സൗജന്യമായി വിതരണം ചെയ്യണം. അർഹരായവർക്ക് സ്കോളർഷിപ്പ് നല്കണം.

8. ദരിദ്ര കുടുംബങ്ങൾക്ക് ദക്ഷതകൂടിയ അടുപ്പ്, പ്രഷർകുക്കർ എന്നിവ സൗജന്യ നിരക്കിൽ ലഭ്യമാക്കണം. ദരിദ്ര പെൺകുട്ടികൾക്ക് വിവാഹ സഹായ ധനമായി 15000 രൂപയെങ്കിലും കൊടുക്കണം.

9. സാമൂഹ്യക്ഷേമ പദ്ധതികൾ കുറ്റമറ്റതാക്കൻ ശാസ്ത്രീയ സർവ്വേ നടത്തുക.

10. IRDP ലിസ്റ്റ് കുറ്റമറ്റതാക്കാൻ സമഗ്ര ശാസ്ത്രീയ സർവ്വേ നടത്തണം.

12. എല്ലാവിധ പെൻഷനുകളും യഥാസമയം ലഭ്യമാക്കണം

13. എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകൾക്കും വർഷാവർഷം 20 ശതമാനം വർദ്ധനവുണ്ടാകണം.

14. പെൻഷനാനുകൂല്യം ലഭിക്കാനുള്ള വാർഷിക വരുമാനം 11000 രുയെങ്കിലുമാക്കി ഉയർത്തണം.

15. വിധവകൾ, വികലാംഗർ, കർഷകത്തൊഴിലാളികൾ, വൃദ്ധർ വിവിധ തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർ എന്നിവരെ സംബന്ധിച്ച കൃത്യമായ കണക്ക് ഗ്രാമ പഞ്ചായത്തിൽ ഉണ്ടാവണം.

16. IRDP ലിസ്റ്റിൽ വരുന്ന കുടുംബങ്ങൾക്ക് കാർഷിക വൃത്തിയിൽ ഏർപ്പെടുത്തുന്നതിന് വേണ്ടി കുറഞ്ഞത് 50 സെൻറ് ഭൂമിയെങ്കിലും ലഭ്യമാക്കണം.

17. IRDP ലോണുകൾ വാങ്ങി തിരിച്ചടക്കാനാവാതെ കഷ്ടപ്പെടുന്നവർക്ക് സർക്കാർ ഇളവ് അനുവദിക്കണം.

18. IRDP ലിസ്റ്റിലുള്ള കുടുംബങ്ങളിലെ ഒരു വനിതക്കെങ്കിലും തൊഴിൽ ഉറപ്പുവരുത്താനാവണം.

19. ഇന്നുള്ള വായ്പാസംഖ്യയും സബ്സഡി സംഖ്യയും ഉയത്തണം.

20 വിവിധ സാമ്പത്തിക സ്ഥാപനങ്ങൾ സ്വയം തൊഴിലിന്ന് വായ്പ നല്കുമ്പോൾ IRDP ലിസ്റ്റിൽ പെട്ടവർക്ക് പ്രത്യേകം പരിഗണന ഉറപ്പുവരുത്തണം.
.21. സാമൂഹ്യ ക്ഷേമ വകുപ്പ് നല്കുന്ന എല്ലാ ആനുകൂല്യവും പഞ്ചായത്തിലൂടെയാണ് വിതരണം ചെയ്യേണ്ടത്.

22. ആംഗനവാടികൾ മുഖേന വിതരണം ചെയ്തുവരുന്ന പോഷകാഹാരത്തിന് അളവും ഗുണവും വർദ്ധിപ്പിക്കണം.

23. നൂറ് രൂപയിൽ കുറഞ്ഞ പ്രതിമാസ വരുമാനമുള്ള സ്ത്രീകൾക്കും അംഗനവാടി മുഖേന പോഷകാഹാരം വിതരണം ചെയ്യണം.

24. ICDS പദ്ധതി പ്രകാരം അംഗനവാടികൾക്കുള്ള കെട്ടിട ഗ്രാൻറ് ഒരു ലക്ഷമായി ഉയർത്തണം.

25. ഗ്രാമ പഞ്ചായത്തിൽ ഇറിഗേഷൻ, പി.ഡബ്ല്യു.ഡി. എന്നിവയുടെ കീഴിലുള്ള സ്ഥലം അംഗനവാടികൾ നിർമ്മിക്കുന്നതിന് വിട്ട്കൊടുക്കണം. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്കുള്ള വാടക കാലോചിതമായി ഉയർത്തണം.

26. അംഗനവാടി വർക്കർ, ഹെൽപ്പർ, എന്നിവരുടെ വേതനം കാലോചിതമായി പരിഷ്കരിക്കണം.

27. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ ആളുകൾക്കും കുടിവെള്ളം, രോഗപ്രതിരോധ ചികിത്സ, കക്കൂസ് എന്നിവ സൗജന്യമായി ലഭ്യമാക്കണം.

28. സാമൂഹ്യ സേവന രംഗത്ത് പ്രശംസനീയമായ പ്രവർത്തനം കാഴ്ചവെക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പഞ്ചായത്ത് തലത്തിൽ അവാർഡുകൾ ഏർപ്പെടുത്തണം.

29. റേഷൻഷാപ്പ് വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ വർദ്ധിപ്പിക്കണം. കൂടുതൽ നിത്യോപയോഗ വസ്തുക്കൾ വിതരണം ചെയ്യണം.


30 ശരാശരി 300 കാർഡിന് 1 വീതം റേഷൻഷാപ്പുകൾ അനുവദിക്കണം.

31. പൊതു വിതരണ ശൃംഖലയിൽ പച്ചക്കറിക്കച്ചവടം ആരംഭിക്കാവുന്നതാണ്.

32. മണ്ണെണ്ണ പെർമിറ്റ് പഞ്ചായത്ത് വഴി വിതരണം ചെയ്യണം. ■

തൊഴിൽ പരിശീലനം നേടിയവർ (ട്രൈസം)

ക്രമ നമ്പർ	പരിശീലനം കിട്ടിയ വിഷയം	പരിശീലനം ലഭിച്ചവർ	സ്വയം തൊഴിൽ കണ്ടെത്തിയവർ	ഇതര തൊഴിലിൽ ഏർപ്പെട്ടവർ
1	ഫുഡ് പ്രൊസസ്സിംഗ്	10	6	4
2	ടൈലറിംഗ്	3	8	–
3	പ്ലാസ്റ്റിക് കൊയർ വർക്സ്	2	2	–
4	പ്രൻറിംഗ് ആൻറ് കമ്പോസിംഗ്	5	5	–
5	ഇലക്ട്രോണിക്സ്	8	6	2
6	കാർപ്പെൻററി	1	1	–
7	ഹാൻറി ക്രാഫ്റ്റ്സ്	2	2	–
8	ചിപ്സ് നിർമ്മാണം	4	4	–
9	വയർമെൻ	1	–	1
10	ഓട്ടോമോബൈൽ	2	–	2
11	ടൈപ്പ് റൈറ്റിംഗ്	1		1
12	ടേബിൾമേറ്റ് വീവിംഗ്	2	2	
13	പോട്ടറി	1	–1	
14	ബീ-കീപ്പിംഗ്	1	1	–
15	വെൽഡിംഗ്	5	1	4
16	വീവിംഗ്	1	1	1
	ആകെ	54	40	14



വ്യവസായം

വ്യവസായ മേഖലയിൽ നടുവണ്ണൂർ പഞ്ചായത്തിന് നൂറ്റാണ്ടുകൾ മുമ്പുതന്നെ അഭിമാനകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിരുന്നുവെങ്കിലും ഇന്ന് വളരെ പുറകോട്ട് പോയിരിക്കയാണ്. പഴയ കുറുമ്പ്രനാട് താലൂക്കിന്റെ തലസ്ഥാന മായിരുന്നു നടുവണ്ണൂർ. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉല്പാദിപ്പിക്കുന്ന കാർഷിക- വ്യവസായിക ഉല്പന്നങ്ങൾ മാത്രമല്ല, താലൂക്കിന്റെ വിവിധ മേഖലകളിൽ നിന്ന് ഒറ്റയ്ക്കും കൂട്ടായും ഉണ്ടാക്കിയ പായ, കയർ, കയ്യിൽ, ചിരവ, കത്തി, മൺപാത്രങ്ങൾ, തുണിത്തരങ്ങൾ തുടങ്ങി സാധാരണ ഗാർഹിക ജീവിതത്തിനാവശ്യമായ ഒട്ടുമിക്ക വസ്തുക്കളും നടുവണ്ണൂർ ചന്തയിൽ കിട്ടുമായിരുന്നു. വെള്ളോട്ടു മുതൽ കാവുന്തറ റോഡ് വരെയുള്ള ഭാഗങ്ങളിൽ സാധനങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയ്തുകൊണ്ടിരുന്ന കാഴ്ച ഇന്ന് ജീവിച്ചിരിക്കുന്ന കാരണവന്മാർക്ക് നടുവണ്ണൂരിന്റെ നഷ്ടപ്രതാപത്തിന്റെ ഓർമ്മ മാത്രമാണ്.

നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ നടുവണ്ണൂരിലെ പാവുമുണ്ടിന്റെയും, വേഷ്ടിയുടെയും, മൺപാത്രങ്ങളുടെയും ഗുണമേന്മ പ്രസിദ്ധമായിരുന്നു. ഇരുപതാം നൂറ്റാണ്ടോടു കൂടി ഇവിടെ ചകിരി തല്ലി ചൂടി പിരിക്കുന്ന കുടുംബങ്ങൾ വർദ്ധിച്ചു വന്നു. ഈ നൂറ്റാണ്ടിലുണ്ടായ യുദ്ധങ്ങളും പ്രകൃതിക്ഷോഭങ്ങളും മൂലം വമ്പിച്ച സാമ്പത്തിക പ്രതിസന്ധിയുണ്ടായപ്പോൾ ചെറിയൊരാശ്വാസമായാണ് തൊണ്ടു തല്ലൽ വികസിച്ചു വന്നത്. കഴിഞ്ഞ നാലഞ്ച് ദശാബ്ദങ്ങളായി സാമൂഹ്യ- സാമ്പത്തിക രംഗത്തുണ്ടായ വളർച്ച ജീവിത നിലവാരത്തിൽ വരുത്തിയ മാറ്റം മൂലം ഈ രംഗത്ത് ജോലിചെയ്തു വരുന്നവരുടെ എണ്ണം ഇന്ന് നാമമാത്രമായിരിക്കുന്നു.

നടുവണ്ണൂർ പഞ്ചായത്തിൽ പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ, സഹകരണമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. 'കേരഫെഡ്' ആരംഭിക്കാനിരിക്കുന്ന ഓയിൽ കോപ്ലക്സ് ഇനിയുമൊരു സ്വപ്നമായി അവശേഷിക്കുകയാണ്. സ്വകാര്യ മേഖലയിലെ ചെറുകിട യൂണിറ്റുകളും ഒരു കയർ സഹകരണ സംഘം (നടുവണ്ണൂർ കയർ സഹകരണ സംഘം-ഉള്ളേരി), ഒരു തുണി നെയ്ത് സഹകരണ സംഘം, ഖാദി ബോർഡിന്റെ കീഴിലുള്ള ഒരു നൂൽനൂൽപ്പ് കേന്ദ്രം, ഡി.ഡബ്ല്യു.സി.ആർ.എ. യുടെ മൂന്ന് യൂണിറ്റുകൾ, കാവിൽ കാർപ്പെന്ററി സൊസൈറ്റി നടുവണ്ണൂർ, രണ്ടോ മൂന്നോ പേർ ജോലി ചെയ്തു വരുന്ന ഫർണ്ണീച്ചർ വർക്സ്, മെറ്റൽ വർക്സ്, ജ്വല്ലറി, ബേക്കറി, ഫ്ളോർ മിൽ, ഓയിൽ മിൽ എന്നിവയാണ് പ്രധാന വ്യവസായങ്ങൾ. വിവിധ മേഖലകളിലായി 1093 പേർ ജോലി ചെയ്തുവരുന്നു. ഇതിൽ 646പുരുഷന്മാരും 447 സ്ത്രീകളുമാണ്. ആകെ വ്യവസായ തൊഴിലാളികളിൽ കുന്നത്തറ ടെക്സ്റ്റെയിൽസ് (പൂട്ടിക്കിടക്കുന്നു), കോമൺവെൽത്ത്, തുണിമിൽ, വെസ്റ്റേൺ പ്ലൈവുഡ്, ഓയിൽ മിൽ എന്നിവിടങ്ങളിലായി 50 ഓളം പേർ ജോലി ചെയ്തു വരുന്നു. പഞ്ചായത്തിലെ ആകെ വ്യവസായ തൊഴിലാളികളുടെ എണ്ണത്തിൽ സ്ത്രീ- പുരുഷ അന്തരം കുറവാണ്. എന്നാൽ കൂലിയിൽ അന്തരമുണ്ട്. നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക 1ൽ. ചെറുകിടു വ്യവസായ യൂണിറ്റുകൾ പട്ടിക രണ്ടിൽ.

പരമ്പരാഗത മേഖലയിൽ പ്രധാനം തുണി നെയ്തും ചകിരിപിരിക്കലുമാണ്.

പരമ്പരാഗത കുടിൽ വ്യവസായങ്ങളായി ഇവിടെ ഉണ്ടായിരുന്ന തഴപ്പായ നിർമ്മാണവും മൺപാത്ര നിർമ്മണവും ഇന്ന് ഏറെക്കുറെ അന്യമായിരിക്കുകയാണ്.

താരതമ്യേന കുറഞ്ഞ കൂലി നിരക്കിൽ പ്രവർത്തിച്ചിട്ടും നമ്മുടെ സഹകരണ സംഘങ്ങൾ നഷ്ടത്തിലാകുന്നതിന്റെ കാരണം വസ്തു നിഷ്ഠമായി പഠിച്ച് പരിഹാരം കാണേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

തെക്ക് രാമപ്പുഴയും, വടക്ക് നൊച്ചാട് പഞ്ചായത്തും, കിഴക്ക് കോട്ടൂർ പഞ്ചായത്തും പടിഞ്ഞാറ് അരിക്കുളം പഞ്ചായത്തും- ഈ നാലതിരുകൾക്കുള്ളിൽ വല്ലോറ മല, ചോലമല, വില്ലൂന്നിമല, പുൽപ്പറക്കുന്ന്, പറമ്പിൻക്കാട്, ഏച്ചിൽമല എന്നിങ്ങനെ ഏതാനും കുന്നുകളും മലകളും ഇവയ്ക്കിടയിലൂടെ സാമാന്യം മോശമല്ലാത്ത ടാർറോഡുകളുമുണ്ട്. കിഴക്ക്- പടിഞ്ഞാറ് മലകൾക്കിടയിലൂടെ കോഴിക്കോട്- പ്രേരാമ്പ്ര റോഡും, കുറ്റ്യാടി ജലസേചന പദ്ധതിയുടെ കക്കോടി ബ്രാഞ്ച് കനാലും കടന്ന് പോവുന്നു.വ്യവസായത്തിനാവശ്യമായ വൈദ്യുതി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർഷങ്ങൾക്കുമുമ്പുതന്നെ ഇവിടെ ലഭ്യമാണ്. 22.20 ച.കി.മി. വിസ്തീർണ്ണവും 23,956 ജനസംഖ്യയും, 4,556 വീടുകളും ഉള്ള നല്ലൊരു വിപണി പഞ്ചായത്തിലുണ്ടായിട്ടും ഇവിടെ ആവശ്യമുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു വ്യവസായയൂണിറ്റു പോലും ഇവിടെയില്ല. ഒരു സമൂഹത്തിന്റെ വ്യവസായ വളർച്ചയ്ക്കാവശ്യമായ ഉയർന്ന സാക്ഷരതാ, ഉയർന്ന ആരോഗ്യ നിലവാരം, വാർത്താ വിനിമയ സൗകര്യം, ജനക്ഷേമപ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള താല്പര്യം ഇവയെല്ലാം ഉണ്ടായിട്ടും വ്യവസായ വികസനം ഉണ്ടാകാത്തത് ഗൗരവപൂർവ്വം പരിശോധിക്കേണ്ടിയിരിക്കുന്നു.

താഴെ പറയുന്ന കാര്യങ്ങൾ വ്യവസായ വികസനത്തിന് വിഘാതമാവുന്നുണ്ടെന്ന് കാണാം.

1. നമ്മുടെ മുഖ്യ കാർഷികോല്പന്നമായ നാളികേരം വ്യാവസായിക രംഗത്ത് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.
2. രണ്ടോ മൂന്നോ മാസക്കാലം മാത്രം നിലനിൽക്കുന്നതും, എന്നാൽ എല്ലാ കാലത്തും നല്ല ഡിമാന്റുള്ളതുമായ ചക്ക, മാമ്പഴം, കൈതച്ചക്ക എന്നിവയെ വ്യവസായത്തിന്റെ അസംസ്കൃത വസ്തുവായി ഉപയോഗിക്കാൻ സാധിക്കുന്നില്ല.
3. മരച്ചീനികൃഷി നമ്മുടെ പഞ്ചായത്തിൽ 175 ഏക്കറിൽ ഉണ്ടെങ്കിലും കൃഷി ശാസ്ത്രീയമല്ലാത്തതിനാൽ ഉൽപ്പാദനം കുറയുന്നു. അതുവഴി വ്യാവസായി ആവശ്യത്തിന് അസംസ്കൃത പദാർത്ഥമായി മാറ്റാൻ കഴിയുന്നില്ല.
4. കയർ, ഖാദി, തീപ്പെട്ടി, മൺപാത്രം, തുണി നെയ്ത്, മേഖലകളിലെ കുറഞ്ഞ കൂലിനിരക്ക്.
5. സഹകരണമേഖലയിലെ വ്യവസായങ്ങൾ പൊതുവേ നഷ്ടത്തിൽ.
6. സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
7. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു മാത്രമായി ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഗാർഹിക- വാണിജ്യാവശ്യങ്ങൾക്കായി ഇതുപയോഗിക്കുന്നു. അതുകൊണ്ട് ആവശ്യമായ തോതിൽ വൈദ്യുതി ലഭിക്കുന്നില്ല.
8. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത കുറവ്
9. സാങ്കേതിക പരിജ്ഞാന കുറവ്.
10. വിപണന സാധ്യത കുറവ്.
11. പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനത്തിന്റെ അഭാവം.
12. വനിതകൾക്ക് തൊഴിലവസരം കുറവ്.
13. സാങ്കേതിക പരിജ്ഞാനം ലഭിച്ചവർക്ക് തൊഴിൽ നൽകുന്നതിനുള്ള സാധ്യതയില്ലായ്മ.
14. സംരഭകനുണ്ടാവേണ്ടുന്ന ആത്മവിശ്വാസമില്ലാത്തത്.
15. വ്യവസായ മേഖലയിലുള്ള സമ്പർക്കകുറവ്.
16. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ബോധവൽക്കരണക്കുറവ്.
17. കാലവിളംബം വരുത്താൻ മാത്രം ഉതകുന്ന കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഔദ്യോഗിക സാങ്കേതികത്വവും.

വ്യവസായ മേഖലയിൽ കൂലിനിരക്കിലുള്ള സ്ത്രീ- പുരുഷ വ്യത്യാസം വളരെ കൂടുതലാണ്.

സാധ്യതകൾ

വിദ്യാസമ്പന്നരായ യുവതീയുവാക്കളുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ നല്ലൊരു ശതമാനം പേർ ജോലി ചെയ്യുന്നത് പഞ്ചായത്തിനു വെളിയിലാണ്. 500 ഓളം പേർ വിദേശത്ത് ജോലി ചെയ്യുന്നുണ്ട്. വ്യവസായ വികസനത്തിനനുയോജ്യമായ ഭൂപ്രകൃതിയും ഉണ്ട്. നിലവിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 10 ഷെഡുകൾ ഉണ്ട്. 8 വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കാനാവശ്യമായ സ്ഥലം ഇനിയും അവിടെ അവശേഷിക്കുന്നുമുണ്ട്. നിലവിലുള്ള

ട്രാൻസ്ഫോർമറിന്റെ ശക്തി വർദ്ധിപ്പിച്ച് വൈദ്യുതിയും ലഭ്യമാക്കാവുന്നതാണ്.

പരമ്പരാഗത മേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണം 65 ആണ്, തുണിനെയ്ത്ത് മേഖലയിലാണ് കൂടുതൽ പേർ ജോലി ചെയ്യുന്നത്. 190 പേർ അംഗങ്ങളായി പ്രവർത്തിക്കുന്ന വീവേഴ്സ് സൊസൈറ്റി ഇന്ന് 35 പേർക്ക് മാത്രമാണ്. തൊഴിൽ നൽകുന്നത്. പ്രവർത്തനമൂലധനത്തിന്റെ അഭാവവും സാങ്കേതികത്വവുമാണ്. തടസ്സമായി നിൽക്കുന്നത്. ബാക്കി നെയ്ത്തുകാർ മറ്റു സൊസൈറ്റികളിലാണ് തങ്ങളുടെ അധ്വാനത്തെ വിൽക്കുന്നത്. ഈ മേഖലയിൽ ശരാശരി കൂലി പുരുഷന് 80 രൂപയും സ്ത്രീക്ക് 70 രൂപയുമാണ്. കൂട്ടായ്മയോടെ പ്രവർത്തിക്കാൻ സാധിക്കുന്ന ഒരു മേഖലയാണിത്. ആർക്കും ഇവിടെ ഒറ്റക്ക് കാര്യമായി ഒന്നും ചെയ്യാൻ സാധിക്കില്ല.

നടുവണ്ണൂർ കയർ സൊസൈറ്റിയിൽ 839 അംഗങ്ങളുണ്ടെങ്കിലും 311 പേർ മാത്രമാണ് ഈ പഞ്ചായത്തുകാർ ബാക്കി ഉള്ളേരി പഞ്ചായത്തിൽപെട്ടവരാണ്. സൊസൈറ്റി സ്ഥിതി ചെയ്യുന്നതും ഉള്ളേരി പഞ്ചായത്തിലെ കക്കഞ്ചേരിയിലാണ്. ഇവിടെ ശരാശരി കൂലി 30 രൂപമാത്രമാണ്.

കളിമൺ വ്യവസായം കുടിൽ വ്യവസായമായിരുന്നുവെങ്കിലും ഇന്ന് ചെറുപ്പക്കാരെ ആകർഷിക്കാത്ത മേഖലയായി മാറിക്കഴിഞ്ഞു. 8-10 വീടുകളിൽ 10-15 വർഷം മുൻപ് വരെ മൺപാത്ര നിർമ്മാണമുണ്ടായിരുന്നു. ഇന്ന് പതിനഞ്ച് പേർ ഉള്ളേരി പഞ്ചായത്തിലുള്ള ഒറവിൽ കോ-ഓപ്പറേറ്റീവ് പോട്ടേഴ്സ് സൊസൈറ്റിയിലാണ് തൊഴിൽ ചെയ്യുന്നത്.

കാർഷിക വിളകൾ നമുക്ക് യഥാർത്ഥ രൂപത്തിൽ വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്നില്ല. തൊണ്ട്, തേങ്ങ, ചിരട്ട, തെങ്ങ് മുതലായവ ഉപയോഗിച്ചുകൊണ്ടുള്ള വിവിധ വ്യവസായങ്ങളെ പറ്റി ചിന്തിക്കാവുന്നതാണ്. ഭക്ഷ്യ- പഴ സംസ്കരണ മേഖലയിൽ ഒരുപാട് നേട്ടങ്ങൾ കൊയ്യാനുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഇവിടെ ലഭ്യമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഖാദി മേഖല

ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ 10ാം വാർഡിലൊരു നൂൽനൂൽപ്പ് കേന്ദ്രവും നെയ്ത്ത് കേന്ദ്രവുമാണ്. ഇവിടെ അറുപതു പേർക്ക് തൊഴിൽ സാധ്യതയുണ്ടെങ്കിലും നാൽപതു പേർ മാത്രമാണ് തൊഴിൽ ചെയ്തു വരുന്നത്. കാലികമല്ലാത്ത സേവന-വേതനവ്യവസ്ഥകളാണ് നിലനിൽക്കുന്നത്. ഇതവരെ അസംതൃപ്തരാക്കുന്നുണ്ട്. നൂലുപയോഗിച്ചുള്ള കൂടുതൽ നെയ്ത്തു ശാലയ്ക്കിവിടെ സാധ്യതയുണ്ട്.

പായ പനമ്പ്, നെയ്ത് മേഖലയുമായി ബന്ധപ്പെട്ട് 25ഓളം പേർ ജോലി ചെയ്തു വരുന്നു. ഒരു സഹകരണ സംഘം രൂപീകരിച്ചു കൊണ്ട് ഈ മേഖലയിൽ ജോലി ചെയ്യുന്നവരുടെ ജീവിത നിലവാരം ഉയർത്തണം.

ഒറവിൽ കാർപെന്റേഴ്സ് ഇൻഡസ്ട്രിയൽ, കോ-ഓപ്പറേറ്റീസ് സൊസൈറ്റി നടുവണ്ണൂർ എന്ന സ്ഥാപനത്തിൽ 65 മെമ്പർമാരുണ്ട്. 9 തൊഴിലാളികളാണുള്ളത്. ഈ സൊസൈറ്റിയെ ഫർണ്ണീച്ചർ നിർമ്മാണ യൂണിറ്റാക്കാനുള്ള ഭൗതിക സാഹചര്യം നിലനിൽക്കുന്നുണ്ട്.

കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട നാല് ഫർണ്ണീച്ചർ കമ്പനികളുൾപ്പെടെ ഏഴ് മര വ്യവസായ യൂണിറ്റുകൾ ഇവിടെയുണ്ട്. വീട് നിർമ്മിക്കുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഇവിടെ മരത്തിന്റെ ആവശ്യക്കാർ ഇനിയും വർദ്ധിക്കാം. എന്നാൽ മരലഭ്യത ഭീഷണിയിലാണ്. തെങ്ങും പനയും ഉപയോഗിച്ചുള്ള ഫർണ്ണിച്ചറും കോൺക്രീറ്റുകൊണ്ടുള്ള കെട്ടിട നിർമ്മാണ സാമഗ്രികളും ഉണ്ടാക്കാനുള്ള സ്ഥാപനങ്ങൾക്ക് സാധ്യതയുണ്ട്.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വളരെയേറെ പ്രതീക്ഷകളോടെയാണ് നമ്മുടെ പഞ്ചായത്തിൽ ഉത്ഘാടനം ചെയ്യപ്പെട്ടത് ആധുനിക, ചെറുകിട വ്യവസായങ്ങൾക്ക് വേണ്ട എല്ലാ ഭൗതിക അടിസ്ഥാന സൗകര്യവും ഒരുക്കി കൊടുത്തിട്ടുണ്ട്. 10 ഷെഡുകളിലായി എട്ട് വ്യവസായങ്ങൾക്കാണ് സാധ്യതയുള്ളത്. വ്യവസായങ്ങൾ ആരംഭിച്ചെങ്കിലും ഒന്നൊന്നായി തകർച്ചയെ നേരിടുകയാണ്. തീരെ നഷ്ടത്തിൽ പ്രവർത്തിച്ച് അടച്ച് പൂട്ടപ്പെട്ട വ്യവസായങ്ങളെല്ലാം തന്നെ പുതിയ സംരഭകർക്കായി അനുവദിച്ചു കൊടുത്തിട്ടുണ്ട്. എന്നാൽ വൈദ്യുതി ക്ഷാമവും വേണ്ടസമയത്ത് ബാങ്ക് വായ്പ ലഭിക്കാത്തതുമെല്ലാം വ്യവസായം തുടങ്ങുന്നതിന് തടസ്സമായി നിൽക്കുകയാണ്. ഇന്ന് ലഭ്യമായ വൈദ്യുതി ഉപയോഗിച്ചു കൊണ്ട് ആരംഭിക്കാവുന്ന വ്യവസായങ്ങളെ പറ്റി ആലോചിക്കുന്നതായിരിക്കും നല്ലത്.

വനിതാ സഹകരണസംഘം ചിപ്സ് വർക്സ്

പത്തു സ്ത്രീകൾ ജോലി ചെയ്തു വരുന്ന ഈ സ്ഥാപനം നേന്ത്രക്കായ വാങ്ങി ചിപ്പ്സ് ഉണ്ടാക്കുകയും, നെല്ല് ഇടിച്ച് അവിൽ ഉണ്ടാക്കുകയും

ചെയ്യുന്നുണ്ടെങ്കിലും ഇതും മാർക്കറ്റിംഗ് ഭീഷണിയെ നേരിടുന്നുണ്ട്. കുറെകൂടി വിദഗ്ധരായ തൊഴിലാളികളെ ഉപയോഗപ്പെടുത്തിയാൽ സാദ്ധ്യതയുള്ള വ്യവസായമാണിത്. ശരാശരി കൂലി 15 രൂപയാണിപ്പോൾ ലഭിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ അംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

റെഡിമെയ്ഡ് ഉൽപ്പന്നങ്ങളുടെ ഏറ്റവുംനല്ല വിപണിയാണ് കേരളം. മുംബൈയിൽ നിന്നും ബാംഗ്ലൂരിൽ നിന്നും മൊത്തമായി കൊണ്ടുവന്നാണ് നമ്മുടെ നാട്ടിൻ പുറങ്ങളിലെ റെഡിമെയ്ഡ് കച്ചവടക്കാർ പോലും വിപണനം നടത്തുന്നത്. ശാസ്ത്രീയമായി ആസൂത്രണം ചെയ്താൽ ഏറെ വികസന സാദ്ധ്യതയുള്ളതാണ് റെഡിമെയ്ഡ് രംഗം. ഇന്ത്യൻ ഇൻസറ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈ എന്ന സ്ഥാപനത്തിൽ നിന്നും വൈദഗ്ദ്യം നേടിക്കൊണ്ട് പുതിയ ഫാഷനിലും ഡിസൈനിംഗിലും ശ്രദ്ധിച്ചാൽ നടുവണ്ണൂർ പഞ്ചായത്തിലെ എല്ലാ വാർഡിലുമുള്ള നന്നായി തയ്ക്കാനറിയാവുന്ന സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് സഹകരണ വനിതാ റെഡിമെയ്ഡ് വ്യവസായം ആരംഭിക്കാവുന്നതാണ്.

വൻകിട വ്യവസായം

1. നടുവണ്ണൂരിൽ കെട്ടിടം പണി പൂർത്തിയായ ഓയിൽ കോപ്ലക്സ് കഴിവതും വേഗത്തിൽ പ്രവർത്തിച്ചു തുടങ്ങുക.
2. തുകൽ ഫാക്ടറി.
3. സൈക്കിൾ ഫാക്ടറി.

ടൂറിസം

രാമപുഴയോരം ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിച്ചെടുക്കാൻ കഴിയും.

വൈദ്യുതി

കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. നടുവണ്ണൂരിലൊരു സബ് സ്റ്റേഷൻ സ്ഥാപിച്ച് വ്യവസായ പുരോഗതിക്കാവശ്യമായ വൈദ്യുതി വിതരണം ചെയ്യുക. ഏച്ചിൽ മലയിലെ കുന്നിൻ നിരപ്പിൽ വിന്റ് മിൽ സ്ഥാപിക്കുക.

നടുവണ്ണൂർ നെയ്തു സഹകരണ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ പേരിലെത്തിക്കുക.- പട്ടികജാതി വിഭാഗത്തിൽ പെട്ടവരും അല്ലാത്തവരുമായ ദുർബല വിഭാഗങ്ങളെ കൂടി അംഗങ്ങളായി ചേർത്തുകൊണ്ട് കൂടുതൽ പേർക്ക് സ്ഥിരമായി തൊഴിൽ ലഭിക്കുന്ന സാഹചര്യം ഉണ്ടാക്കാവുന്നതാണ്.

സർക്കാർ റിബേറ്റ് കൃത്യ സമയത്തു തന്നെ വിതരണം ചെയ്യുന്ന സാഹചര്യം ഉണ്ടാവണം. കേന്ദ്ര സർക്കാറിന്റെ പ്രത്യേക ഹാന്റ് ലൂം പാക്കേജ് പദ്ധതി പ്രകാരം അനുവദിക്കപ്പെടാവുന്ന തുക സാധ്യമാക്കിയാൽ 30 പേർക്കെങ്കിലും നെയ്ത്ത് ജോലിയിൽ പരിശീലനം നൽകുവാനും സ്ഥിരം തൊഴിൽ നൽകാനും സാധിക്കും. അതുവഴി ഇന്നുള്ള വാർഷിക വിറ്റു വരവ് 4-5 ലക്ഷത്തിൽ നിന്നും ഉയർത്താൻ സാധിക്കും.

മിനി വ്യവസായ എസ്റ്റേറ്റ്

ഭാവിയിൽ സ്ഥലത്തിന്റെ ലഭ്യത കുറയുവാൻ സാധ്യതയുള്ളതിനാൽ നടുവണ്ണൂർ പഞ്ചായത്തിൽ കുറഞ്ഞത് 5 ഏക്കർ സ്ഥലം ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റാക്കി വ്യവസായ സംരഭകർക്ക് വാടകക്ക് കൊടുക്കാനുള്ള പരിപാടി ആവിഷ്കരിക്കണം. മന്ദൻകാവ്, പറമ്പിൻ കാട് ഭാഗം പരിഗണിക്കാം.

ഗ്രാമസഭകളിൽ നിന്നുള്ള മറ്റ് നിർദ്ദേശങ്ങൾ

കുറ്റിമുല്ല കൃഷി
പാൽ ഉല്പ്പന്നങ്ങൾ
കളിമൺവ്യവസായം
അടക്കാ സംഭരണം
ഇലക്ട്രോണിക് ഉല്പന്നങ്ങൾ
പട്ടുനൂൽ വ്യവസായം
ഓട്ടോമൊബൈൽസ് പാർട്സ്
കുമ്മയം ഉൽപ്പാദനം
ജൈവവള നിർമ്മാണം.

നിർദ്ദേശങ്ങൾ

1. ആധുനികരീതിയിലുള്ള തൊണ്ടഴുക്കൽ രീതി നടപ്പിലാക്കി കയർ സഹകരണ സംഘത്തിനാവശ്യമായ തൊണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുകയും പരിസരമലിനീകരണം തടയുകയും ചെയ്യുക. (ബന്ധപ്പെടേണ്ട സ്ഥാപനം: കയർ ബോർഡ്, കോഴിക്കോട്)
2. ചൂടികൊണ്ടുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ പരിശീലനവും നിർമ്മാണവും ആരംഭിക്കുക. (ബന്ധപ്പെടേണ്ട സ്ഥാപനം കയർ ബോർഡ് കോഴിക്കോട്.)
3. വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവരുടെ വിവരം പഞ്ചായത്ത് ഓഫീസിൽ ശേഖരിക്കുകയും അതിൽ നിന്ന് വ്യവസായ സംരഭകരെ

വാർത്തെടുക്കുന്നതിന് പരിശീലനം നൽകുകയും ചെയ്യണം.

1) District Industrial Centre, Kozhikode
2) Small Industries Service Institute, Trichur
3) National Small Industries Corporation, Trichur
4) Kerala State Industrial & Technology Consultancey Organisation, Eranakulam
5) S.T.E.D. Project Office, Kozhikode
6) Regional Engineering College, Kozhikode.
7) National Institute for Enter pernenership and Small Business Development, New Delhi
8) Enter pernenership Development Institute of India, Ahamadabad

എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെടാം.

4. കർകൗശല രംഗത്ത് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ഡെപ്യൂട്ടി കമ്മീഷണർ, മിനിസ്റ്ററി ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൽസ്, തൃശ്ശൂർ. എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് ക്രാഫ്റ്റ് ഡെവലപ്മന്റ് സെന്റർ സ്ഥാപിക്കുവാൻ നടപടി ആരംഭിക്കുക.
5. നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെ പറ്റി പഠിക്കുന്നതിന് നാളികേര വികസന ബോർഡ്, കേരഫെഡ്, കയർ വികസന ഡയറക്ടർ, റീജനൽ റിസർച്ച് ലബോറട്ടറി, തിരുവനന്തപുരം എന്നിവയുമായി ബന്ധപ്പെടുക.
6. റെഡിമെയ്ഡ് വ്യവസായം തുടങ്ങുന്നതിന് നവീനരീതികളെ പറ്റിയും വിപണന സാധ്യകളെ പറ്റിയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്ന സ്ഥാപനത്തിൽ പരിശീലനം നേടുക.
7. പരിശീലന സംരഭകരാവാൻ താല്പര്യമുള്ള ആളുകൾക്കു കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ പഠനയാത്ര സംഘടിപ്പിക്കണം.
8. നടുവണ്ണൂർ പഞ്ചായത്തിൽ വ്യവസായ വളർച്ചയ്ക്കാവശ്യമായ പൊതു അന്തരീക്ഷം സൃഷ്ടിക്കാൻ കോഴിക്കോട് ജില്ലാ വ്യവസായകേന്ദ്രം, ജില്ലാ ചെറുകിട വ്യവസായ അസോസിയേഷൻ, മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ കാർഷിക, വ്യവസായിക പ്രദർശനം സംഘടിപ്പിക്കുക.
9. വൈദ്യുതി എളുപ്പം ലഭ്യമാക്കാൻ ക്രിയാത്മക നടപടികൾ ശക്തി കൂടിയ ട്രാൻസ്ഫോർമറുകൾ, സബ് സ്റ്റേഷൻ എന്നിവ പഞ്ചായത്തിൽ സ്ഥാപിക്കണം.
10. 'വ്യവസായ കേരളം' പ്രസിദ്ധീകരണം വരുത്തണം.
11. മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കാൻ പഞ്ചായത്തു തലത്തിലൊരു വ്യവസായ വികസന സമിതിക്കു രൂപം നൽകണം ഈ സമിതിയിൽ വ്യവസായ സംരഭകരും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ധനകാര്യ സ്ഥാപനങ്ങളിലെ തലവന്മാരും വ്യവസായത്തിൽ താല്പര്യമുള്ള വിദഗ്ദ്ധന്മാരും ഉണ്ടായിരിക്കണം.
12. വ്യവസായം ആരംഭിക്കുന്നതിന് ഇന്ന തടസ്സമായി വരാറുള്ള ചട്ടങ്ങളും നിയമങ്ങളും മാറ്റണം. ലൈസൻസ് നൽകുന്നതിനു വേണ്ടി മറ്റുള്ള സംസ്ഥാനങ്ങളിലും നിലവിലുള്ളതു പോലെ സിംഗിൾ വിന്റോ സിസ്റ്റം നടപ്പിലാക്കണം സംരഭകർ വിവിധ ഏജൻസികളുമായി ബന്ധപ്പെട്ടുണ്ടാവുന്ന അനാവശ്യ കാലവിളംബം ഒഴിവാക്കാൻ ഇത് സഹായിക്കും.

മേൽ പറഞ്ഞ കാര്യങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ ഏതാനും വർഷത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിലും ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കും അതുവഴി എല്ലാത്തിനും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതി മാറ്റിയെടുക്കാം. പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം ഇന്നത്തെ രൂക്ഷമായ തൊഴിലില്ലായ്മക്കൊരു പരിഹാരം കാണാനും സാധിക്കും. പഞ്ചായത്തിലെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക വഴി പ്രതിശീർഷ വരുമാനവും ദേശീയ ഉല്പാദനവും വർദ്ധിപ്പിക്കാൻ സാധിക്കും. ഇത് ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക ജീവിതത്തിൽ പുതിയൊരു കാൽവെപ്പായി മാറും. പുതിയ ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും നേടാൻ ഉപയുക്തമാവുകയും ചെയ്യും.

OO

വ്യവസായങ്ങൾ

നമ്പർ	ഇനം	ആകെ എണ്ണം	തൊഴിലാളികളുടെ എണ്ണം		
			പുരുഷൻ	സ്ത്രീ	ആകെ
1	മൺപാത്രം	–	12	3	15
2	തടിവ്യവസായം	4	12	–	12
3	എഞ്ചിനീയറിംഗ്	7	8	2	10
4	കയർ		–	135	135
5	അച്ചടി	3	3	3	6
6	ഭക്ഷ്യസംസ്കരണം	1	–	10	10
7	ഖാദി	1	–	40	40
8	ക്വാറി, കരിങ്കല്ലുടയ്ക്കൽ		14	342	356
9	കല്ലുവെട്ട്	1	527	–	527
10	ക്ഷീരോല്പന്നം	1	–	4	4
11	മെറ്റൽവർക്സ്, വെൽഡിംഗ്	3	8	–	8
12	ബേക്കറി	9	20	–	20
13	ധാന്യം പൊടിക്കൽ	7	7	–	7
14	ഫർണീച്ചർ	3	7	–	7
15	ഓയിൽമിൽ	4	5	–	5
	ആകെ		620	539	1159

അവലംബം : ഗ്രാമസഭാ റിപ്പോർട്ട്

പാരമ്പര്യതൊഴിൽ

വിശ്വകർമ്മ	തട്ടാൻ	കൊല്ലൻ
83	17	23

അവലംബം : ഗ്രാമസഭാ റിപ്പോർട്ട്

വ്യവസായസഹകരണസംഘങ്ങൾ

നമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം		
		പുരുഷൻ	സ്ത്രീ	ആകെ
1	തീപ്പെട്ടി	പ്രവർത്തിക്കുന്നില്ല		
2	തുണിനെയ്ത്ത്	8	27	35
3	ഓയിൽമിൽ	1	–	1

അവലംബം : ഗ്രാമസഭാ റിപ്പോർട്ട്

വ്യവസായമേഖലയിലെ കൂലിനിരക്ക്

നമ്പർ	ഇനം	കൂലിനിരക്ക്	
		പുരുഷൻ	സ്ത്രീ
1	കൊപ്രസംസ്കരണം	75	–
2	കയർ	70	30
3	തടിവ്യവസായം	100	–
4	അച്ചടി	60	30
5	ബേക്കറി	60	–
6	ഓയിൽമിൽ	80	–
7	പായനെയ്ത്ത്	–	25
8	സോഡാനിർമ്മാണം	70	–
9	എഞ്ചിനീയറിംഗ്	70	30
10	കല്ലുവെട്ട്	125	–
11	ഭക്ഷ്യസംസ്കരണം	–	15
12	കാറി, മെറ്റലുടയ്ക്കൽ	100	40
13	മെറ്റൽ വർക്സ്, വെൽഡിംഗ്	80	–
14	ജ്വല്ലറി	100	–
15	തുണിനെയ്ത്ത്	80	70
16	കളിമൺ	40	30

അവലംബം : ഗ്രാമസഭാ റിപ്പോർട്ട്

നമ്പർ	വ്യവസായസ്ഥാപനം	ഉല്പന്നം	ശക്തി	ഇപ്പോൾ പ്രവർത്തിക്കുന്നോ ഇല്ലെങ്കിൽ എന്തുകൊണ്ട്	തൊഴിലാളികളുടെ എണ്ണം
1	Shed No. 142, Gee Pee Rubbers	Rubber sheet & Strap	50 HP	വൈദ്യുതി കൂടുതൽ ലഭിച്ചാൽ ആരംഭിക്കാം	12
2	Shed No. 3, Ventilor Oil Mil	Oil Mill		പ്രവർത്തിക്കുന്നുണ്ട്	1
3	Shed No. 5, Mubarak Furniture	Wooden		പ്രവർത്തിക്കുന്നുണ്ട്	4
4	Shed No. 6, Friends Rubber	Mixing Job works		പുതിയ ഉടമയ്ക്ക് ബാങ്ക് വായ്പ ലഭിച്ചിട്ടില്ല	6
5	Shed No. 7, Star Aluminium	Aluminium Anodising	33 HP	കൂടുതൽ വൈദ്യുതി ആവശ്യമാണ്	4
6	Shed Nos. 8, 9, Unique Rubbers	Rubber Extended Item	80 HP	കൂടുതൽ വൈദ്യുതി ആവശ്യമാണ്	17
7	Shed No. 4, Hari Electronic	Electronic		പ്രവർത്തിക്കുന്നുണ്ട്	2
8	Shed No. 10, Able Batteries	Storage Battery		പ്രവർത്തിക്കുന്നുണ്ട്	1

അവലംബം : കോഴിക്കോട് ജില്ലാ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് ആരംഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ

വിഭാഗം	നമ്പർ	ഇനം
ജനറൽ എസ്.എസ്.ഐ	1	നവീനരീതിയിലുള്ള തൊണ്ടഴുക്കൽ
	2	യന്ത്രം ഉപയോഗിച്ച് പച്ചച്ചകിരിനാര് നിർമ്മാണം
	3	യന്ത്രവൽകൃത ചൂടിനിർമ്മാണം
	4	ചവിട്ടി, ചൂടിപ്പടം, ചകിരിനാരിന്റെ കിടക്ക, തലയിണ
	5	ചകിരിച്ചോറുപയോഗിച്ചുള്ള വളം
	6	തെങ്ങുകൊണ്ട് കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണിച്ചറും
	7	തേങ്ങാപ്പൊടിയും ക്രീമും (തേങ്ങാപ്പാൽ കുഴമ്പുരൂപത്തിൽ)
	8	വെളിച്ചെണ്ണ
	9	കന്നുകാലിത്തീറ്റ
	10	തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ, വിനാഗിരി
	11	ചാർക്കോൾ (ആക്ടിവേറ്റഡ് കാർബൺ)
	12	ചാർക്കോൾ ഓയിൽ
	13	ചിപ്സ് നിർമ്മാണം (ഉരുളക്കിഴങ്ങ്, നേന്ത്രക്കായ, ചക്ക, കപ്പ)
	14	ചകിരിച്ചോറുപയോഗിച്ചുള്ള കന്നുകാലിത്തീറ്റ
വനിത	1	തെങ്ങ്, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കൾ; കയിൽ, ചട്ടുകം, സ്പൂൺ മുതലായ ഗൃഹോപകരണങ്ങൾ, ഐസ്ക്രീം കപ്പ്, കപ്പും സോസറും, ഹെയർ പിൻ (ക്ലിപ്പ്) തുടങ്ങിയവ ഉണ്ടാക്കുന്നതിന്
	2	പഴംജാമുകൾ (കൈതച്ചക്ക, നേന്ത്രപ്പഴം, ചക്ക, മാങ്ങ)
	3	അവിൽ
	4	ഫാൻസി ഫൈബർ (വാഴനാര്, കൈതനാര്)
	5	പേപ്പർ പൾപ്പുകൊണ്ടുള്ള കട്ടിയുള്ള കടലാസ്, കരകൗശല ഉല്പന്നങ്ങൾ
	6	സ്പോഞ്ചും റക്സിനും ഉപയോഗിച്ചുള്ള ബാഗുകൾ, സ്കൂൾ ബാഗുകൾ

അവലംബം : എസ്.എസ്.ഐ യൂനിറ്റിന്റെ പി.എം. ആർ. വൈ പ്രൊഫൈൽസ്

വിഭാഗം	നമ്പർ	ഇനം
ജനറൽ എസ്.എസ്.ഐ	1	മരം ഫർണിച്ചർ
	2	ഹവായ് ചെരുപ്പ്
	3	സ്കൂൾ ബാഗ്
	4	പ്ലാസ്റ്റിക് ബട്ടൻസ്
	5	അലങ്കാരപ്പണി ചെയ്തുകൊണ്ടുള്ള വീട്ടുപകരണങ്ങൾ
	6	ലിക്വിഡ് ഡിറ്റർജന്റ്
	7	ക്ലീനിംഗ് പൗഡർ
	8	ഇനാമൽ പെയിന്റ്
	9	പ്ലാസ്റ്റിക് ഉല്പന്നങ്ങൾ (ടേബിൾ മാറ്റ് തുടങ്ങിയവ)
	10	ഓട്ടോ ഇലക്ട്രിക് ഷോപ്പ്
	11	ഇലക്ട്രിക്കൽ ജനറൽ വർക്ക് ഷോപ്പ്
	12	ജനറൽ എഞ്ചിനീയറിംഗ്
	13	ഇരുചക്രവാഹനങ്ങളുടെ വർക്ക്ഷോപ്പ്, ടയർ റീട്രെഡിംഗ്, റീ സോളിംഗ്
	14	ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ
	15	ഇലക്ട്രോണിക് ചോക്ക് നിർമാണം
	16	എമർജൻസി ലൈറ്റ് നിർമാണം
	17	ഇലക്ട്രോണിക് ഓവർലോഡ് കട്ട്-ഓഫ് സിസ്റ്റം
	18	സ്വിച്ച് ബോർഡ്
	19	വിനാഗിരി/സിന്തറ്റിക് വിനാഗിരി
വനിത	20	കുട്ടികളുടെ ഷൂ
	21	ഉന്നതനിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ
	22	അലക്കുസോപ്പ്, സോപ്പുപൊടി
	23	പേപ്പർകവർ
	24	പോളിത്തീൻ കവർ
	25	കത്തി, ചിരവ മുതലായ ഗാർഹികോപകരണങ്ങൾ
വനിതാ സഹകരണസംഘം		കുട, നോട്ടുബുക്ക് നിർമ്മാണം
		ബാഗ്, റെയിൻകോട്ട് തുടങ്ങിയ റെക്സിൻ ഉല്പന്നങ്ങൾ
		കറിപൗഡർ
		കരിങ്കല്ലുടച്ച് ജല്ലിയാക്കൽ
സഹകരണസംഘം (ജനറൽ)	1	സിമന്റുകൊണ്ടുള്ള ജനൽ വാതിൽ തുടങ്ങിയവ
	2	സ്റ്റീൽ ഫർണീച്ചർ
	3	പവർലൂം തുണിനിർമ്മാണം (കോട്ടൻ, പോളിയെസ്റ്റർ)
	4	ഇഷ്ടിക-ഹോളോ ബ്രിക്സ് നിർമ്മാണം
	5	നെയ്ത്ത്
	6	പഠനസഹായസാമഗ്രികളും ലാബോറട്ടറി ഉല്പന്നങ്ങളും
	7	സോളാർ ലൈറ്റുകൾക്കുള്ള പ്ലേറ്റുകളും അനുബന്ധോപകരണങ്ങളും
	8	നോട്ടുബുക്ക് നിർമ്മാണം
സഹകരണസംഘം പട്ടികജാതി	1	കുൺകൃഷി
	2	സിമന്റ് ഇഷ്ടികനിർമ്മാണം
	3	റെഡിമെയ്ഡ് വസ്ത്രങ്ങൾ
	4	കിടക്ക നിർമ്മാണം
	5	റബ്ബർ പാള

അവലംബം : ജില്ലാ വ്യവസായകേന്ദ്രം കോഴിക്കോട്

ഗതാഗതം, മാർക്കറ്റ്, ഊർജ്ജം

ഗതാഗതം

പഞ്ചായത്തിന്റെ വികസനമെന്നാൽ പുതിയ റോഡുകളുടെ നിർമ്മാണവും പഴയതിന്റെ അറ്റകുറ്റപ്പണി നടത്തലുമാണെന്ന ധാരണ പൊതുവെ സമൂഹത്തിൽ നിലനിന്നിരുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുകയും ഉല്പാദനപരമായ മേഖലകൾക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കുകയും ചെയ്യുകയെന്ന ധാരണ ഇപ്പോൾ ബലപ്പെട്ടുവരുന്നുണ്ട്. റോഡു നിർമ്മാണവും അറ്റ കുറ്റപ്പണിയും പരമാവധി ജനപങ്കാളിത്തത്തോടെ നടത്താൻ നാം തയാറാവേണ്ടതുണ്ട്.

റോഡു ഗതാഗതം ഇന്നത്തെ രൂപത്തിൽ വ്യാപിക്കുന്നതിനുമുൻപ് പഞ്ചായത്തിലെ ജനങ്ങൾ ജല ഗതാഗതത്തിനാണ് മുൻതൂക്കം നൽകിയിരുന്നത്. തെരുവത്ത് കടവു മുതൽ എലത്തൂർ വരെയുള്ള ജല പാതയിൽ ബോട്ടുസർവീസ് നിലവിലുണ്ടായിരുന്നു. അതുപോലെ കൊയിലാണ്ടി ഭാഗത്തേക്കുള്ള യാത്രക്കാരും രാമപുഴയെയാണ് ആശ്രയിച്ചിരുന്നത്. കര ഗതാഗതം കൂടുതൽ വ്യാപകവും വേഗത കൂടിയതുമായതോടെ ജലഗതാഗതത്തിന്റെ സാധ്യതകൾ നഷ്ടപ്പെട്ടു. ബോട്ട് സർവീസ് ഇന്ന് നിലവിലില്ല.

ഉള്ള്യേരി,-പേരാമ്പ്ര സ്റ്റേറ്റ് ഹൈവെ കഴിഞ്ഞാൽ പഞ്ചായത്തിലൂടെ കടന്നുപോവുന്ന ഏറ്റവും പഴയ റോഡാണ് നടുവണ്ണൂർ, കാവുന്തറ വഴി കടന്നു പോവുന്നത്. കച്ചവടത്തിനും മറ്റും വടകരയുമായി ബന്ധപ്പെടാൻ പഴയകാലത്ത് ഈ വഴി ഉപയോഗിച്ചിരുന്നു.

കഴിഞ്ഞകാലത്തെ പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചടം രീതി പരിശോധിച്ചാൽ അതിന്റെ സിംഹഭാഗവും റോഡുനിർമ്മാണത്തിനും റോഡ് റിപ്പയർ ചെയ്യാനുമായിരുന്നു എന്നു മനസ്സിലാക്കാൻ കഴിയും. ഇന്ന് പഞ്ചായത്ത് പരിധിയിൽ 72 കി.മീ. നീളം വരുന്ന റോഡുകളുണ്ട്. ഇതിൽ 13 കി.മീറ്റർ പി.ഡബ്ല്യൂ.ഡി. റോഡുകളും 59 കി.മീറ്റർ പഞ്ചായത്തു റോഡുകളുമാണ്. പഞ്ചായത്ത് റോഡുകളിൽ വലിയൊരു ഭാഗം മഴക്കാലത്ത് ചാലുകളായി മാറുന്നു. റോഡിന്റെ വശങ്ങളിൽ ആവശ്യമായ ഓടകൾ ഇല്ലാത്തതാണ് ഇതിന്ന് കാരണം.

1995-96 വർഷത്തിലാണ് പഞ്ചായത്തിൽ റോഡുകൾക്ക് ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത്.

ഫണ്ട്	തുക
പഞ്ചാത്ത് ഫണ്ട്	19,767
അൺടൈഡ് ഫണ്ട്	1,18,029
ജെ.ആർ.വൈ.	4,10,619

ഇത്രയോറെ തുക ഈ രംഗത്ത് ചെലവഴിച്ചിട്ടും മിക്ക റോഡുകളും വാഹന ഗതാഗതയോഗ്യമല്ല എന്ന അവസ്ഥ നിലനില്ക്കുന്നു. വാഹനങ്ങളുടം എണ്ണം ദിനംപ്രതി വർദ്ധിക്കുകയാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ചെങ്കൽ വെട്ടാൻ തുടങ്ങിയതൊടെ ലോറി ഗതാഗതം വർദ്ധിച്ചു. റോഡുകൾ പൊട്ടിപ്പൊളിയാൻ പലപ്പോഴും ഇത് കാരണമാവുന്നു. മിനി ലോറികൾ, ജീപ്പുകൾ, ഓട്ടോറിക്ഷകൾ എന്നിവയുടെ എണ്ണവും ദിനംപ്രതി വർദ്ധിക്കുന്നു. അതിനൊത്ത വണ്ണം നിലവിലുള്ള റോയുകൾ മെച്ചപ്പെടുന്നില്ല.

പഞ്ചായത്തിൽ സർവീസ് നടത്തുന്ന വാഹനങ്ങൾ

മിനിലോറി	12
ജീപ്പ്	45
ഓട്ടോറിക്ഷ	38

പഞ്ചായത്തിലെ ജനങ്ങളുടെ യാത്രാ പ്രശ്നം വലിയൊരളവുവരെ പരിഹരിക്കുന്നത് ടാക്സി ജീപ്പുകളും ഓട്ടോറിക്ഷകളുമാണ്. നടുവണ്ണൂരിൽ നിന്ന് കാവുന്തറ, മന്ദങ്കാവ്, കൂട്ടാലിട, വാകയാട്, തിരുവോട് പ്രദേശങ്ങളിലേക്ക് ജീപ്പ് ഗതാഗതമാണ് മുഖ്യം. പി.ഡബ്ല്യൂ.ഡി. റോഡ് നിർമ്മിച്ചെങ്കിലും മന്ദങ്കാവ് ഭാഗത്തേക്ക് ബസ്സുകൾ ഓടുന്നില്ല എന്നത് ജനങ്ങൾക്ക് പ്രയാസകരമാണ്.

പഞ്ചായത്തു ഫണ്ടുപയോഗിച്ച് പലഭാഗത്തും ഫുട്ട് പാത്തുകൾ നിർമ്മിക്കാനാരംഭിച്ചതോടെ അതിനുള്ള പുതിയ ആവശ്യങ്ങൾ വർധിച്ചു വരുന്നു. വാഹന ങ്ങൾക്ക് പാർക്കു ചെയ്യാൻ വേണ്ടത്ര സൗകര്യവും പട്ടണത്തിലില്ല.

റോഡുകളുടെ വിവരങ്ങൾ പട്ടകയിൽ കാണി

ച്ചിരിക്കുന്നു. റോഡ് /ഫുട്പാത്ത് കഴിഞ്ഞ 5 വർഷങ്ങളിൽ	ചെലവാക്കിയ തുക				
	1991–92	92–93	93–94	94–95	95–96
1. കരിമ്പാപോയിൽ — താഴത്തെകടവ്	21400	4482			
2. എളയടത്ത് താഴെ ഫുട്പാത്ത്		26894			
3. പുതിയേടത്ത് താഴെ—കുന്നത് തരമൽകോളനി	119862		45000	39859	
4. പുതുശ്ശേരിത്താഴെ— ഏടവനത്താഴെ	344343				
5. കരിമ്പാപ്പായിൽ—കുനിയിൽ ത്താഴെ	331699				
6. നടുവണ്ണൂർ—വാകയാട് റോഡ്		363269			
7. കാവുന്തറ സ്കൂൾ—തിയ്യക്കണ്ടി മുക്ക്		5000			
8. ചക്രകുളങ്ങര—ചെമ്മലപ്പുറം			5000		
9. കരുവണ്ണൂർ—മീനൂപ്പൊയിൽ			256286		
10 പള്ളിയത്ത് കുനി—ഏക്കാട്ടൂർ			186814		
11 ആയരോളി ഫുട്പാത്ത്			1782		
12 വെള്ളപ്പാലൻ കണ്ടി ഫുട്പാത്ത്			31620		
13 മൃഗാശുപത്രി— മിനി എസ്റ്റേറ്റ്				10000	
14 പുല്ലരിക്കുന്ന് ഹരിജൻ കോളനി				17101	19345
15 ഉടുമ്പ്രമല ഹരിജൻകോളനി				23339	28560
16 പഴയടത്ത് താഴെ ഫുട്പാത്ത്				38000	
17 പിലാച്ചേരി മുക്ക്—മഠത്തിൽ താഴെ ഫുട്പാത്ത്				45000	
18. നടുവണ്ണൂർ—റജിസ്ട്രാഫിസ്					11500
19 കീഴ്കോട്ട് മീത്തൽ കോളനി റോഡ്					8100
20 മന്ദ്യലത്ത്താഴെ ഫുട്പാത്ത്					45000
21 പാറപ്പുറത്ത് താഴെ—തിരുമംഗലത്ത് താഴെ					126500
22 ഉരുളുങ്കൽ—മലോൽ ഫുട്പാത്ത്					4932
23 കല്ലേരിക്കണ്ടി—കനാൽ ഫുട്പാത്ത്					5500
24 കാവുന്തറ—ഫീൽഡ്ബുത്തി ഫുട്പാത്ത്					24919
25 തറമൽ മീത്തൽ—മന്ദങ്കാവ്	16000			40000	
26 പുല്ലറക്കുന്ന് ഹരിജൻ കോളനി റോഡ്				10000	
27 കേരഫെഡ് റോഡ്					110675
28 തട്ടാർകണ്ടി മുക്ക്—എലങ്കമൽ					27695
29 കാഞ്ഞൂർ താഴെ—കാവിൽറോഡ്					75000
30 കാവിൽ—തുരുത്തിമുക്ക്	5000		108262		
31 കാവിൽ—മുണ്ടോട്ടര			309659		
32 തയ്യിൽത്താഴെ—നൊച്ചാട്		50000		217800	
33 അരീക്കച്ചാൽ—മാപ്പറ്റ കോളനി					165000
34 ഉപ്പുത്തിയുള്ളതിൽ മുക്ക്—ഏടോത്ത് താഴെ			4800		4997
35 പുതുക്കോട്ട്കണ്ടി താഴെ—ചേരിക്കമ്മൽ				5000	

ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശിക്കപ്പെട്ട റോഡുകളും നടപ്പാതകളും

റോഡ്	വാർഡ്
1. നടുവണ്ണൂർ സൗത്ത് മാപ്പിള സ്കൂൾ മുതൽ കിഴക്കോട്കടവ് വരെ	1
2. ആത്തോളിതാഴെ—നല്ലട്ടാംവീട്ടിൽ താഴെ	2
3. പൊട്ടക്കുളങ്ങര പാറക്കു മീത്തൽ	3
4. മീനൂപ്പാറ—ഏരരഞ്ഞംവെള്ളി	3
5. പാറപ്പുറത്ത്—അമ്മോക്കുംചാൽ ലക്ഷംവീട്	3
6. പുതുക്കുടിതാഴെ— തച്ചിനാനി താഴെ	3
7. ബോട്ട്ജട്ടി—കേരഫെഡ്	4
8, കോളനി റോഡുകൾ	
9. പള്ളിയത്ത് പൊയിൽ—വെങ്ങിലേരിത്താഴെ	5
10. കുന്നപ്പൊയിൽ—അലേമ്പ്രമീത്തൽ	5
11. പാലയാട്ട്മീത്തൽ—കേരഫെഡ്	5
12. പുതിയേടത്ത്കണ്ടി—പള്ളിത്താഴെ	6
13 കാവുന്തറ—തുരുത്തിമുക്ക്	6
14 ചേണികണ്ടിമുക്ക്—വട്ടക്കണ്ടി പൊറായി	6
15. പുതുക്കോട്ട് താഴെ—പള്ളിമുക്ക്	7
16 ആൽത്തറമുക്ക്—കരുവണ്ണൂർ	7
17 പുതിയേടത്ത്—പൈങ്കിലാട്ട്—വടേക്കണ്ടി	7
18. തയ്യിൽതാഴെ—പടിക്കണ്ടി	8
19. കാഞ്ഞൂക്കണ്ടിതാഴെ—ആശുപത്രി റോഡ്	8
20 പുതിയപ്പുറം—വരട്ടടി	
21. നടുവണ്ണൂർ വെസ്റ്റ്—സി.എച്ച് റോഡ്	9
22 ഏടോത്ത്താഴെ—കോട്ടൂർ	9
23. കരുമ്പാപ്പൊയിൽ—എ.പി. അച്ചുതൻ റോഡ്	10
24 പൊറ്റോൽ താഴെ— കുനിയിൽതാഴെ	1
25 കിഴക്കോട്ട് കടവ്—ചെങ്ങോട്ട് പാറ	1
26തോട്ടപ്പുറത്ത് താഴെ—നടുവണ്ണൂർ കനാൽ	2
27 ചാത്തോത്ത് മുക്ക്— പുൽപറക്കുന്ന് ലക്ഷംവീട്	2
28 കൊയമ്പ്രത്ത് താഴെ—കോക്കരപ്പാറ	2
29. നന്ദാനശ്ശേരി—മംഗരത്താഴെ	2
30 കുന്നിച്ചാലിൽ റോഡ്	8
31. കോഴിക്കാവിൽ അംഗൻവാടി റോഡ്	8

23 മീനുപ്പൊയിൽ-എരഞ്ഞംവെള്ളി	8
24 വാകയാട് റോഡ്- വല്ലോറമല	9
25 താഴത്ത് വീട്ടിൽ-പുഴക്കാട്ടേരി	9
26 പൂതരംകണ്ടിതാഴെ- നടുവണ്ണൂർ ടൗൺ	9
27 പുതുശ്ശേരി താഴെ-പുളിക്കൂൽ ബണ്ട്	9
28 വെള്ളക്കാംകണ്ടി കനാൽപാലം- ആമയാട്ട്മീത്തൽ-വാകയാട് ഹൈസ്കൂൾ	9
29 കിഴക്കെത്തല-മാതാങ്കണ്ടികുന്ന്-അങ്കക്കളരി	10
30 കരുമ്പാപ്പൊയിൽ-അക്കുഡക്ട്	10
31 തോട്ടുമല-പുതിയേടത്ത്കുനി	3
32 എരഞ്ഞോളിതാഴെ-കൊട്ടപ്പുറത്ത് താഴെ	2
33 തോട്ടപ്പുറത്ത്-മുണ്ടു നടപ്പാലം	2
34 ചെങ്ങോട്ട്താഴെ-മുണ്ടുനടപ്പാലം	2
35 നാറാണത്ത്താഴെ കൊയമ്പ്രത്ത്താഴെ	2

ടാർ ചെയ്യേണ്ട റോഞ്ചുകൾ

1. നടുവണ്ണൂർ—എളേടത്ത്താഴെ—ഉടുമ്പ്രമല റോഡ് (എളേടത്ത്താഴെ പാലം ഉൾപ്പെടെ)	2,3
2. മൃഗാശുപത്രി—മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്	2
3. ചക്രകുളങ്ങര—ചെമ്മലപ്പുറം	3
4. നടുക്കണ്ടിത്താഴെ—വെങ്ങളത്ത്കണ്ടി	3
5. കാവുന്തറ—മീനൂപ്പൊയിൽ	3
6. വെങ്ങളത്ത്കണ്ടി—തറോൽമീത്തൽ	3
7. കാവുന്തറ സ്കൂൾ—തുരുത്തിമുക്ക്	6
8. വെങ്ങളത്ത് കണ്ടി—കുന്നാപ്പൊയിൽമുക്ക്	5
9. പുതിയേടത്ത്കുനി—പള്ളിത്താഴെ	6
10 പള്ളിയത്ത്കുനി—എക്കാട്ടൂർ	7
11 പള്ളിയത്ത്കുനി—അരീക്കച്ചാൽ	7
12 കരുമ്പാപ്പൊയിൽ—താഴത്തുകടവ്—ഇടിഞ്ഞകടവ്	10
13 കരിമ്പാപ്പൊയിൽ—കീഴ്ക്കോട്ട്കടവ്	1
14 കരുമ്പാപ്പൊയിൽ—അങ്കക്കളരി—പുതിയതെരു—വാകയാട് റോഡ്	10

32. തുരുത്തിമുക്ക്—ചെറേക്കുഴി മീത്തൽ	4
33 ഇടുവാട്ട് കുന്ന് റോഡ്	4
34 പുല്ലരിക്കുന്ന് കോളനി റോഡ്	4
35 കറ്റയാട്ട്മുക്ക്—മാപ്പറ്റ താഴെ	7
36 പുതുശ്ശേരിത്താഴെ തായാട്ട് ഭാഗം	7
37 ആയങ്കോട്ട് മീത്തൽ കോളനി	7
38. കനാൽപ്പാലം കോട്ടൂർ റോഡ്	9
39 ചരയങ്ങാട്ട്.അംഗൻവാടി റോഡ്	7
40 പള്ളിച്ചാലിൽ തെരുവിൽ തലക്കൽ റോഡ്	9
41 മേക്കോത്ത് കുന്ന് നെടുളിതാഴെ	1
42 ഇടുവാട്ട്കുന്ന്—അംഗൻവാടി റോഡ്	4
43 പുതിയേടത്ത് താഴെ—എ.പി. അച്ചുതൻ റോഡ്	10

നടപ്പാതകൾ

1. കീഴ്ക്കോട്ട് കടവ് മുണ്ടനട	1
2. ചുണ്ടോളിപറമ്പത്ത്താഴെ-പഷ്ണാമ്പലത്ത് താഴെ	1
3 ചെങ്ങോട്ട് താഴെ-കനാൽ	2
4 എളയടത്ത് താഴെ- തോട്ടപ്പുറത്ത്	2
5 കുന്ദമംഗലത്ത്താഴെ-ചെറിയക്കോട്താഴെ	3
6 അരുമൻകണ്ടിതാഴെ-ചെറിയക്കോട്ട്താഴെ	3
7 തെക്കെത്താഴെ-മുണ്ടുനട	3
8 തോട്ടുമുല മദ്രസ- കുന്ദമംഗലത്ത് താഴെ	3
9 വെങ്ങളത്ത്കണ്ടി കടവ്-പീറ്റക്കണ്ടി	4
10 കേളോത്ത്താഴെ-പറമ്പിൻകാട്	5
12. കുന്നപ്പൊയിൽതാഴെ-അലേമ്പ്രതാഴെ	5
13 പുതിയേടത്ത്കണ്ടി-കുയ്യടിത്താഴെ	5
14. മേലേടത്ത്താഴെ-നങ്ങാർകണ്ടി താഴെ	5
15 പുതുക്കോട്ട് താഴെ- നടുവിലേടത്ത് താഴെ	6
16 കൊല്ലോറത്ത്-പാവട്ടു പുരക്കൽ-തലപ്പൊയിൽ താഴെ	7
17 മംഗലശ്ശേരി- പള്ളിയത്ത്കുനി	7
18 പള്ളിയത്ത്കുനി-വിലങ്ങിൽതാഴെ	7
19 തിരുമംഗലത്ത്താഴെ-തറവട്ടത്ത്	7
20 പുതുക്കോട്ട് താഴെ-നടുവിലേടത്ത്	7
21 അരീക്കുന്നത്ത് താഴെ-അരീപ്പാറ	7
22 അരീക്കുന്നത്ത്താഴെ-വാഴക്കാല	7

പ്രശ്നങ്ങൾ

1. ചില വർഡുകളിൽ കൂടതുൽ റോഡു കളുള്ള പ്പോൾ ചില വാർഡുകളിൽ ആവശ്യത്തിനു റോഡു കളില്ല.

2. നിർമ്മിച്ച റോഡുകൾ മിക്കതും മെറ്റൽ ചെയ്തു ന്നില്ല. തന്മുലം മഴക്കാലത്ത് മണ്ണ് മുഴുവൻ ഒഴുകി പ്പോവുന്നു.

3. റോഡിന്റെ വശങ്ങളിൽ ആവശ്യത്തിന് ഓടകളില്ല.

4. പല റോഡുകളുടെയും നിലവാരം കുറഞ്ഞ അവസ്ഥ.

5. വേണ്ടത്ര കൾവർട്ടുകൾ ഇല്ലാത്തത് ജല നിർഗ്ഗമനത്തെ തടയുന്നു.

6. റോഡുകൾക്ക് വീതി കുറവാണ്.

7. ആവശ്യത്തിന് വെയ്റ്റിംങ് ഷെഡുകളില്ല.

8. നടുവണ്ണൂർ ടൗണിൽ ടാക്സിസ്റ്റാൻറില്ല.

9. റോഡിന്റെ ഇരുവശങ്ങളിലും വെച്ച് വാഹ നങ്ങൾ കഴുകി റോഡ് ചീത്തയാക്കുന്നു.

സാധ്യതകൾ

1. റോഡുകൾ അത്യാവശ്യമുള്ള വാർഡുകളിൽ ജനകീയ സമിതികൾ രൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനം നടത്തു കയും ചെയ്യുക.

2. റോഡ് സംരക്ഷണ സമിതികൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ നിലവിലുള്ളവ റിപ്പയർ ചെയ്യുക.

3. പ്രധാന റോഡുകൾ ടാർ ചെയ്തു സംരക്ഷി ക്കുക.

4. റോഡിന്റെ വശങ്ങളിൽ ഓടകൾ നിർമ്മി ക്കുക.

5. ചെറുപാലങ്ങൾ അത്യാവശ്യമുള്ളിടത്ത് നിർമ്മിക്കുക.

6. കോൺട്രാക്ട് സമ്പ്രദായം റോഡുനിർമ്മാണ രംഗത്ത് പൂർണ്ണമായും ഒഴിവാക്കുക.

7. നടുവണ്ണൂർ ടൗണിൽ ടാക്സിസ്റ്റാൻറ് നിർ മിക്കുക.

8. ജനപങ്കാളിത്തത്തോടെ വെയ്റ്റിംങ് ഷെഡു കൾ നിർമിക്കുക.

9. പി.ഡബ്ല്യു.ഡി. റോഡുകളിൽ ബസ്സുകളോടി ക്കാൻ സംവിധാനമുണ്ടാക്കുക.

10. കാവുന്തറ വഴിയും മന്ദങ്കാവ് വഴിയും കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുക.

11. ഗ്രാമ പഞ്ചായത്തു ടെണ്ടറുകളെല്ലാം ജന കീയ കമ്മിറ്റികൾക്ക് നൽകുക. കൺവീനർക്ക് മാത്രം ചുമതല നല്കുന്ന രീതി ഒഴിവാക്കി ഓരോ ഘട്ടവും ജനങ്ങൾക്ക് പരിശോധിക്കാനും ചർച്ച ചെയ്യാനും അവസരം നല്കുക.

13. വാഹനങ്ങൾ കഴുകുന്നതിന് റോഡുമായി ബന്ധപ്പെടുത്താതെ പ്രത്യേകം സൗകര്യം ഏർപ്പെടു ത്തുക. റോഡു വശങ്ങളിൽ വെച്ചുള്ള വാഹനം കഴു കൽ പൂർണ്ണമായി നിരോധിക്കുക.

മാർക്കറ്റ്

നടുവണ്ണൂരിന്റെ കച്ചവട ചരിത്രത്തിന്ന് നൂറ്റാ ണ്ടുകളുടെ പഴക്കമുണ്ട്. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി കച്ചവടത്തിനായി വന്ന് ഇവിടെ വേരുറപ്പിച്ച കാലത്ത് തന്നെ രാമപ്പുഴ വഴിയും തലശ്ശേരി, വടകര വഴിയും കാവുന്തറയിലൂടെ നടുവണ്ണൂരിൽ കച്ചവ ടക്കാർ എത്തിയിരുന്നു. ഇന്നത്തെ കൊയിലാണ്ടി വടകര താലൂക്കിലെ ഏറ്റവും വലിയ വാണിജ്യ കേന്ദ്ര മായിരുന്നു നടുവണ്ണൂർ ശനിയാഴ്ച ചന്ത.

കൊപ്ര, അടക്ക, കുരുമുളക്, പരമ്പരാഗത കിടി ൽ വ്യവസായ ഉല്പന്നങ്ങൾ എല്ലാം അവിടെ വില്ക്ക പ്പെട്ടിരുന്നു. അടുത്ത കാലംവരെ മുറം, കുട, വട്ടി, ചട്ടി, തോർത്ത്, വെറ്റില, ചുണ്ണാമ്പ്, പായ, കോഴി എന്നിവ ചന്തയിൽ എത്തിയിരുന്നു.

ആധുനിക കച്ചവട രീതി നിലവിൽ വന്നതോടെ ചന്തകൾ ഏറെക്കുറെ അപ്രത്യക്ഷമായി. കച്ചവടം പീടികമുറിയിലേക്കൊതുങ്ങി. 9-ാംപദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിക്കുമ്പോൾ ഇന്നത്തെ മാർക്കറ്റ് രീതി ക്ക് മാറ്റം പ്രതീക്ഷിക്കാം.

ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന പുര യിട കൃഷികൾക്കും പഴം, പച്ചക്കറി ഉല്പന്നങ്ങൾക്കും, പ രമ്പരാഗത ഗൃഹോപകരണങ്ങൾക്കും പൊതു വിപണന കേന്ദ്രം അത്യാവശ്യമായിവരും. വിലക്കയറ്റം ഒരു പരിധി വരെയെങ്കിലും പിടിച്ചു നിർത്താൻ സർ ക്കാർ പൊതുമാർക്കറ്റുകൾ ഉണ്ടാവേണ്ടതുണ്ട്.

മത്സരങ്ങളും ആഘോഷങ്ങളുമായി ബന്ധപ്പെട്ട കച്ചവടമേളകൾ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കണം. വാർഡുകളിൽ കർഷകസമിതി മുഖേനയും, നേരിട്ടും കാർഷികോൽപ്പന്നങ്ങൾ ശേഖരിക്കാം. മത്സ്യ മാംസങ്ങൾക്ക് പൊതു വിപണന കേന്ദ്രം ഉണ്ടായിരിക്കണം.

നിർദ്ദേശങ്ങൾ

1. കാർഷികോല്പന്നങ്ങളായ കൊപ്ര,അടക്ക, കശുവണ്ടി, തുടങ്ങിയവ സഹകണാടിസ്ഥാനത്തിൽ ശേഖരിക്കണം.

2. പച്ചക്കറി, പരമ്പരാഗത ഗൃഹോപകരണങ്ങൾ എന്നിവ വിപണനം നടത്തുവാൻ ആഴ്ചചന്തകൾ പഞ്ചായത്ത് തലത്തിൽ ഉയർന്ന് വരണം. ഇതു വഴി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കയും കുടിൽ വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യും.

3. പഞ്ചായത്തടിസ്ഥാനത്തിൽ വില്പനമേളകൾ സംഘടിപ്പിച്ചാൽ ഗ്രാമത്തിന്റെ ഉത്സവമാക്കി മാറ്റാൻ സാധിക്കും.

4. പൊതു വിതരണം ശക്തിപ്പെടുത്തുന്നതിന് വേണ്ടി നടുവണ്ണൂരിൽ ഒരു മാവേലി സ്റ്റോർ ആരംഭിണം.

5. കരുവണ്ണൂർ, കാവുന്തറ, മന്ദങ്കാവ് എന്നിവിടങ്ങളിൽ സഹകരണ മാവേലിസ്റ്റോർ ആരംഭിക്കണം.

ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ വരുന്ന പരസ്യ മായാലോകത്തിലാണ് ഇന്ന് നല്ലൊരു പങ്ക് ഉപഭോക്താക്കളും ന്യായവില ഉറപ്പാക്കാനും, പുതിയ തൊഴിൽ സാധ്യതകൾക്ക് രൂപം നല്കാനും സാധിക്കേണ്ട ഒരു മേഖലയാക്കി ഇതിനെ മാറ്റണം.

ഊർജ്ജം

നടുവണ്ണൂർ പഞ്ചായത്തിൽ ഊർജ്ജത്തിന്റെ ലഭ്യതയും ഉപയോഗവും പരിശോധിക്കുമ്പോൾ വൈദ്യുതിയോടൊപ്പംതന്നെ പ്രാധാന്യമുള്ളതാണ് പാചകത്തിനാവശ്യമായ വിറകിന്റെ ലഭ്യതയും ഉപയോഗവും പഞ്ചായത്തിൽ ഭൂരിഭാഗം വീടുകളിലും സാധാരണ വിറകടുപ്പുകളാണ് ഉപയോഗിക്കുന്നത്. വിഫകിന്റെ അളവ് കുറക്കാൻ സഹായിക്കുന്ന ദക്ഷത കൂടിയ അടുപ്പുകൾ പഞ്ചായത്തിൽ വളരെ ക്കുറച്ചുമാത്രമേ സ്ഥാപിതമായിട്ടുള്ളൂ. ശാസ്ത്രസാഹിത്യപരിഷത്ത് യൂനിറ്റുകളാണ് ആദ്യഘട്ടത്തിൽ ഇത്തരം അടുപ്പുകൾ സ്ഥാപിക്കാൻ മുൻനിന്നു പ്രവർത്തിച്ചിരുന്നത്. ബാലുശ്ശേരി ബ്ലോക്കിനെ IREP പദ്ധതിയിൽ ഉൾപ്പെടുത്തിയതോടെ ഇത്തരം കൂടുതൽ അടുപ്പുകൾ സ്ഥാപിക്കപ്പെപ്പെട്ടിട്ടുണ്ട്. 60 രൂപ അടച്ചാൽ വീടുകളിൽ അടുപ്പ് എത്തിച്ച് സ്ഥാപിക്കുന്ന അവസ്ഥ ഇന്നുണ്ട്. 385 പരിഷത്തടുപ്പു കൾ പഞ്ചായത്തിൽ IREP ഓഫീസ് മുഖേന സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ വീട്ടാവശ്യത്തിനുള്ള മണ്ണെണ്ണ സ്റ്റൗ 100 എണ്ണവും പ്രഷർകുക്കറുകൾ 165 എണ്ണവും വിതരണം ചെയ്തിട്ടുണ്ട്. ഉയർന്ന സബ്സിഡിയോടെയാണ് ഇവ വിതരണം ചെയ്യുന്നത്.

വൈദ്യുതി മേഖലയെപ്പറ്റി പരിശോധിച്ചാലും കാണാൻ കഴിയുന്നത മെച്ചപ്പെട്ട ചിത്രമല്ല. പഞ്ചായത്തിലെ നാലിൽ ഒരു ഭാഗം വീടുകൾ പോലും വൈദ്യുതീകരിച്ചിട്ടില്ല. ഈ രംഗത്ത് ഏറ്റവും പിന്നിൽ നിൽക്കുന്നത് 11 വീട് മാത്രം വൈദ്യുതീകരിച്ച 5 -ാം വാർഡാണ്. [വിശദവിവരങ്ങൾ പാർപ്പിടം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു] വൈദ്യുതീകരിച്ച പല വീടുകളിലും മിന്നാമിനുങ്ങിനെക്കാൾ കുറഞ്ഞ പ്രകാശമാണ് ബൾബുകൾ നൽകുന്നത്. കന്നൂർ സബ്സ്റ്റേഷൻ വഴിയാണ് പഞ്ചായത്തിൽ വൈദ്യുതി ലഭ്യമാകുന്നത്. വിതരണ രംഗത്ത് 5 ട്രാൻസ്ഫോർമറുകൾ മാത്രമാണുള്ളത്. കരുമ്പാപ്പൊയിൽ, നടുവണ്ണൂർ മിനി എസ്റ്റേറ്റ്, ടൗൺ, മന്ദങ്കാനവ് കരുവണ്ണൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്.

പഞ്ചായത്തിൽ മിനി എസ്റ്റേറ്റിൽ പല വ്യവസായശാലകളും ആവശ്യമായ വൈദ്യുതി ലഭിക്കാത്തതിന്റെ ഫലമായി പ്രവർത്തനം നിർത്തിവെച്ചിരിക്കുന്നതായിക്കാണാം. പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വൈദ്യുതിക്ഷാമം തടസ്സമാകുന്നു.

ഊർജ്ജം ശരിയായ രീതിയിൽ ഉപയോഗിച്ചാൽ തന്നെ ഈ സ്ഥിതിയ്ക്ക് ചെറിയ മാറ്റം വരുത്താം. ഇലക്ട്രോണിക് ചോക്കുകൾ, കോമ്പാക്ട് ഫ്ളൂറൻസ് വിളക്കുകൾ എന്നിവയും സോളാർ വിളക്കുകൾ, ബയോ ഗ്യാസ് അടുപ്പുകളും വിളക്കുകളും

മറ്റുമുപയോഗിച്ച് നിലവിലുള്ള അവസ്ഥയിൽ ചെറിയ മാറ്റങ്ങൾ വരുത്താൻ കഴിയും.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും പഴയ രീതിയിലുള്ള അടുപ്പുകൾ നിലനിൽക്കുന്നു.

2. വിറക് വില അമിതമായി വർധിക്കുന്നു.

3. വീടുകൾ ഭൂരിഭാഗവും ഇനിയും വൈദ്യുതീകരിച്ചിട്ടില്ല.

4. വൈദ്യുതീകിച്ചവർക്കു തന്നെ ആവശ്യമായ വോൾട്ടേജിൽ വൈദ്യുതി ലഭിക്കുന്നില്ല.

5. ട്രാൻസ്ഫോർമറുകൾ ആവശ്യമായത്രയില്ല.

6. ഹരിജൻ കോളനിയിൽ വൈദ്യുതി എത്തിയിട്ടില്ല.

7. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളൊന്നും പഞ്ചായത്തിൽ ഉപയോഗക്കുന്നില്ല.

8. വോൾട്ടേജ് സ്റ്റെബിലൈസറുകൾ ഉപയോഗിക്കുന്നതിലൂടെ മറ്റു ഉപഭോക്താക്കൾക്ക് ഉണ്ടാക്കുന്ന വോൾട്ടേജ് പ്രശ്നങ്ങൾ

9. ഉപയോഗിക്കാത്ത വൈദ്യുതിക്കുപോലും ചാർജ് നല്കേണ്ടിവരുന്ന അവസ്ഥ.

പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ എല്ലാ വീടുകളിലും ദക്ഷത കൂടിയ അടുപ്പുകൾ വരുന്ന 5 വർഷത്തിക്കാലം കൊണ്ട് സ്ഥാപിക്കാനുള്ള പദ്ധതി തയ്യാറാക്കുക.

2. മണ്ണെണ്ണ പെർമിറ്റുകളും പാചക വാതകവും ലഭിക്കാനുള്ള പദ്ധതി തയ്യാറാക്കുക.

3. വീട്ടു പറമ്പിൽ വൃക്ഷങ്ങൾ കൂടുതലായി നട്ടു വളർത്തുക.

4. പറമ്പിൽ കാട് കേന്ദ്രമായി മിനി ഡീസൽ നിലയം സ്ഥാപിക്കാനുള്ള സാധ്യത പരിശോധിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള സാധ്യത പരിശോധിക്കണം. സാധ്യത ഉണ്ടെങ്കിൽ നടപ്പിലാക്കണം.

6. മന്ദൻകാവ്, എലങ്കമൽ, കാഞ്ഞുക്കണ്ടി താഴെ കനാൽ ജംഗ്ഷൻ അരുമൻ കണ്ടി താഴെ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

7. എല്ലാ പട്ടികജാതി കോളനികളിലും ലക്ഷം വീടുകളിലും വൈദ്യുതി എത്തിക്കുക.

8. നടുവണ്ണൂർ ടൗൺ, തോട്ടു മൂല, പള്ളിയത്ത് കുനി, കരുവണ്ണൂർ ടൗൺ, കരുമ്പാപ്പയിൽ, കിഴക്കോട്ട് കടവ്, വെരുവത്ത് കടവ്,എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാംപ് സ്ഥാപിക്കുക.

9. 5-ാം വാർഡിൽ വൈദ്യുതി എത്തിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

10. സോളാർ ലൈറ്റുകൾ വ്യാപകമാക്കുക.

11. വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുക. ഐ.ആർ.ഡി.പി. ലിസ്റ്റിലുള്ളവരക്ക് സൗജന്യമായി വൈദ്യുതി ലഭ്യമാക്കുക.

12. ഗ്രാമപഞ്ചായത്ത് മുഖേന മണ്ണെണ്ണസ്റ്റൗ, പ്രഷർ കുക്കർ വിതരണം ചെയ്യേണ്ടതാണ്.

13. പാവപ്പെട്ടവർക്ക് സൗജന്യമായി സ്റ്റൗ, കുക്കർ എന്നിവ നല്കേണ്ടതാണ്.

"എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടെയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും"

മഹാത്മാഗാന്ധി.

വനിതാ ക്ഷേമം

ഒരു സമൂഹത്തിലെ സ്ത്രീകളുടെ പദവി, ആ സമൂഹത്തിന്റെ പുരോഗതി നിർണ്ണയിക്കുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. സ്ത്രീകൾ കുടുംബ നാഥകളായിരുന്ന ഒരു പഴയ കാലഘട്ടം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതിയിൽ വളരെയേറെ മാറ്റം വന്നിരിക്കുന്നു. വിദ്യാസമ്പന്നരുടെ സമൂഹത്തിൽ പോലും സ്ത്രീകളെ രണ്ടാം തരം പൗരൻമാരായി കണക്കാക്കുന്ന അവസ്ഥ ഇന്നും നിലനിൽക്കുന്നു!

കേരള സംസ്ഥാനത്ത് നിലനിൽക്കുന്ന സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ പൊതു അവസ്ഥയാണ് ഇവിടെ പരിശോധിക്കാൻ ശ്രമിക്കുന്നത്. 1991ലെ സെൻസസ് പ്രകാരം കേരളത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടേതിനേക്കാൾ കൂടുതലാണ്. ഇതേ അവസ്ഥ തന്നെയാണ് നമ്മുടെ പഞ്ചായത്തിലും കാണാൻ കഴിയുക. 11,103 പുരുഷൻമാരും 11,155 സ്ത്രീകളുമാണ് പഞ്ചായത്തിലുള്ളത്.

സ്ത്രീകളുടെ സാമൂഹ്യ പദവി നിർണ്ണയിക്കുന്നതിൽ വിദ്യാഭ്യാസത്തിന് പ്രധാനപ്പെട്ട സ്ഥാനമുണ്ട്. ഈ രംഗത്ത് സ്ത്രീകൾ അല്പം പിന്നിലാണെന്ന് കാണാം. സാക്ഷരരായ പുരുഷർമാർ 9195 പേരാണെങ്കിൽ സ്ത്രീകൾ 8233 പേരാണുള്ളത്. കഴിഞ്ഞ കാലത്ത് പെൺകുട്ടികളെ സ്ക്കൂളിൽ അയച്ച് പഠിപ്പിക്കുന്ന കാര്യത്തിൽ പല രക്ഷിതാക്കളും മടി കാണിച്ചതിന്റെ ഫലമായിട്ടാണ് ഇത്തരമൊരവസ്ഥ രൂപപ്പെട്ടത്. എന്നാൽ കേരളപ്പിറവിയോടെ ഈ അവസ്ഥക്ക് മാറ്റം വന്നു. ഭൂപരിഷ്കരണം നടപ്പിലാക്കിയതോടെ കിടപ്പാടം സ്വന്തമായവർ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ താല്പര്യം കാണിച്ചു. പുതുതായി ധാരാളം സ്ക്കൂളുകൾ നിലവിൽ വന്നു. പെൺകുട്ടികളിൽ ചില പ്രത്യേകവിഭാഗങ്ങൾക്ക് സർക്കാർ സാമ്പത്തികാനുകൂല്യങ്ങൾ നല്കാൻ തുടങ്ങി. ഇത്തരം സാഹചര്യങ്ങൾ പെൺകുട്ടികളെ പഠിപ്പിക്കാൻ പ്രേരിപ്പിച്ചു. ഈ വർഷം സ്ക്കൂളുകളിൽ ചേർന്ന് പഠിക്കുന്ന കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ ചില വസ്തുതകൾ മനസ്സിലാക്കാം. സ്ക്കൂളിൽ പഠിക്കുന്ന 4114 കുട്ടികളിൽ 2111 പേർ ആൺകുട്ടികളും 2003 പേർ പെൺകുട്ടികളുമാണ്. ഇവിടെ പെൺകുട്ടികളുടെ അനുപാതത്തിൽ അല്പം കുറവ് വന്നതായി കാണാം. 1990 91 കാലത്ത് നടന്ന സാക്ഷരതാ പരിപാടി വിലയിരുത്തിയാൽ ചില വസ്തുതകൾ മനസ്സിലാക്കാം. പഠിതാക്കളിലും ഇൻസ്ട്രക്റ്റർമാരിലും ഭൂരിപക്ഷം പേർ സ്ത്രീകളായിരുന്നു. കഴിഞ്ഞകാലത്ത് പെൺകുട്ടികൾ ഭൂരിഭാഗവും സ്കൂളിൽ ചേർന്ന് പഠിച്ചിരുന്നില്ല എന്നു ഇതിൽനിന്ന് മനസ്സിലാക്കാം. അതേപോലെതന്നെ സന്നദ്ധ സേവന പ്രവർത്തനങ്ങളിൽ സ്ത്രീകൾ തൽപ്പരരാണ് എന്നും മനസ്സിലാക്കാം.

ഉയർന്ന സാക്ഷരതാനിലവാരം നിലനിൽക്കുന്നതുകൊണ്ട് ആരോഗ്യരംഗത്തും സ്ത്രീകളുടെ നിലമെച്ചപ്പെട്ടുവന്നതായി കാണാം. കഴിഞ്ഞവർഷത്തെ കണക്കുകൾ പ്രകാരം പ്രസവത്തോടനുബന്ധിച്ച അമ്മമാരുടെ മരണം പഞ്ചായത്തിൽ ഒന്നുപോലും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. ആരോഗ്യസൂചകങ്ങൾ മെച്ചപ്പെട്ട നിലവാരത്തിലാണെങ്കിലും രോഗാതുരത നമ്മുടെ പഞ്ചായത്തിലും കൂടുതലാണെന്നു കാണാം. നടുവണ്ണൂർ അയൂർവേദ ഡിസ്പെൻസറിയിൽ 94 95 ൽ എത്തിയ 19,577 പേരിൽ 13,825 പേരും സ്ത്രീകളായിരുന്നു. ഈ അവസ്ഥ തന്നെ മറ്റു ചികിത്സാരീതികൾ പരിശോധിച്ചാലും കാണാൻ കഴിയും. പോഷകാഹാരത്തിന്റെ കുറവും പുകനിറഞ്ഞ അടുക്കളയും വീടുകളിൽ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യമില്ലായ്മയും തുടർച്ചയായി 18 മണിക്കൂർ വരെ നീണ്ടു നിൽക്കുന്ന കഠിനാദ്ധ്വാനവും വർദ്ധിച്ച രോഗാതുരതക്ക് കാരണമായി ചൂണ്ടിക്കാട്ടാം.

തൊഴിൽ മേഖല പരിശോധിച്ചാലും സ്ത്രീകളുടെ പിന്നോക്കാവസ്ഥ വ്യക്തമായി കാണാം. തുല്യജോലിക്ക് തുല്യവേതനമെന്ന തത്വം സർക്കാർ ജോലികളിൽ മാത്രം നിലനിൽക്കുന്നു. കാർഷിക മേഖലയിലായിരുന്നു നേരത്തെ സ്ത്രീകൾ കൂടുതലായി ജോലി ചെയ്തിരുന്നത്. പഞ്ചായത്തിലെ നെൽവയലുകൾ പകുതിയിലേറെയും നികത്തി പറ

മ്പുകളാക്കി മാറ്റിയതോടെ ആ രംഗത്തെ തൊഴിൽ സാധ്യത വളരെ കുറഞ്ഞു. കെട്ടിടനിർമ്മാണം പോലുള്ള മേഖലകളിലാണ് ഇന്ന് സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്നത്. സെൻസസ് കണക്കനുസരിച്ച് പഞ്ചായത്തിൽ തൊഴിൽ രഹിതരായവരുടെ എണ്ണം 16,320 ആണ്. ഇതിൽ വിദ്യാർത്ഥികളേയും 60 വയസ് കഴിഞ്ഞവരേയും 5 വയസിൽ താഴെയുള്ളവരെയും മാറ്റിനിർത്തിയാൽ തൊഴിൽരഹിതരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്ന് കാണാം. 4335 പുരുഷൻ മാർ തൊഴിലെടുക്കുമ്പോൾ 611 സ്ത്രീകളാണ് തൊഴിലെടുക്കുന്ന വരായിട്ടുള്ളത്. ഇതിൽ 240 പേർ കാർഷിക മേഖലയിലാണ്.

സംസ്ഥാനത്ത് അധ്യാപന ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ഭൂരിഭാഗം സ്ത്രീകളാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ 104 പുരുഷൻമാർ ഈ മേഖലയിലുള്ളപ്പോൾ സ്ത്രീകൾ 39 പേർ മാത്രമാണുള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളിലും സ്ത്രീ ജീവനക്കാർ ന്യൂന പക്ഷമാണ്.

നാട്ടിൻപുറങ്ങളിൽ തൊഴിലെടുക്കാൻ പോകുന്ന സ്ത്രീകളെ മോശക്കാരായി ചിത്രീകരിക്കുന്ന അവസ്ഥ ചില പ്രദേശങ്ങളിലെങ്കിലും ഇപ്പോഴും നിലനിൽക്കുന്നു. വലിയൊരു വിഭാഗം സ്ത്രീകൾ അടുക്കള ജോലിക്കു പുറമെ കന്നുകാലി വളർത്തൽ, പുരയിടകൃഷി, വിറകുശേഖരണം, അകലെനിന്ന് കുടിവെള്ളം ചുമന്നുകൊണ്ടുവരൽ തുടങ്ങിയ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാം. ഇത്തരം ജോലികൾക്ക് പ്രതിഫലം കണക്കാക്കാറില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 21 അംഗനവാടികളിലായി 42 സത്രീകൾ ജോലി ചെയ്യുന്നു. അംഗൻവാടി വർക്കർക്കും ഹെൽപ്പർക്കും ലഭിക്കുന്ന പ്രതിഫലം വളരെ പരിമിതമാണ്. അംഗൻവാടികളോടനുബന്ധിച്ച് മഹിളാസമാജങ്ങളുണ്ടെങ്കിലും മിക്കതും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന പുലരി മഹിളാസമാജം 8-ാം വാർഡിൽ 2 മഹിളാസമാജങ്ങൾ 2-ാം വാർഡിൽ ഒരെണ്ണം. 7-ാംവാർഡിലെ മുണ്ടോട്ടര എന്നിവിടങ്ങളിൽ അംഗൻവാടി നല്ലനിലയിൽ പ്രവർത്തിക്കുന്ന സമാജങ്ങളുണ്ട്.

സ്ത്രീകളുടെ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കാൻ വിവിധതരം പദ്ധതികൾ നടത്തിവരുന്നുണ്ട്. DWCRA പദ്ധതി പ്രകാരം രണ്ട്, എട്ട് വാർഡുകളിൽ ഓരോ മെറ്റൽ നിർമ്മാണ യൂണിറ്റും രണ്ടാം വാർഡിൽ തന്നെ ഒരു ചിപ്സ് നിർമ്മാണ യൂനിറ്റും പ്രവർത്തിക്കുന്നു.

30 സ്ത്രീകൾ ഇവിടങ്ങളിൽ പ്രവർത്തിക്കുന്നു. പാൽകൊണ്ട് വിവിധ ഉൽപന്നങ്ങൾനിർമ്മിക്കുന്ന ഒരു കേന്ദ്രം 7-ാം വാർഡിൽ പ്രവർത്തിക്കുന്നു. 3 സ്ത്രീകൾ ഇവിടെ ജോലി ചെയ്യുന്നു. 10-ാം വാർഡിൽ പ്രവർത്തിക്കുന്ന ഖാദി കേന്ദ്രത്തിൽ 40 സ്ത്രീകൾ ജോലി ചെയ്യുന്നു. ഇവരുടെ വരുമാനം വളരെ പരിമിതമാണ്.

പൊതുപ്രവർത്തനരംഗത്തെ സ്ത്രീകളുടെ സ്ഥാനം പരിശോധിച്ചാലുംവളരെ പരിതാപകരമായ ചിത്രമാണ് പഞ്ചായത്തിൽ നിലനിൽക്കുന്നത്. വനിതകൾ നേതൃത്വം കൊടുക്കുന്ന സാമൂഹ്യ സംഘടനകളും ട്രേഡ് യൂണിയനുകളും സർവീസ് സംഘടനകളും തീരെ ഇല്ലെന്നു കാണാം. ഇത്തരം സംഘടനകളിൽ നേതൃത്വമേറ്റെടുക്കാനും ദൈനംദിന പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും സ്ത്രീകൾ മടികാണിക്കുന്ന അവസ്ഥയാണുള്ളത്. വീട്ടുകാരുടെ സമ്മതം ലഭിക്കാത്തതും വീട്ടുജോലികളും പൊതുപ്രവർത്തനവും ഒന്നിച്ച് കൊണ്ടുപോകാൻ കഴിയാത്തതും ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാം. തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളെ തുടർന്ന് ഈ അവസ്ഥക്ക് ചെറിയ മാറ്റം വരാൻ തുടങ്ങിയിട്ടുണ്ട്. സ്ത്രീകളെ പൊതുരംഗത്തേക്ക് ആകർഷിക്കാൻ പഞ്ചായത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്.

രാജ്യത്ത് പൊതുവെ വർദ്ധിച്ചുവരുന്ന സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങളും സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളും കുടുംബകലഹങ്ങളുടെ പേരിലുള്ള ആത്മഹത്യകളും പഞ്ചായത്തിൽ പൊതുവെ കുറവാണ്.

പ്രശ്നങ്ങൾ സാദ്ധ്യതകൾ

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ വനിതാരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. വിദ്യാഭ്യാസ, ആരോഗ്യ രംഗങ്ങളിലെ പിന്നോക്കാവസ്ഥ

2. തൊഴിൽ സാധ്യതകളുടെ കുറവും കൂലിയിലുള്ള വിവേചനങ്ങളും

3. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുവാനുള്ള സൗകര്യമില്ലായ്മ.

4. പൊതുപ്രവർത്തനരംഗത്തെ പങ്കാളിത്തക്കുറവും നേതൃത്വരംഗത്തുനിന്നു മാറിനിൽക്കുന്ന അവസ്ഥയും

5. സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ടുണ്ടാകുന്ന കുടുംബപ്രശ്നങ്ങൾ.

6. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന പരസ്യങ്ങൾ

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകുകയും സ്ത്രീകളെ ബാധിക്കുന്ന പ്രത്യേകരോഗങ്ങൾ ചികിത്സിക്കാനുള്ള ഡോക്ടർമാരുടെയും ഗൈനക്കോളജിസ്റ്റുകളുടെയും സേവനം പഞ്ചായത്തിൽ ലഭ്യമാക്കണം.

ഗ്രാമീണ സ്ത്രീകളിൽ സ്വയം തൊഴിൽ ഗ്രൂപ്പുകളുടെ രൂപീകരണം പ്രോൽസാഹിപ്പിക്കുക സ്ത്രീകളുടെ ചെറുകിട സമ്പാദ്യ വായ്പാ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഈ സമ്പാദ്യത്തിൽ നിന്ന് ലഭിക്കുന്ന തുക സ്ത്രീകളുടെ വായ്പാവശ്യങ്ങൾക്ക് ഉപയോഗികൃകുകയും ഇതോടൊപ്പം സർക്കാർ സഹായവും ഉപയോഗിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. സ്കൂൾ സൊസൈറ്റികൾ ലക്ഷ്യം വെച്ചുള്ള നോട്ടു ബുക്കുകൾ, റെഡിമെയ്ഡുടുപ്പുകൾ, കുടകൾ, കുട്ടികൾക്കാവശ്യമായ ബാഗുകൾ എന്നിവ നിർമ്മിക്കാനുള്ള സാധ്യത നിലനില്കുന്നു.

പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന മൺപാത്ര വ്യവസായം, തുണിനെയ്ത്ത്, കയർ എന്നീ രംഗങ്ങളിൽ പുത്തൻ സാങ്കേതിക വിദ്യകളുപയോഗിച്ച് നവീകരണമുണ്ടാക്കി സ്ത്രീതൊഴിലാളികൾക്ക് മുൻഗണന നല്കുകയും ചെയ്യുക.

പുരയിടകൃഷിവികസനവുമായി ബന്ധപ്പെട്ട സഹക രണസ്ഥാപനങ്ങൾ സ്ത്രീകളുടെ നേതൃത്വത്തിൽ ആരംഭിച്ച് പ്രവർത്തിക്കുക.

പട്ടികജാതി വിഭാഗങ്ങളുടെ പരമ്പരാഗത തൊഴിലു കളായ പായ, കുട്ട, വട്ടി, മുറം എന്നിവയുടെ നിർമ്മാണത്തിന് സ്ത്രീകളുടെ സഹകരണംസംഘങ്ങൾ രൂപീകരിക്കുകയും വിപണന സാധ്യത ഉറപ്പ് വരുത്തുകയും ചെയ്യുക.

സ്ത്രീകളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് ഖാ ദി ബോർഡുമായി ബന്ധപ്പെട്ട് സോപ്പ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും വിപണനത്തിന് ഖാദി ബോർഡിനെ ഏൽപ്പിക്കുകയും ചെയ്യുക.

സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനങ്ങൾ നല്കുക.

സ്ത്രീകളെ പൊതുരംഗത്തേക്ക് ആകർഷിപ്പിക്കാൻ സഹായകമാകുന്ന വിധത്തിൽ നേതൃത്വ പരിശീലന ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും വാർഡുതലത്തിൽ സംഘടിപ്പിക്കുക.

വിപണന സാധ്യത പരിശോധിച്ച് പപ്പട നിർമ്മാണം, മെഴുകുതിരി നിർനമആണം പ്ലാസ്റ്റിക്ക് നിർമ്മാണം എന്നിവക്കാവശ്യമായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തുക.

വിധവകൾ, വികലാംഗരായ വനിതകൾ, എന്നിവർക്ക് വേണ്ടി പ്രത്യേക തൊഴിൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

സ്ത്രീകൾക്കുവേണ്ടി വായനാശാലകൾ, ഗ്രന്ഥാശാലകൾ ഇവ സ്ഥാപിക്കുകയും ഇവയെ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുക.

പഞ്ചായത്തിലെ 16 അംഗൻവാടികളിൽ ഇന്ദിരാ മഹിളാകേന്ദ്രയുടെ യൂണിറ്റുകൾ പ്രാഥമിക പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വനിതകളുടെ ക്ഷേമത്തിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനം നടത്താൻ 5000 രൂപ ഓരോ കേന്ദ്രത്തിനും സഹായധനം പ്രതീക്ഷിക്കുന്നു. മഹിളാ സ്വസ്ഥസംഘത്തിന്റെ 2 യൂണിറ്റുകൾ 9-ാം വാർഡിലും അഞ്ചാം വാർഡിലും ആരംഭിച്ചിട്ടുണ്ട്. ഒരു യൂണിറ്റ് കൂടി 7-ാം വാർഡിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീകളുടെ ആരോഗ്യപരമായ പ്രശ്നങ്ങളിൽ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഈ സംഘടനയിലെ അംഗങ്ങൾ നടത്തുന്നു.

മേൽ പറഞ്ഞ രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക പദവികൾ മെച്ചപ്പെടുത്താനും അതിലൂടെ മൊത്ത ജനവീഭാഗത്തിന്റെ സ്ഥിതി മെച്ചപ്പെടുത്താനും ഒരു പരിധിവരെ സാധിക്കുമെന്ന് ഉറപ്പാണ്.

പട്ടികജാതി ക്ഷേമം

വർഷങ്ങളായി സാമ്പത്തികമായും സാമൂഹികമായും പിന്നണിയിൽ നിന്നവരാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പെടുന്ന ജനങ്ങൾ സവർണ്ണ വിഭാഗത്തിന്റെ പല രൂപത്തിലുള്ള പീഢനങ്ങൾ നൂറ്റാണ്ടുകളായി ഏറ്റു വാങ്ങേണ്ടി വന്ന വരാണിവർ. ഒരേ വഴിയിലൂടെ നടക്കാൻ പോലും അവസരം ലഭിക്കാതിരുന്ന ഈ വിഭാഗങ്ങൾ അടുത്ത കാലത്തായി മറ്റു സാമൂഹിക വിഭാഗങ്ങൾ ക്കൊപ്പംമെത്താൻ തീവ്രശ്രമം നടത്തുകയാണ്.

കേരളത്തിൽ നടപ്പാക്കിയ ഭൂപരിഷ്കരണ നിയമത്തിലൂടെ കുടികിടപ്പവകാശം ലഭിക്കുകയും സർക്കാർ സഹായത്തിലൂടെ വിദ്യാഭ്യാസം നേടുകയും നിലവിലുള്ള സംവരണ നിയമത്തിന്റെ സഹായത്തോടെ സർക്കാർ ജോലി ലഭിക്കുകയും ചെയ്തു തുടങ്ങിയതോടെ ഇവരുടെ ജീവിത രീതിയിൽ മാറ്റം വന്നു തുടങ്ങിയിട്ടുണ്ട്. എല്ലാ ജന വിഭാഗങ്ങളെയും തുല്യരായി കാണാൻ കഴിഞ്ഞാൽ മാത്രമേ ഏതൊരു സമൂഹത്തിനും പരിഷ്കൃത സമൂഹമെന്ന് അഭിമാനിക്കാൻ കഴിയൂ.

1991 ലെ സെൻസസ് അനുസരിച്ച് നടുവണ്ണൂർ ഗ്രാമ പഞ്ചായത്തിൽ 1402 പുരുഷൻമാരും 1334 സ്ത്രീകളും പട്ടികജാതിക്കാരായുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർ ആരും തന്നെ ഈ പഞ്ചായത്തിലില്ല. മൊത്തം ജനസംഖ്യയുടെ 12.2% പട്ടികജാതിക്കാരാണ്. സ്കൂൾ വിദ്യാർത്ഥികളുടെ കണക്കു പരിശോധിച്ചാൽ പഞ്ചായത്തിലെ 9 വിദ്യാലയങ്ങളിലായി 469 പട്ടിക ജാതി വിദ്യാർത്ഥികൾ പഠിക്കുന്നു. ഇത് ആകെ വിദ്യാർത്ഥികളുടെ 11.34% ആണ്. മൊത്തം ജനസംഖ്യ യിൽ സ്ത്രീകളുടെ എണ്ണം കൂടുതലാണെങ്കിൽ പട്ടികജാതി വിഭാഗത്തിൽ സ്ത്രീകൾ കുറവായയി കാണുന്നു.

വിദ്യാഭ്യാസ രംഗത്ത് ഈ വിഭാഗം ഏറ്റവും പിന്നോക്കമാണ്. വീടുകളിൽ പഠനത്തിന് സഹായകമായ അന്തരീക്ഷമില്ലാത്തത് ഒരു കാരണമാണ്. അതിനാൽ പഠന നിലവാരം പൊതുവെ മോശമാണ്. സർക്കാരിൽ നിന്ന് ലഭിക്കുന്ന ഉച്ചഭക്ഷണം ഈ വിഭാഗത്തെ സ്കൂളിലേക്കാകർഷിക്കുന്നു. എന്നാൽ ഇന്ന് ലഭിക്കുന്ന ലംപ്സം ഗ്രാൻറ് തുക പാഠ പുസ്തകങ്ങൾ വാങ്ങാൻ പോലും തികയാറില്ല. ചെറു പ്രായത്തിൽ തന്നെ രക്ഷിതാക്കളെ തൊഴിലുകളിൽ സഹായിക്കേണ്ടി വരുന്നതും ഈ വിഭാഗത്തിന്റെ പഠനത്തെ ബാധിക്കുന്നു. 1990-91ൽ നടന്ന സാക്ഷരതാ ക്ലാസുകളിലെ പഠിതാക്കളിൽ നല്ലൊരു ഭാഗം പട്ടികജാതി വിഭാഗത്തിൽ പെട്ടവരായിരുന്നു എന്നത് ഈ രംഗത്തെ അവരുടെ പിന്നോക്കാവസ്ഥ കൂടുതൽ വ്യക്തമാക്കും.

ആരോഗ്യം

ആരോഗ്യരംഗത്തും ഈ വിഭാഗം മറ്റുള്ളവരെ അപേക്ഷിച്ച് പിന്നോക്കമാണ്. പോഷകാഹാരകുറവ്, വൃത്തി ഹീനമായ വീടും പരിസരവും, പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത, വേണ്ടത്ര ജലം ലഭിക്കാത്ത അവസ്ഥ എന്നിവ ആരോഗ്യരംഗത്തെ പിന്നോക്കാ വസ്ഥക്ക് കാരണമാണ്. പഞ്ചായത്തിലെ സർക്കാർ ചികിത്സാ സംവിധാനത്തിന്റെ അപര്യാപ്തതയും ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാം.

തൊഴിൽ

പണ്ടു മുതൽ കാർഷിക മേഖലയിലും പരമ്പരാഗത തൊഴിലുകളിലുമാണ് ഇവർ ഏർപ്പെട്ടിരുന്നത്. ആ രംഗത്ത് തൊഴിൽ സാധ്യത കുറഞ്ഞു വരികയാണ്. അസംസ്കൃത വസ്തുക്കളുടെ അഭാവവും വിപണനം ചെയ്യാനുള്ള പ്രയാസങ്ങളും പരമ്പരാഗത തൊഴിലു കളിൽ നിന്ന് പിൻവാങ്ങാൻ പ്രേരിപ്പിക്കുന്നു. ഏറെ തൊഴിൽസാധ്യതകളുള്ള സ്വകാര്യവിദ്യാലയങ്ങളിൽ അധ്യാപക ജോലി ചെയ്യുന്ന ഹരിജനങ്ങൾ തീരെ ഇല്ല എന്ന വസ്തുതയും പ്രധാനമാണ്. IRDP പദ്ധതിയിലൂടെ ഈ വിഭാഗങ്ങൾക്ക് തൊഴിൽ നല്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നണ്ടെങ്കിലും വേണ്ടത്ര ഫലപ്രാപതിയായിട്ടില്ല.

പട്ടിക ജാതിക്കാർക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രണ്ട് സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

1. പട്ടികജാതി സഹകരണസംഘം– രണ്ട് ലക്ഷം രൂപാ സഹായധനമായി കിട്ടിയിട്ടുണ്ടെങ്കിലും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

2. നടുവണ്ണൂർ പട്ടികജാതി ഗ്രാമവ്യവസായ സഹകരണ സംഘം– 1992 ൽ രജിസ്റ്റർ ചെയ്തു. പരിമിതമായ ഗ്രാൻറ് ലഭിച്ചതല്ലാതെ മറ്റു സർക്കാർ സഹായങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

കോളനികൾ

പഞ്ചായത്തിൽ 10 ഹരിജൻ കോളനികളും 5 ലക്ഷം വീട് കോളനികളുമുണ്ട്. ലക്ഷം വീടുകൾ മിക്കതിലും താമസിക്കുന്നത് ഹരിജനങ്ങളാണ്. മിക്കവയും കുന്നിൻ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നു. ലക്ഷം വീടുകൾ ശോചനീയമായ അവസ്ഥയിലാണ്. പലതും പഴകി പൊളിഞ്ഞു വീഴാറായവയും പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത വയുമാണ്. ഹരിജൻ കോളനികളെ പറ്റിയുള്ള വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

മറ്റു സൗകര്യങ്ങൾ

8–ാം വാർഡിൽ ഹരിജനങ്ങൾക്കു മാത്രമായി ഒരു ശ്മശാനമുണ്ട്. കയ്യേറ്റക്കാരുടെ ശല്യംമൂലം ഇത് ഓരോ വർഷവും ചുരുങ്ങി വരുന്നു. ശ്മശാനം ചുറ്റു മതിൽ കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. 10–ാം വാർഡി ലെ ശ്മശാനത്തിൻെറ അവസ്ഥയും ഇതു തന്നെ.

അയിത്തം കൊടുമ്പിരിക്കൊണ്ടിരുന്ന കാലത്തും ഹരിജനങ്ങൾ ആരാധനയും ഉത്സവങ്ങളും നടത്തി വന്നിരുന്ന പ്രധാനമായ ഹരിജൻ ക്ഷേത്രമാണ് മൂന്നാം വാർഡിലുള്ള പൊന്നമ്പത്ത് കാവ് ക്ഷേത്രം. ഇത് സംരക്ഷിക്കേണ്ടത് ആവശ്യമാണ്.

പട്ടികജാതി വിഭാഗങ്ങളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നത് ഹരിജനങ്ങളാണ്.അവരുടെ ഇടയിൽ സർക്കാർ ഉദ്യോഗം ലഭിച്ച ഒരു ചെറിയ വിഭാഗത്തിന് മറ്റുള്ള വരോടൊപ്പം സ്ഥാനമുണ്ടെങ്കിലും ഭൂരിപക്ഷ ത്തിൻെറയും അവസ്ഥ വളരെ പരിതാപകരമാണ്. വിവാഹാഘോഷങ്ങളിലും മറ്റും ഉയർന്ന ജാതിക്കാർ വളരെ ചെറിയ തോതിൽ മാത്രമേ പങ്കെടുക്കുന്നുള്ളൂ. വിദ്യാഭ്യാസം, തൊഴിൽ, വരുമാനം എന്നിവ വർ ദ്ധിക്കുന്നതിലൂടെ മാത്രമേ ഈ അവസ്ഥക്കു മാറ്റം വരികയുള്ളൂ.

ബഹുജനസംഘടനകളുടെ നേതൃത്വം പരിശോ ധിച്ചാലും സ്ഥിതി വളരെ ശോചനീയമാണ്. അവരിൽ ശ്രീ. എം.വി. മാധവൻ മാത്രമാണ് സാമൂഹ്യ പ്രവർത്തകനെന്ന നിലയിൽ പഞ്ചായത്തിൽ നിന്നും ഉയർന്ന പദവിയിൽ എത്തിയത്.

പ്രശ്നങ്ങൾ, സാധ്യതകൾ

1. പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം പരിമിതമാണ്. ഇത് വർദ്ധിപ്പി ക്കണം.

2. ട്യൂട്ടോറിയൽ കൊളജുകളിൽ ചേർന്ന് പഠിക്കാൻ സാമ്പത്തിക സഹായം നല്കുന്ന പദ്ധതി നിലവിലുണ്ട്. തുക പലപ്പോഴും ലാപ്സാകുന്നു. ഈ സഹായത്തെ പറ്റി ബോധവൽക്കരണം വേണം.

3. ആരോഗ്യരംഗത്തെ പ്രധാന പ്രശ്നങ്ങൾക്ക് കാരണം പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും മോശപ്പെട്ട ചുറ്റു പാടുകളുമാണ്.

4.കോളനികൾ ഒന്നും വേണ്ട സൗകര്യ ങ്ങളു ള്ളവയല്ല. വെള്ളം, വൈദ്യുതി, റോഡുകൾ എന്നിവ ലഭ്യമാക്കണം. പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെ ടുത്തണം.

5. പായ കെട്ടുന്ന കൈതയോലകൾ സംരക്ഷി ണം. കൈതച്ചെടികൾ വെട്ടി നശിപ്പിക്കുന്ന അവസ്ഥ യുണ്ട്. അത് നിർത്തി കൈതോലകൊണ്ട് വീട്ടുപ കരണങ്ങൾ നിർമ്മിക്കാനും അത് ആകർഷക മാക്കാനും പുത്തൻ സാങ്കേതിക വിദ്യകൾ പരിചയ പ്പെടുത്തണം. സഹകരണാടിസ്ഥാനത്തിൽ ഈ തൊഴിലുകൾ ചെയ്യാൻ സംവിധാനം വേണം. വിപ ണന സാധ്യതകൾ കണ്ടെത്തണം.

6. കിണർ കുഴിക്കാനുള്ള സാമ്പത്തികസഹായം ലഭിക്കാൻ 35 സെൻറ് ഭൂമിയെങ്കിലും നിർബ ന്ധമാക്കുന്ന കൃഷിഭവൻ നിയമങ്ങൾ നിലനില്കുന്നു. ഇത് പട്ടിക വർഗ്ഗക്കാർക്ക് ദോഷകരമാണ്. ഈ നിയമ ങ്ങൾ മാറ്റണം.

7. മിശ്ര വിവാഹിതരാകുന്ന പട്ടികവർഗ്ഗക്കാർക്ക് പലതരം പീഢനങ്ങൾ സഹിക്കേണ്ടി വരുന്നു. അത്തരക്കാർക്ക് ആവശ്യമായ സഹായങ്ങൾ നല്കണം. സ്വയം തൊഴിൽകണ്ടെത്താൻ ഗ്രാൻറുകളും പലിശയില്ലാ വായ്പയും ലഭ്യമാക്കണം.

8. ഗ്രാമ പഞ്ചായത്തിലെ ഹരിജൻ ശ്മശാനങ്ങൾ സംരക്ഷിക്കണം.

9. അന്ധവിശ്വാസങ്ങൾ അകറ്റാൻ വാർഡ് തലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.

10. ബ്ലോക്കാപ്പീസിലെ റിക്കാർഡിലെ IRDP സർവ്വെ പ്രകാരം 140 പട്ടികജാതി കുടുംബങ്ങൾ ദാരിദ്ര രേഖക്കു താഴെ കഴിയുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇപരെ ഉയർത്തിക്കൊണ്ടു വരാൻ പ്രത്യേക തൊഴിൽ പദ്ധതികൾ വേണം.

11. ഒറ്റപ്പെട്ട വീടുകളിൽ കഴിയുന്നവർക്കു കോളനി നിവാസികൾക്കുള്ള സൗകര്യങ്ങൾ ലഭിക്കണം.

12. കുളങ്ങൾ ഉപയോഗപ്പെടുത്തി മത്സ്യം വളർത്താനും വിപണനം നടത്താനും സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

13. സ്വയം തൊഴിൽ പദ്ധതികൾക്ക് സ്വന്തം ഭൂമിയുടെ ഈടിൽ പലിശയില്ലാ വായ്പ ലഭ്യമാക്കണം.

മാനേജ്മെൻറ് സ്ഥാപനങ്ങളിൽ 30% തൊഴിലെങ്കിലും പിന്നോക്ക വിഭാഗങ്ങൾക്കായി സംവരണം ചെയ്യണം.

ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി കോളനികളും IHDPകോളനികളായി പ്രഖ്യാപിച്ച് സഹായങ്ങൾ ലഭ്യമാക്കണം.

മുഴുവൻ പിന്നോക്ക വിഭാഗ കുടുംബങ്ങൾക്കും പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ സൗകര്യങ്ങൾ ഉണ്ടാക്കണം. എല്ലാവർക്കും ഇതിന് ഗ്രാൻറ് നൽകണം.

പിന്നോക്ക വിഭാഗക്കാർ താമസിക്കുന്ന ലക്ഷം വീടുകൾപുതുക്കി പണിയാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

വിവാഹ സഹായം 10,000 രൂപയായി ഉയർത്തണം. ബോധവൽക്കരണത്തിലൂടെ ശുചിത്വ നിലവാരം ഉയർത്തണം.

പിന്നോക്ക വിഭാഗങ്ങൾക്കുള്ള സഹായ പദ്ധതികൾ മുഴുവൻ ഗ്രാമപഞ്ചായത്തു വഴി നടപ്പിലാക്കണം.

പകലന്തിയോളം പാടത്തും പറമ്പിലും പണി ചെയ്ത് ഇതര വിഭാഗങ്ങൾക്ക് ഭക്ഷണവും മറ്റു സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്ന ഈ വിഭാഗത്തിൻെറ ഉന്നമനം നമ്മുടെ രാഷ്ട്രപിതാവിൻെറ സ്വപനമായിരുന്നെങ്കിലും, പലതും വിസ്മരിച്ചത്പോലെ നാമിതും മറന്നു പോയി. പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടിയുള്ള പദ്ധതികൾ ഒട്ടും വൈകാതെ നടപ്പിലാക്കേണ്ടതുണ്ട്.

നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്
കോളനികളെപ്പറ്റിയുള്ള വിവരങ്ങൾ

നമ്പർ	കോളനിയുടെ പേര്	വെള്ളം	വീട്	വൈദ്യുതി	ഗതാഗതം
1	ചെറേക്കുഴിയിൽ	✓	✓	×	×
2	കീക്കോട്ടുകടവ്	×	✓	✓	✓
3	കുന്നത്ത്നറോൽ പൊറായിൽ	✓	✓	×	×
4	മാപ്പറ്റ മീത്തൽ	×	✓	×	✓
5	പുല്ലരിക്കുന്നത്ത്	✓	✓	×	✓
6	ഉടുമ്പമല	×	✓	×	×
7	വില്ല്യന്നിമല	×	×	×	✓
8	കരുവണ്ണൂർ	✓	×	×	✓
9	കെടത്തോത്ത്മീത്തൽ	✓	✓	✓	✓
10	പുളിയാൽമീത്തൽ IHDP	×	✓	×	✓

അവലംബം : ബ്ലോക്ക് ഓഫീസ് രേഖകൾ

സഹകരണമേഖല

ഇന്ത്യയിൽ ഭക്ഷണക്ഷാമം കൊടുമ്പിരിക്കൊള്ളുമ്പോൾ, കർഷകരിൽ നിന്ന് ഭക്ഷ്യ ധാന്യങ്ങൾ സംഭരിക്കാനും, അത് മിതമായ വിലയ്ക്ക് സാമാന്യ ജനങ്ങൾക്ക് വിതരണം ചെയ്യാനും വേണ്ടി സ്ഥാപിതമായ പി.സി.സി. (Producers'-cum'Consumers' Co-operative) സൊസൈറ്റികളിൽ ഒന്ന് 1946 ൽ നടുവണ്ണൂരിൽ സ്ഥാപിക്കാപ്പെട്ടു. 7 വില്ലേജുകൾ പ്രവർത്തന പരിധിയായി ശ്രീ. വി.പി. കുഞ്ഞിരാമൻ കിടാവ് തുടങ്ങിയവർ മുൻകൈയ്യെടുത്ത് സ്ഥാപിച്ച പ്രസ്തുത സ്ഥാപനമാണ് നടുവണ്ണൂരിലെ ആദ്യത്തെ സഹകരണ സ്ഥാപനം. ഭക്ഷ്യ ധാന്യ സംഭരണം ഇവിടങ്ങളിൽ അത്യാവശ്യമല്ലാതായതു മുതൽ അത് റൂറൽ കോ-ഓ. ബേങ്കായും 1954 മുതൽ നടുവണ്ണൂർ റീജനൽ കോ-ഓ. ബേങ്കായും മാറ്റപ്പെട്ടു. കാർഷികവും കാർഷികേതരവുമായ വായ്പകൾ നൽകുന്നതിനും, മറ്റ് ബേങ്കിങ്ങ് പ്രവർത്തനങ്ങൾ നടത്തുന്നതിനും, ചിറ്റ് ഫണ്ടുകൾ, റേഷൻ ഷാപ്പുകൾ, വളം ഡിപ്പോകൾ തുടങ്ങിയവ നടത്തുന്നതിനും മറ്റുമാണ് അത് പിന്നീട് ഉപയുക്തമായത്.

1947 ൽ കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘം സ്ഥാപിതമായി. അതാണ് ഇന്നത്തെ നടുവണ്ണൂർ ഹേൻഡ്ലൂം വീവേർസ് കോ-ഓ. സൊസൈറ്റി. ഒരു കാലത്ത് ഈ സ്ഥാപനം പ്രശസ്തമായ നിലയിൽ നടത്തെപ്പെട്ടിരുന്നു.

പിന്നീട് നടുവണ്ണൂരിൽ സ്ഥാപിതമായ ഐക്യനാണയ സംഘമാണ്, 1954 ൽ നടുവണ്ണൂർ സർവ്വീസ് കോ-ഓ. സൊസൈറ്റിയായും 1973 ൽ നടുവണ്ണൂർ സർവ്വീസ് കോ-ഓ. ബേങ്കായും വളർന്നത്. റീജനൽ കോ-ഓ. ബേങ്കുപോലെ അതും വിവിധ മേഖലകളിൽ സേവനമനുഷ്ഠിച്ചിരുന്നു.

1959 ൽ നടുവണ്ണൂർ വില്ലേജ് ഓയിൽ വർക്ക്സ് ഇൻഡ. കോ-ഓ. സൊസൈറ്റി സ്ഥാപിതമായി.

1982 ൽ ഒറവിൽ കാർപ്പെൻട്രി ഇൻഡ. കോ-ഓ. സൊസൈറ്റി നടുവണ്ണൂരിൽ പ്രവർത്തന മാരംഭിച്ചു.

1988 ൽ നടുവണ്ണൂർ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം സ്ഥാപിതമായി.

1991 ൽ കാവുന്തറ ക്ഷീരോൽപ്പാദക സഹകരണ സംഘവും 1992 ൽ കരുമ്പാപ്പൊയിൽ ക്ഷീരോൽപ്പാദക സഹകരണ സംഘവും സ്ഥാപിതമായി.

അതിനു മുമ്പ് മന്ദങ്കാവിൽ സ്ഥാപിക്കപ്പെട്ടിരുന്ന അയിനിക്കാട് വിവിധോദ്ദേശ ഐക്യനാണയ സംഘം, സർവ്വീസ് സഹകരണ സംഘമായി മാറ്റപ്പെട്ടുവെങ്കിലും, നഷ്ടം നിമിത്തം പ്രവർത്തന രഹിതമാവുകയും, തുടർന്ന് ഉള്ളിയേരി സർവ്വീസ് ബേങ്കിൽ ലയിപ്പിക്കപ്പെടുകയും, അതിന്റെ പ്രവർത്തനം ഉള്ളിയേരി പഞ്ചായത്തിൽ മാത്രമായിത്തീരുകയും ചെയ്തു.

അതിനിടയിൽ മന്ദങ്കാവിൽ സ്ഥാപിതമായ നടുവണ്ണൂർ കയർ വ്യവസായ സഹകരണ സംഘം, അതിന്റെ ആപ്പീസും മുഖ്യമായ പ്രവർത്തനവും ഉള്ളിയേരി പഞ്ചായത്തിലെ കക്കഞ്ചേരിയിലേക്ക് മാറ്റപ്പെട്ടു. അതിന്റെ ഏതാനും മെമ്പർമാരും കുറെ തസ്തികകളും ഇപ്പോൾ നടുവണ്ണൂരിൽ അവശേഷിച്ചിട്ടുണ്ട്.

ഖാദിബോർഡിന്റെ കീഴിൽ ഏതാനും വർഷങ്ങൾക്കു മുമ്പ് നടുവണ്ണൂരിൽ സ്ഥാപിതമായ തീപ്പെട്ടി നിർമ്മാണ സഹകരണ സംഘം കുറച്ചു കാലത്തെ പ്രവർത്തനത്തിനുശേഷം നാമാവശേഷമായി.

പിന്നീട് റജിസ്റ്റർ ചെയ്യപ്പെട്ട സെറികൾച്ചർ കോ-ഓ. സൊസൈറ്റി പ്രവർത്തനം തുടങ്ങിയിട്ടില്ല.

നടുവണ്ണൂർ പഞ്ചായത്ത് കൂടി പ്രവർത്തന മേഖലയായിട്ടുള്ള വനിതാ സഹകരണസംഘം കുറെക്കാലം ഒറവിൽ പ്രവർത്തിച്ചുവെങ്കിലും പിന്നീട് പ്രവർത്തന രഹിതമായി.

കൂടാതെ കരുവണ്ണൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഐക്യനാണയ സംഘം ഏതാനും ദശകങ്ങൾക്കു മുമ്പ് ലിക്വിഡേറ്റ് ചെയ്യപ്പെട്ടു.

ഖാദി ബോർഡിൻ കീഴിൽ മറ്റൊരു പട്ടിക ജാതികുടിൽ വ്യവസായ സഹകരണ് സംഘം നടുവണ്ണൂരിൽ സ്ഥാപിക്കുകയും സ്വന്തം കെട്ടിടം പണിയിക്കുകയും ചെയ്തിട്ടുണ്ടെക്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ല.

കൂടാതെ ഈ പഞ്ചായത്ത് കൂടി പ്രവർത്തന പരിധിയിലുൾപ്പെടുന്ന, കൊയിലാണ്ടി താലൂക്ക് മാർക്കറ്റിംഗ് സൊസൈറ്റി, ഭൂവികസന ബേങ്ക് ഭവന നിർമ്മാണ സഹകരണസംഘം, കൺസ്യൂമേഴ്സ് സൊസൈറ്റി, തുടങ്ങിയവയിലും ഇവിടുത്തുകാർ ഷെയറെടുക്കുകയും ഇടപാടുകൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നിട്ടുണ്ട്.

എന്നാൽ താലൂക്ക് സഹകരണ ഭൂവികസന ബേങ്കല്ലാതെ മറ്റു സഹകരണ സ്ഥാപനങ്ങളെല്ലാം നഷ്ടത്തിലോ നാമമാത്രമായ ലാഭത്തിലോ പ്രവർത്തിക്കുന്നവയാണ്. അതിനു മുഖ്യമായ കാരണങ്ങൾ താഴെപ്പറയുന്നവയാണ്. ഒന്ന്, അവയുടെ നടത്തിപ്പ് ചിലവ് താങ്ങാൻ കഴിയാത്തതാണ്. അതിനു കാരണം, വില വർദ്ധനയും വേതന വർദ്ധനവും, ചെറിയ തുകകളുടെ ഇടപാടുകളും, തിരിച്ചടവിൽ വരുന്ന വീഴ്ചകളുമാണ്. രണ്ട്, കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലും മറ്റുമുള്ള ചേരിതിരിഞ്ഞുള്ള മത്സരങ്ങളും ഭാരിച്ച തിരഞ്ഞെടുപ്പ് ചെലവുകളുമാണ്. മൂന്ന്, മറ്റ് സ്ഥാപനങ്ങളുടെ ഇടപാടുകളിലുള്ള മത്സരവും കമ്പോള മത്സരവുമാണ്. നാല്, നടത്തിപ്പുകാരുടെ പോരായ്മകളും നടത്തിപ്പിലുള്ള തകരാറുകളുമാണ്. ചിലമേഖലകളിലെ സ്വാർത്ഥ തൽപ്പരതയും അഴിമതികളും മറ്റൊരു കാരണമാണ്. സർക്കാർ യഥാസമയം റിബേറ്റ് തുക നൽകാത്തതും മറ്റ് സബ്സിഡികൾ നൽകാത്തതും വേറൊരു കാരണമാണ്.

അതുകൊണ്ട് മേൽപ്പറഞ്ഞ ദോഷകരമായ നയങ്ങളും നടപടികളും ഇല്ലായ്മ ചെയ്താൽ മാത്രമേ സഹകരണ പ്രസ്ഥാനം കൊണ്ട് നേട്ടങ്ങൾ കൈവരിക്കാൻ കഴിയുകയുള്ളു.

ഗ്രാമസഭകളിലെല ചർച്ചകളിൽനിന്ന് ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. ഇവിടെനിന്ന് വിദേശത്ത് പോയിട്ടുള്ളവരുടെ നിക്ഷേപങ്ങളും, പഞ്ചായത്തിന്റെ നിക്ഷേപങ്ങളും പട്ടകജാതിക്കാരുടെ ക്ഷേമ പദ്ധതികൾ സംബന്ധിച്ച നിക്ഷേപങ്ങളും സഹകരണ ബേങ്കുകൾ സമാഹരിക്കുക.

2. സഹകരണസംഘങ്ങൾ കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുക.

3. വായ്പാ വിതരണ ചട്ടങ്ങൾ ലഘൂകരിക്കുകയും പലിശനിരക്ക് കുറക്കുകയും, വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും, ഈട് നൽകേണ്ട ഭൂമിയുടെ വിസ്തൃതി ചുരുക്കുകയും, കാർഷികേതര വായ്പകൾ കൂടുതൽ ലഭ്യമാക്കുകയും ചെയ്യുക.

4. സഹകരണ സ്ഥാപനങ്ങളിലെ നിയമനം മെറിറ്റടിസ്ഥാനത്തിലാക്കുക, ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കാൻ പ്രത്യക ഏജൻസിയെ നിശ്ചയിക്കുക.

5. സഹകരണ സ്ഥാപനങ്ങളുടെ നടത്തിപ്പിലും ഭരണസമിതി തിരഞ്ഞെടുപ്പിലും രാഷ്ട്രീയാതിപ്രസരം ഒഴിവാക്കുക.

6. നടുവണ്ണൂർ കയർ വ്യവസായ സഹകരണ സംഘത്തിന്റെ ഒരു (ശാഖ വർക്ക്) ഷെഡ് മന്ദങ്കാവിൽ സ്ഥാപിക്കുക.

7. ഒരു ചകരി സംസ്കരണ ശാല സ്ഥാപിക്കുക.

8. ഒരു കയർ വ്യവസായ സഹകരണ സംഘം കൂടി സ്ഥാപിക്കുക, പുഴ പുറമ്പോക്ക് ഉപയോഗപ്പെടുത്തുക.

9. പുതിയ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കുക, ഇന്നുള്ളവയുടെ പ്രവർത്തന പരിധി വിപുലമാക്കുക, ആവശ്യമുള്ള പ്രദേശത്ത് ശാഖകൾ സ്ഥാപിക്കുക, ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുക.

10. ഹോളോബ്രിക്സ് തുടങ്ങിയവ നിർമ്മിക്കുന്ന സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

11. വനിതാ സഹകരണ സംഘം സ്ഥാപിക്കുക, നിലവിലുള്ളതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക, പഴസംസ്കരണം തുടങ്ങിയവ നടത്തുക.

12. കാർപ്പൻട്രി സഹകരണ സംഘം സ്ഥാപിക്കുക, നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലീകരിക്കുക.

13. കൺസ്യൂമർ സൊസൈറ്റി സ്ഥാപിക്കുക.

14. ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.

15. ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി സ്ഥാപിക്കുക.

16. കശുവണ്ടി സംസ്കരണം, കശുമാങ്ങ സംസ്കരണം എന്നിവയ്ക്ക് സഹകരണസംഘമുണ്ടാക്കുക.

17. കരിങ്കൽച്ചില്ല് (മെറ്റൽ) നിൽമ്മാണത്തിനും

ചെങ്കൽ വ്യവസായത്തിനും സഹകരണ സംഘങ്ങളു ണ്ടാക്കുക.

18. ഒരു കാർഷിക സഹകരണ സംഘം, കാവുന്തറയിൽ സ്ഥാപിക്കുക.

19. തേനീച്ച വളർത്താൽ, കോഴി വളർത്തൽ തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ സംഘ ടിപ്പിക്കുക.

20. കൈത്തറി സഹകരണസംഘം ശക്തിപ്പെടു ത്താൻ യുക്തമായ നടപടികൾ കൈകൊള്ളുക.

21. മൺപാത്രനിർമ്മാണ സഹകരണസംഘത്തി ന്റെറ പ്രവർത്തനം മെച്ചപ്പെടുത്തുക കരകൗശല വസ്തുനിർമ്മാണം തുടങ്ങുക.

22. ഖാദി നൂൽപ്പ്, നെയ്ത്ത് എന്നിവയ്ക്ക് സഹ കരണസംഘം സ്ഥാപിക്കുക.

23. സഹകരണബാങ്കിന്റെറ കീഴിൽ ആവശ്യ മുള്ള കേന്ദ്രങ്ങളിൽ വളം വില്പന കേന്ദ്രങ്ങൾ ഏർ പ്പെടുത്തു.ക.

24. സാധ്യതയുള്ള സ്ഥലങ്ങളിൽ സഹകരണ ബേങ്കിന്റെറ ശാഖകൾ സ്ഥാപിക്കുക.

25 അത്യാവശ്യമുള്ള സ്ഥലങ്ങലിൽ സഹകരണ മാവേലിസ്റ്റോറുകൾ സ്ഥാപിക്കുക.

26. സഹകരണാടിസ്ഥാനത്തിൽ നെൽകൃഷി യും പച്ചക്കറികൃഷിയും നടത്തുക.

27. നടുവണ്ണൂർ കേന്ദ്രമായി ഒരു സഹകരണ ആശുപത്രി ആരംഭിക്കുക.

28. സഹകരണ സ്റ്റോർ ആരംഭിക്കുക.

മേൽപറഞ്ഞ കാര്യങ്ങൾ വരും വർഷങ്ങളിൽ സമയ ബന്ധിതമായി നടപ്പിലാക്കിയാൽ 150 പേർക്ക് എങ്കിലും തൊഴിൽ നല്കാനും നമ്മുടെ ഉല്പാദന മേഖലയെ പുഷ്ടിപ്പെടുത്തുവാനും സാധിക്കും.

കൈത്തൊഴിൽ സഹകരണ സംഘം രൂപീകരി ക്കുക. തൊഴിലാളി സഹകരണ സംഘം രൂപീകരി ക്കുക.

ഒരു സഹകരണാടിസ്ഥാനത്തിൽ നടുവണ്ണൂർ കേന്ദ്രീകരിച്ച് ഒരു ഹോട്ടൽ ആരംഭിക്കണം.

സഹകരണസംഘങ്ങൾ നൽകുന്ന വായ്പാ പദ്ധതികൾ കാലാകാലങ്ങളിൽ ഗ്രാമപഞ്ചായത്തു കളെ അറിയിക്കുക. ■

നിലവിലുള്ള സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച ചില വിവരണങ്ങൾ

ക്രമ നമ്പർ	പേര്	സ്ഥാപിച്ച വർഷം	ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേൺഓവർ	ലാഭമാണോ നഷ്ടമാണോ?
1.	നടുവണ്ണൂർ റീജിനൽ കോ—ഓ. ബേങ്ക്	1946	9157	6	8 കമ്മീഷൻ ഏജൻറുമാർ	381696രൂ		നഷ്ടം
2.	നടുവണ്ണൂർ സർവ്വീസ് കോ—ഓ. ബേങ്ക്	1954	2418	4	" "	137112		നഷ്ടം
3.	നടുവണ്ണൂർ ഹോൻഡ്ലൂം വീവേഴ്സ് കോ—ഓ. സൊസൈറ്റി.	1947	190	1	35	262730രൂ		ലാഭം
4.	നടുവണ്ണൂർ വില്ലേജ് ഓയിൽ വർക്കേഴ്സ് കോട്ടേജ് ഇൻഡ്. കോ—ഓ. സൊസൈറ്റി.	1959	33	1	" "	2375രൂ		നഷ്ടം.
5.	കാവുന്തറ ക്ഷീരോൽപ്പാദക സഹകരണസംഘം	1991	150	2	" "	1510രൂ		ലാഭം
6.	കരുമ്പാപ്പൊയിൽ ക്ഷീരോൽപ്പാദക സഹകരണസംഘം	1992	156	2	" "	1810രൂ		ലാഭം
7.	ഒറവിൽ കാർപ്പൻട്രി ഇൻഡസ്ട്രിയൽ കോ—ഓ. സൊസൈറ്റി	1982	65	1	8	6500രൂ 130000രൂ		നഷ്ടം
8.	നടുവണ്ണൂർ പട്ടികജാതി സഹകരണ സംഘം	1988	480	1	10	8300രൂ		നഷ്ടം
9.	നടുവണ്ണൂർ പട്ടികജാതി കുടിൽ വ്യവസായ സഹകരണ സംഘം	1992	55	1	" "	550രൂ		പ്രവർത്തനം തുടങ്ങിയിട്ടില്ല.

വിഭവ സമാഹരണം

വളരെ പിന്നോക്കാവസ്ഥയിലുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. കാര്യമായ വ്യവസായ സംരഭങ്ങളോ വാണിജ്യ കേന്ദ്രങ്ങളോ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ഒരു ചെറിയ മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റും ഏതാനും ഈർച്ച മില്ലുകളും ഫ്ലോർമില്ലുകളുമാണ് പഞ്ചായത്തിൽ ഉണ്ടെന്നു പറയാവുന്ന വ്യവസായ യൂണിറ്റുകൾ. ഈ അവികസിതാവസ്ഥ പഞ്ചായത്തിന്റെ വിഭവ സമാഹരണ സാദ്ധ്യതയെ ദരിദ്രമാക്കുന്നു.

വളരെ പ്രതീക്ഷകൾക്ക് വക നല്കികൊണ്ട് പഞ്ചായത്തിൽ ആരംഭിച്ച കോക്കനട്ട് കോംപ്ലക്സിന്റെ പ്രവർത്തി എങ്ങുമെത്താതെ കിടക്കുകയാണ്. ആയത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അധികൃതരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. കോക്കനട്ട് കോംപ്ലക്സ് ഒരു യഥാർത്ഥ്യമായാൽ അത് പഞ്ചായത്തിന്ന് ഒരു മുതൽ കൂട്ടായിരിക്കുമെന്നതിന്ന് ഒരു സംശയവുമില്ല. അതുപോലെ ചെറുകിട വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നല്കി വ്യവസായ മേഖല വിപുലീകരിക്കുന്നതിന്ന് സാധ്യമായ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

വയലുകൾ കുനിയായി മാറുകയും ഉള്ള വയലുകളിൽ തന്നെ വെള്ളത്തിന്റെ ദൗർലഭ്യവും വയലുകളിൽ കൃഷി ഉപകരണങ്ങളും വളവും എത്തിക്കുന്നതിനുതകുമാറുള്ള ഗതാഗത യോഗ്യമായ റോഡുകളുടെ അഭാവവും കാരണം കൃഷി അനുദിനം തളരുകയാണ്. പുതിയ നീർചാലുകളിൽ യഥാസമയം വെള്ളം ലഭ്യമാക്കി അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്നും, കാഡ സ്കീമിൽ ഉൾപ്പെടുത്തി സാദ്ധ്യമായ വയലുകളിൽ ഗതാഗതസൗകര്യം ഏർപ്പെടുത്തുന്നതിന്നും ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ സഹായം ലഭിക്കുന്നതിന്നുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു തുണ്ട് വയൽ പോലും കുനിയായി മാറ്റാതിരിക്കാനും, കൃഷി അന്തസ്സുള്ളതും ലാഭകരവുമായ ഒരു ഉപജീവന മാർഗ്ഗമായി അംഗീകരിക്കപ്പെടുന്നതിന്നുമുള്ള പ്രചരണ, ബോധവൽക്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ചിങ്ങം ഒന്നിന്നും നവംബർ ഒന്നിന്നും കർഷകരെ ആദരിക്കുന്നതിന്നു നടത്തിയ ചടങ്ങുകളിൽ കർഷകർ സജീവമായി പങ്കെടുക്കുകയുണ്ടായിട്ടുണ്ട്.

പഞ്ചായത്തിന്റെ തനതായ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഒരു ഷോപ്പിംങ് കോംപ്ലക്സും കമ്മ്യൂണിറ്റി ഹാളും പണിയുന്ന തിന്നാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിന്ന് തീരുമാനിച്ചിട്ടുണ്ട്. നടപ്പു വർഷം തന്നെ സ്ഥലം അക്വയർ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വാണിജ്യ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് കർശനമാക്കുകയും ലൈസൻസ് ഫീയിൽ വർദ്ധന വുണ്ടാകുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനത്തിൽ മാറ്റമുണ്ടാകും. അധികമാളുകളും ലൈസൻസ് എടുക്കുന്നത് കച്ചവടം തുടങ്ങിയതിനു ശേഷവും മറ്റാവശ്യങ്ങൾക്കു വേണ്ടി ലൈസൻസ് ഉപയോഗിക്കേണ്ടി വരുമ്പോഴുമാണ്.

നടപ്പുവർഷം റിവിഷൻ വർഷമായതുകൊണ്ട് കെട്ടിട നികുതിയിനത്തിൽ ഒരു ചെറിയ വർദ്ധവ് പ്രതീക്ഷിക്കാവുന്നതാണ്. എങ്കിലും നിലവിലുള്ള അസസ്സ്മെൻറ് രീതി മാറ്റേണ്ടിയിരിക്കുന്നു. കെട്ടിടത്തിന്റെ യഥാർത്ഥ നിർമ്മാണ ചെലവിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കാൻ കഴിഞ്ഞാലേ നീതിയുക്തമാവൂ. എന്നാൽ യഥാർത്ഥ നിർമ്മാണ ചെലവിലും എത്രയോ കുറഞ്ഞ തുക കണക്കാക്കിയാണ് ഇപ്പോൾ നികുതി നിർണ്ണയിച്ചു കൊണ്ടിരിക്കുന്നത്. പ്രവർത്തി പൂർത്തിയാകുമ്പോൾ തന്നെ അതിനു ചെലവായ യഥാർത്ഥ കണക്കും എറ്റിമേറ്റിന്റെ കോപ്പിയും സമർപ്പിക്കാൻ ഉടമയ്ക്ക് നിയമാനുസൃതമായി നിർദ്ദേശം നൽകാൻ കഴിഞ്ഞാൽ ഈ അവസ്ഥക്ക് മാറ്റമുണ്ടാക്കാനും പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാനും കഴിയും.

ഒരു സിനിമാ തിയേറ്റർ മാത്രമേ പഞ്ചായത്തിൽ ഉള്ളൂ. അതുകൊണ്ടു തന്നെ വിനോദനികുതിയിനത്തിൽ തുച്ഛമായ വരുമാനമേ പഞ്ചായത്തിനുള്ളൂ. ഈ തിയേറ്റർ അറ്റകുറ്റ പ്രവർത്തികൾക്കായി

പൂട്ടിയിട്ടിരിക്കുകയുമാണ്. ആയതിനാൽ ആ വരുമാന വും നിലച്ചിരിക്കയാണ്.

പുതിയ സിനിമാ തിയേറ്ററുകൾക്ക് പഞ്ചായ ത്തിൽ സാധ്യത കുറവാണ്. വ്യാപകമായ ടെലിവിഷൻ ഭ്രമം പഞ്ചായത്തുകളുടെ വിനോദ നികുതിയിനത്തിലെ സാധ്യതകൾക്ക് വിഘാതമായി നിൽക്കുകയാണ്. കളർ ടെലിവിഷൻ, കേബിൾ ടി.വി, എന്നിവയ്ക്ക് നികുതി ചുമത്തിയാൽ ഈ ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

തൊഴിൽ നികുതി മുഖ്യമായും സർക്കാർ ഉദ്യോ ഗസ്ഥന്മാരിൽ നിന്നാണ് ലഭിക്കുന്നത്. തൊഴിലെടു ക്കുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാ ക്കുന്നതിനുള്ള അധികാരം ഉണ്ടായാൽ തൊഴിൽ നികുതി ഇനത്തിൽ വർദ്ധനവുണ്ടാകുന്നതിന്നു പുറ മേ പഞ്ചായത്തിലെ തൊഴിമാളികളുടെ (തൊഴിലെടു ക്കുന്നവരുടെ) എണ്ണം ലഭ്യമാകുന്നതിനും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും കഴിയും.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്ന തിന്ന് താഴെ കാണിച്ച സാദ്ധ്യതകൾ പരിശോധിക്കാവു ന്നതാണ്.

1. ചെങ്കല്ല്, കരിങ്കല്ല്, എന്നിവ പൊട്ടിക്കുന്ന തിന്നും, സംഭരിക്കുന്നതിന്നും, വിപണനം നടത്തുന്ന തിനും നികുതി ചുമത്തൽ

2. പാരലൽ കോളജുകൾക്ക് ലൈസൻസ് ഏർ പ്പെടുത്തി നികുതി വസൂലാക്കുക.

3. പരസ്യ നികുതി നിർബന്ധമാക്കൽ.

4. സ്വകാര്യ ബാങ്കുകൾക്ക് ടേൺ ഓവർ നികുതി ചുമത്തൽ

5. ഒരു നിശ്ചിതതുകയിൽ അധികം (5ലക്ഷത്തി ൽ അധികം) നിർമ്മാണ ചെലവു വരുന്ന ഭവനങ്ങ ൾക്ക് പ്രത്യേക നികുതി ചുമത്തൽ

6. ടാക്സി സ്റ്റാൻറ് നിർമ്മിച്ച് ഫീസ് പിരിക്കൽ.

7. മത്സ്യ മാർക്കറ്റും അറവുശാലയും നിർമ്മിച്ച് ഫീസ് പിരിക്കൽ

8. തെങ്ങു കൃഷിക്ക് കനാൽ ജലം ലഭ്യമാക്കി നികുതി പിരിക്കൽ

9. റോഡ് സൈഡിലുള്ള വസ്തുക്കളുടെ ക്രയ വിക്രയത്തിൽ അധിക വിലക്കുള്ള സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ നികുതി പിരിക്കൽ

10. വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് ഏർ പ്പെടുത്തി ഫീസ് പിരിക്കൽ.

11. കാർഷികോൽപ്പന്നങ്ങൾക്കുള്ള നികുതി പഞ്ചായത്തിനു പിരിച്ചെടുക്കാൻ അനുവദിക്കൽ.

12. ആഴ്ച ചന്തകൾ ഏർപ്പെടുത്തി ഫീസ് പിരിക്കൽ.

13. സ്വകാര്യ ആശുപത്രികൾക്ക് നികുതി ചുമ ത്തൽ.

15. പഞ്ചായത്ത് ഫണ്ട് സഹകരണ ബേങ്കിൽ നിക്ഷേപിക്കാനും പലിശ വാങ്ങാനും അധികാര മുണ്ടായിരിക്കുക.

16. വിവാഹം, ഗൃഹപ്രവേശം എന്നിവയ്ക്ക് ആഢംബര നികുതി ഈടാക്കുക.

17. പരമാവധി ശ്രമദാനം വഴി പദ്ധതികൾ നടപ്പി ലാക്കൽ

18. പകിട നികുതി-ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ, സിക്രട്ടറി, മെമ്പർ, ബിൽഡിംഗ് ഓണർ അടങ്ങിയ കമ്മിറ്റി പരിശോധിച്ച് ഓരോ പ്രദേശത്തും നല്കുന്ന അഡ്വാൻസ് തുക കണക്കാക്കുക. ഒരു ശതമാനം നികുതിയെങ്കിലും ഏർപ്പെടുത്തേണ്ടതാണ്. വല്ല വരുമാനവും ഇതുമൂലം ഗ്രാമ പഞ്ചായത്തിന്നു ലഭിക്കുന്നതാണ്.

19. വാർഷിക വിറ്റു വരവ്,- ഓരോവർഷവും അതാത് സമയത്ത് പഞ്ചായത്ത് ഭരണ സമിതി മുമ്പാ കെ കച്ചവടക്കാർ സമർപ്പിക്കേണ്ടതാണ്. ഇതു മൂലം വരുമാനം വർദ്ധിക്കുന്നതാണ്.

ചെലവുകൾ ക്രമീകരിക്കൽ

വരുമാനത്തിൽ അധികം വരുന്ന ചെലവുകൾ പഞ്ചായത്തുകളെ തളർത്തുകയാണ്. ഈ റിപ്പോർട്ട് തയ്യാറാക്കാമ്പോൾ നമ്മുടെ പഞ്ചായത്ത് ഏതാണ്ട് മൂന്നരലക്ഷത്തോളം രൂപയുടെ മൈനസ് ഫണ്ടുമാ യാണ് കഴിയുന്നത്. നിത്യനിദാന ചെലവുകൾ വർദ്ധിച്ചു വരുന്നതാണ് അതിനു മുഖ്യ കാരണം.

ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, ഭരണ സമിതി അംഗങ്ങളുടെ ഹോണറേറിയം, യാത്രാ ബത്ത, വൈദ്യുതി, പത്രമാസികകൾ, എന്നിവയുടെ ആവർത്തന ചെലവുകളും സെമിനാറുകൾ, സാക്ഷ രതാ പ്രവർത്തനം, ഉത്സവങ്ങൾ, സ്കൂൾ കൂട്ടികൾ ക്കുള്ള പാരിതോഷികം, തുടങ്ങി മറ്റനേകം ചെലവു

കളും നടത്തിക്കഴിഞ്ഞാൽ വികസന പ്രവർത്തനങ്ങൾക്ക് തുക കണ്ടെത്താൻ കഴിയാതെ വരുന്നു. അപ്പോൾ വകമാറ്റി ചെലവ് ചെയ്യാൻ പഞ്ചായത്ത് നിർബന്ധിക്കപ്പെടുന്നു. അങ്ങിനെയാണ് മൈനസ് ഫണ്ടിലേക്ക് കടക്കുന്നത്.

വൈദ്യുതിയിനത്തിൽ വലിയൊരു തുക പ്രതിമാസം ചെലവ് ചെയ്യുന്നുണ്ട്. ഇവയിൽ അധികവും കത്താത്ത തെരുവു വിളക്കുകൾക്കാണ്. കത്തുന്ന വിളക്കുകൾക്കും കത്തുന്ന സമയത്തിന്നും അനുസരിച്ച് മാത്രം ചാർജ് നൽകിയാൽ മതിയാവുന്ന സംവിധാനമുണ്ടാവണം. അങ്ങിനെയായാൽ വൈദ്യുതി ചെലവ് ഗണ്യമായി കുറയും.

പത്ര മാസികകൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. വായനാശീലമുള്ളവരുമാണ് നമ്മൾ. എന്നാൽ വായനശാലകളിൽ എല്ലാ പത്ര മാസികകളും വരുത്തുക എന്നത് പലപ്പോഴും ആവശ്യത്തിലേറെ രാഷ്ട്രീയ കാരണങ്ങളാലാണ്. ഈ മനോഭാവത്തിൽ മാറ്റമുണ്ടായാൽ പ്രധാന പ്രസിദ്ധീകരണങ്ങൾ മാത്രം വാങ്ങി ചെലവ് കുറക്കാൻ കഴിയും.

അയ്യായിരം രൂപയിൽ ഒതുക്കി ചെയ്യുന്ന റോഡുകളുടെ അറ്റക്കുറ്റപ്പണികൾ ശ്രമദാനം വഴി (ഭക്ഷണം നല്കാവുന്നതാണ്) നടത്താൻ കഴിയണം. പഞ്ചായത്ത് ഫണ്ട് പ്രധാന വികസന പ്രവർത്തനങ്ങൾക്കായി മാത്രം വിനിയോഗിക്കാൻ കഴിയേണ്ടതാണ്. അങ്ങിനെ ചെലവ് ക്രമീകരിക്കാൻ കഴിയും എന്നു മാത്രമല്ല പരമാവധി വികസന പ്രവർത്തനം സാദ്ധ്യമാവുകയും ചെയ്യും. ■

പഞ്ചായത്തിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ വരവും ചെലവും

വർഷം	1991–92	92–93	93–94	94–95	95–96
1. തനത് വരുമാനം					
(a) കെട്ടിടനികുതി	46203.00	225044.35	132456.60	132025.49	141149.77
(b) തൊഴിൽ നികുതി	37853.00	84317	54555.00	65610.00	74765.00
(b) വിനോദ നികുതി	25532.95	37144.15	44557.65	49560.00	48074.75
(b) ലൈസൻസ് ഫീ	8240.00	11194.50	8397.25	10157.50	10868.50
2. ഉപാധി രഹിത ഫണ്ട്	210000.00	220000.00	228400.00	317400.00	324190.00
3. ജെ.ആർ.വൈ.	367183	377700.00	677351.00	502980.00	554052.00
4. ഗ്രാൻറുകൾ	289698.00	288239.00	308726.00	493643.00	537495.00
5. മറ്റിനങ്ങൾ	469364.60	204001.67	189517.80	89001.41	212383.02
ആകെ	1454074.55	1825340.67	2321312.30	2163357.40	1902978.04
ചെലവ്	1200399.25	1777759.43	2637231.00	1742287.80	2048924.99
ഫണ്ട് നില	+253675.30	+47581.24	-315918.70	+421069.60	145946.95

93–94, 95–96 വർഷത്തിൽ വരവിൽ കവിഞ്ഞ ചെലവഴിച്ചതായി കാണാം.

ഗ്രന്ഥാലയം പട്ടിക

കലാസമിതിയുടെ പേര്	സ്ഥാപനവർഷം	അംഗങ്ങളുടെ എണ്ണം	സംഗീതനാടകഅക്കാദമിയുടെ അംഗീകരിം	കെട്ടിടം സ്വന്തമായുണ്ടോ	റേഡിയോ ടിവി എന്നിവ	മുഖ്യമായ പ്രവർത്തനങ്ങൾ
ASKS, നടുവണ്ണൂർ	1975	20	ഉണ്ട്	ഇല്ല	ഇല്ല	സാംസ്ക്കാരിക രംഗത്ത് സജീവമായി ഇടപെടുന്നു.
എൻ.എൻ കക്കാട് കലാസാംസ്കാരികകേന്ദ്രം	1988	–	ഇല്ല	ഇല്ല	ഇല്ല	സംവാദങ്ങൾ സംഘടിപ്പിക്കുന്നു. പ്രശ്നങ്ങളെ പക്ഷപാതരഹിതമായി സമീപിക്കുന്നു. കരുവണ്ണൂരിനെ സാംസ്കാരികരംഗത്തെ സജീവമാക്കുന്നു. ലൈബ്രറി, റീഡിംഗ്റൂം എന്നിവയുണ്ട്
ഫെലിസിറ്റി, എലങ്കമൽ			ഇല്ല	ഇല്ല	ഇല്ല	എലങ്കമൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്നു പഞ്ചായത്ത് മേളകളിൽ പങ്കെടുക്കാറുണ്ട്
സർഗ, മുണ്ടോട്ടറ			ഇല്ല	ഇല്ല	ഇല്ല	പ്രവർത്തനമുണ്ട്
ഗ്രാമധ്വനി, കാവിൽ			ഇല്ല	ഇല്ല	ഇല്ല	സംവാദങ്ങൾ സംഘടിപ്പിക്കുന്നു
സമഭാവന, കാവിൽ			ഇല്ല	ഇല്ല	ഇല്ല	പുതുമയേറിയ പരിപാടികൾ സംഘടിപ്പിക്കാൻ ശ്രമിക്കാറുണ്ട് 'വെൽക്കം 96' ഉദാഹരണം.
ശ്രീ രഞ്ജിനി കാവിൽ			ഇല്ല	ഇല്ല	ഇല്ല	തബല, ഹാർമ്മോണിയം എന്നിവയിൽ ക്ലാസ്സ് നൽകിവരുന്നു.
സഹശ്രീ, കരുവണ്ണൂർ			ഇല്ല	ഇല്ല	ഇല്ല	പ്രവർത്തിക്കുന്നു.
യുവചേതന			ഇല്ല	ഇല്ല	ഇല്ല	പ്രവർത്തിക്കുന്നു.
കലിക			ഇല്ല	ഇല്ല	ഇല്ല	പ്രവർത്തിക്കുന്നു.
തുഷാര നടുവണ്ണൂർ			ഇല്ല	ഇല്ല	ഇല്ല	സ്പോർട്സ് രംഗത്ത് സജീവം.
എൻ ആർ സി നടുവണ്ണൂർ			ഉണ്ട്	ഇല്ല	ഇല്ല	വോളീബോളിലൂടെ അഖിലേന്ത്യാതലത്തിലേക്ക് നടുവണ്ണൂരിനെ ഉയർത്തിയ ക്ലബ്ബ്. പ്രവർത്തനം സജീവം
ഉപാസന കാവിൽ			ഇല്ല	ഇല്ല	ഇല്ല	ഇടക്കാലതേത് പ്രവർത്തനം നിലച്ചു.
സമത കരുമ്പൊയിൽ	1993	25	ഇല്ല	ഇല്ല	ഇല്ല	പ്രവർത്തിക്കുന്നു.
സമന്വയ കരുവണ്ണൂർ			ഇല്ല	ഇല്ല	ഇല്ല	പ്രവർത്തിക്കുന്നു.
രാജീവ് ഗാന്ധി സ്മാരക നിലയം കാവിൽ			ഇല്ല	ഇല്ല	ഇല്ല	
ലിബറൽ തിയറ്റേഴ്സ് നടുവണ്ണൂർ	1970		ഇല്ല	ഇല്ല	ഇല്ല	പ്രവർത്തിക്കുന്നില്ല.
വോയ്സ് ഓഫ് വെള്ളോട്ടങ്ങാടി	1996		ഇല്ല	ഇല്ല	ഇല്ല	പ്രവർത്തിക്കുന്നു
പ്രയദർശിനി കാവിൽ			ഇല്ല	ഇല്ല	ഇല്ല	
ജനരഞ്ജനാ തിയറ്റേഴ്സ് നടുവണ്ണൂർ			ഇല്ല	ഇല്ല	ഇല്ല	പ്രവർത്തിക്കുന്നു
രംഗവേദി നടുവണ്ണൂർ			ഇല്ല	ഇല്ല	ഇല്ല	പഞ്ചായത്ത് മേളകളിൽ പങ്കെടുക്കറുണ്ട്. ഓണാഘോഷം സംഘടിപ്പിക്കറുണ്ട്.
ദർശന കരുവണ്ണൂർ	1990		ഇല്ല	ഇല്ല	ഇല്ല	പ്രവർത്തിക്കുന്നില്ല.
രാജീവ് വിചാർവേദി			ഇല്ല	ഇല്ല	ഇല്ല	
യുവകലാസാഹിതി	1995		ഇല്ല	ഇല്ല	ഇല്ല	പ്രവർത്തിക്കുന്നു.
പുരോഗമന കലാ സാഹിത്യ സംഘം		ഇല്ല	ഇല്ല	ഇല്ല		
സ്കോർ വെൽ നടുവണ്ണൂർ			ഇല്ല	ഇല്ല	ഇല്ല	



IA

അങ്ങേയറ്റം ദാരിദ്ര്യം അനുഭവിക്കുന്നവർക്ക്പോലും
ഇത് ഞങ്ങളുടെ നാടാണെന്നും
ഇത്രുപപ്പെടുത്തുന്നതിൽ തങ്ങൾക്കും
മഹത്തായൊരു പങ്കുണ്ടെന്ന്വിശ്വസിക്കുന്ന
ഒരുഭാരതത്തിന്വേണ്ടി,
ഉയർന്നവർഗ്ഗവും, താണവർഗ്ഗവുമില്ലാത്ത
ഒരുഭാരതത്തിന്വേണ്ടി,എല്ലാസമുദായങ്ങളും
തികഞ്ഞ മൈത്രിയിൽവർത്തിക്കുന്ന
ഒരുഭാരതത്തിന്വേണ്ടി ഞാൻപ്രയത്നിക്കും

— മഹാത്മാഗാന്ധി —